Ksmart

തീയതി : 01-06-2026
നമ്പർ : 15/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു സാധാരണ യോഗം 2026 ജൂൺ മാസം 06-ാം തീയതി ശനിയാഴ്ച 11:00 AM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## അജണ്ട

## സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

1. 15-05-2026 തീയതിയിലെ നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

2. 20-05-2026 തീയതിയിലെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

## വിഷയങ്ങൾ

3. **വിഷയം (ഫയൽ നമ്പർ - 1631310-2025)**

   തൃശൂർ മുൻസിപ്പൽ കോർപ്പറേഷൻ- ആരോഗ്യവിഭാഗം- 31/01/2026 ന് സർവീസിൽനിന്നും വിരമിച്ച സാനിറ്റേഷൻ ജീവനക്കാരനായ ശ്രീ.പി.കെ. ദാസമണി - എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

   **വിവരണം**

   തൃശൂർ മുൻസിപ്പൽ കോർപ്പറേഷൻ- ആരോഗ്യവിഭാഗം-നാലാം സർക്കിളിൽനിന്നും 31/01/2026 ന് വിരമിച്ച സാനിറ്റേഷൻ വർക്കറായ ശ്രീ.പി.കെ. ദാസമണി എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ

ചെയ്യുന്നു 168-2026 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് അംഗീകരിച്ച പെൻഷൻ ആനുകൂല്യങ്ങൾ ശ്രീ.പി.കെ. ദാസമണി എന്നവർക്ക് അനുവദിക്കുന്നതിനുള്ള അനുമതിക്കായി വിഷയം ബഹു. കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു

Pension - 17917 /-
DCRG - 689788/-
Commutation - 843582/-
Commutation period - 01/02/2026 to 31/01/2033
Pension after Commutation = 10751/- + DR
Family Pension HR = 17 917 /- upto 01.01.2033
NR = 15420 /- and thereafter

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

4. **വിഷയം (ഫയൽ നമ്പർ - 3200137-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - അമൃത് പദ്ധതിയിൽ കുടിവെള്ള കണക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

KWA - EE യുടെ 28.02.2026 ലെ A6-2095/2022 നം കത്ത് പ്രകാരം അമൃത് 2.0 പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകൽ, അയതിന് ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ എന്നിവക്കും, ആയതുമായി ബന്ധപ്പെട്ട റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റിയുടെ തൃശ്ശൂർ പി എച്ച് ഡിവിഷൻ പരിധിയിൽ വരുന്ന കോർപ്പറേഷൻ ഡിവിഷനിലെ കുടിവെള്ള കണക്ഷൻ ആവശ്യമുള്ളവരുടെ പട്ടിക അവരുടെ പേര്,വിലാസം,ഫോൺ നമ്പർ എന്നിവ ഉൾകൊള്ളുന്ന ഡിവിഷൻ തിരിച്ചുള്ള കോർപറേഷൻ അംഗീകരിച്ച ലിസ്റ്റ് നൽകുന്നതിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിവിഷൻ കൌൺസിലർമാർ നൽകിയ താഴെ പറയും പ്രകാരമുള്ള ലിസ്റ്റ് കൌൺസിൽ അംഗീകാരത്തിനായി

**1)** ഡിവിഷൻ - 51- എ . പ്രസാദ് - 4 കണക്ഷന്റെ ലിസ്റ്റ് (നോട്ട്- 91)
**2)**ഡിവിഷൻ - 51- എ . പ്രസാദ് - 7 പേരുടെ ലിസ്റ്റ്
**3)** ഡിവിഷൻ - 52 - സാജൻ സി ജോർജ് - 21 പേരുടെ ലിസ്റ്റ്
**4)** ഡിവിഷൻ - 13 - നീതു കെ- 47 പേരുടെ ലിസ്റ്റ്
**5)** ഡിവിഷൻ - 43 - പത്മിനി ഷാജി - 1 ആളുടെ ലിസ്റ്റ്
**6)** ഡിവിഷൻ - 41 - സിജിത്ത് എം എസ് - ടി ഡിവിഷനിൽ എല്ലാ കുടുംബങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് .- 56 പേരുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്.

കൂടാതെ പുതിയ പൈപ്പ് ലൈൻ വലിക്കുന്നതിനായി ആവശ്യപ്പെട്ട സ്ഥലങ്ങൾ താഴെ ചേർക്കുന്നു.

★ വടൂക്കര പുത്തൻ റോഡ് ബൈ ലൈൻ ഇ എം എസ് റോഡ് പുത്തൻകുളം വഴിയും ബൈ ലൈനുകളും വടൂക്കര ശ്മശാനം വഴിയിലെ ബൈലൈനുകൾ (അമ്മനത്ത്) വടൂക്കര എസ്.എൻ. നഗർ പീസ് ഗാർഡൻ വടൂക്കര എസ്. എൻ നഗർ ബൈ ലൈനുകൾ (റേഷൻ കടി മുതൽ പ്രഭു വീട് വരെ)

★ ഗുരുദേവ നഗർ

★ വടൂക്കര ലാസ്റ്റ് ബസ്സ്റ്റോപ്പ് ബൈലൈൻ

★ വടൂക്കര പുത്തൻ റോഡ് ബൈലൈൻ (അനിൽ തെറ്റേക്കാടൻ)

**7)** ഡിവിഷൻ - 35 - ശ്രീമതി മൂംതാസ് - 7 പേരുടെ ലിസ്റ്റ്

**8)**ഡിവിഷൻ - 35 - ശ്രീമതി മൂംതാസ് - 7 പേരുടെ ലിസ്റ്റ്

**9)** ഡിവിഷൻ - 47- ശ്രിമതി ലാലി ജെയിംസ് - 55 പേരുടെ ലിസ്റ്റ്

**10)** ഡിവിഷൻ 3 - കൃഷ്ണ മോഹൻ എ വി - 6 പേരുടെ ലിസ്റ്റ്

**11)** ഡിവിഷൻ 46- കെ സുമേഷ് - 7 പേരുടെ ലിസ്റ്റ്

**12)**ഡിവിഷൻ 24- ഷോമി ഫ്രാൻസിസ് - 5 പേരുടെ ലിസ്റ്റ്

**13)** ഡിവിഷൻ 24 - ഷോമി ഫ്രാൻസിസ് - 2 പേരുടെ ലിസ്റ്റ്

**14)** ഡിവിഷൻ 29 - രശ്മി ഉണ്ണികൃഷ്ണൻ - 36 പേരുടെ ലിസ്റ്റ്

**15**) ഡിവിഷൻ 27 - പ്രവീൺലാൽ കെ - 37 പേരുടെ ലിസ്റ്റ്

**16)** ഡിവിഷൻ 8- സിന്ധു തൈക്കാടൻ - 3 പേരുടെ ലിസ്റ്റ്

**17)**ഡിവിഷൻ 43 - പത്മിനി ഷാജി - 14 പേരുടെ ലിസ്റ്റ്

**18**) ഡിവിഷൻ 51 - എ . പ്രസാദ് - 4 പേരുടെ ലിസ്റ്റ്

**19)** ഡിവിഷൻ 40 - വിൻഷി അരുൺകുമാർ - 6 പേരുടെ ലിസ്റ്റ്

20)ഡിവിഷൻ 8 - സിന്ധു തൈക്കാടൻ - 3 പേരുടെ ലിസ്റ്റ്

21)ഡിവിഷൻ 43 - പത്മിനി ഷാജി - 24പേരുടെ ലിസ്റ്റ്

22) ഡിവിഷൻ 16- സൌമ്യ പ്രദീഷ് - 100 പേരുടെ ലിസ്റ്റ്

23)ഡിവിഷൻ 19- 8 പേരുടെ ലിസ്റ്റ്

24) ഡിവിഷൻ 43 പത്മിനി ഷാജി - 4 പേരുടെ ലിസ്റ്റ്

25)ഡിവിഷൻ 43- പത്മിനി ഷാജി - 1 ആളുടെ ലിസ്റ്റ്

5. **വിഷയം (ഫയൽ നമ്പർ - 4231405-2026)**

തൃശ്ശൂർ കോർപ്പറേഷൻ 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ ടെണ്ടർ / റീടെണ്ടർ എന്നിവക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ 21.02.2026,

17.03.2026, 23.03.2026, 24.04.2026 തിയ്യതികളിലെ ടെണ്ടർ /റീടെണ്ടർ എന്നിവ്ക്ക് തയ്യാറാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ പട്ടിക ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നതിലെക്കായി സമർപ്പിക്കുന്നു.

| നമ്പർ | ഫയൽ നമ്പർ | പ്രൊജക്റ്റ് നമ്പർ | ഡിവിഷൻ | പ്രവൃത്തിയുടെ പേർ | അടങ്കൽ തുക | Quoted Rate | കരാറുകാരുടെ പേര് |
|---|---|---|---|---|---|---|---|
| Tender opening Date 21.02.2026 | | | | | | | |
| 1 | PW1-866397/26 | 141/26 (MG®) | 27 | തൃശ്ശൂർ കോർപ്പറേഷൻ 2025-26 ഒല്ലൂർ സോണൽ ഡിവിഷൻ 27 റീടാറിംഗ് ഓഫ് ടി കെ വീ നഗർ റോഡ് റീച്-2 AC റോഡ് | 847216 | 847205.8 | DILEEP KUMAR K V |
| 2 | PW4-256699/26 | MP LADS | 23 | തൃശ്ശൂർ കോർപ്പറേഷൻഫാത്തിമനഗർ ജംഗ്ഷൻ ഡിവിഷൻ 23 മിഷൻ ക്വോർട്ടേഴ്സ്, CSI saints cemetery | 825658 | 658351.5 | MENORAH POWER |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ജംഗ്ഷനിൽഓരോ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ( EST ID: 141362/ 2025_6_ 1_1) | | | |
| 3 | PW4-1123278/26 | MP LADS | 36 | തൃശ്ശൂർ കോർപ്പറേഷൻ 3 സ്ഥലങ്ങളിൽ 6 M low mast ലൈറ്റ് സ്ഥാപിക്കൽ. (1.NSS Karayogam office,padinjarechira road, 2.near nandhanam auditorium, marar road, 3.near sree sankara hall padinjarechira | 368819 | 294360 | MENORAH POWER |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | road.) 8 M മിനിമസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ near kausthubham auditorium, west palace road | | | |
| 4 | PW4-597082/26 | MP LADS | 37 | തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 37 ൽ 6 M,' Low മസ്റ്റ് 3 എണ്ണം സ്ഥാപിക്കൽ.(1. Devi nagar, Moonnukutti road .2. in front of vaidyuthi bhavan and 3. near vaniyan lane.) | 256949 | 203964 | MENORAH POWER |
| 5 | PW4-254570/26 | MP LADS | 37 | തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 37 ൽ | 330075 | 248742.3 | MERKURY ELECTRICAL |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 8 M മിനി മാസ്റ്റ് 120w x 4 flood lamps 3 എണ്ണം സ്ഥാപിക്കൽ. (1.Near poonkunnam church in poonkunnam road, 2.Highschool link road, and 3. near namboodiri vidyalayam kottappuram. | | | CORPORATION |
| 6 | PW1-3745533/26 | 2066/26 (DEV. FUND) | 24 | ഡിവിഷൻ 24 - മിനിമാസ്റ്റ് സൌഹൃദ ലൈൻ | 206837 | 167032.1 | MENORAH POWER |
| 7 | PW5-362979/26 | OWN FUND | | തൃശ്ശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ | 1694530 | 1694530 | DILEEP KUMAR K V |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വിവിധ റോഡുകളിൽ അടിയന്തിര patch work. (Re tender) | | | |
| 8 | PW4-258124/26 | MP LADS | 53 | തൃശ്ശൂർ കോർപറേഷൻ അയ്യന്തോൾ സോണൽ ഡിവിഷൻ 53 ൽ 6x200 W LED ഫ്ലഡ് ലൈറ്റോടുകൂടിയ രണ്ട് 12 മീറ്റർ ഹൈ മസ്റ്റ് സ്ഥാപിക്കൽ (ഉദയനഗരിനടുത്ത് 12th A ക്രോസ്സ് , സിവിൽ സ്റ്റേഷനടുത്ത് CRA junction) | 832908 | 658351.5 | MENORAH POWER |
| 9 | PW4-262698/26 | MP LADS | 1 | തൃശ്ശൂർ കോർപറേഷൻ | 825658 | 691292.1 | MERKURY ELECTRI |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഡിവിഷൻ1 ൽ 6x200 W LED ഫ്ലഡ് ലൈറ്റോടുകൂടിയ രണ്ട് 12 മീറ്റർ ഹൈ മസ്റ്റ് സ്ഥാപിക്കൽ ( വിവേകാനന്ദ ആശ്രമത്തിനു എതിർവശം ആശ്രമം ലൈൻ , ഹരിത നഗർ സെക്കന്റ് ക്രോസ്സ്. | | | CAL CORPORATION |
| 10 | PW4-262997/26 | MP LADS | | തൃശ്ശൂർ കോർപറേഷൻ ഡിവിഷൻ1 ൽ 1000W X 3 Nos 4 Low മസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ( 1.Opposite temple Avanue road ,Udhaya | 352681 | 282952 | MENORAH POWER |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | nagar main road, 2.Near AKG Nagar main road, Udhayanagar ,3.Near Enarc Apartments in Muruga nagar and 4. Inside AKG near elecrtic post no MUN19 | | | | |
| 11 | PW4-1262486/26 | 407/26 (MG®) | 41 | തൃശൂർ കോർപ്പരേഷൻ കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 41 സ്വരാജ് വട്ടപ്പിന്നി ജങ്ങ്ഷൻ റോഡിൽ കാനക്ക് കവർ സ്ലാബ് ഗ്രിൽ ചെയ്യു | 253656 | 253656.4 | AJAY KUMAR K | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ന്ന പ്രവൃത്തി | | | |
| 12 | PW4-4969698/25 | 519/26 (MG®) | 44 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 44 പ്രതിഭ ബേബി ലാൻഡ് ഹരിശ്രീ സ്നേഹ എന്നീ അംഗൻവാടികളുടെ ചുറ്റുമതിൽ നിർമ്മിക്കലും നവീകരണവും | 248981 | 232228 | BIJU JOSE |
| 13 | PW4-446605/26 | MP LADS | 53 | തൃശ്ശൂർ കോർപറേഷൻ ഡിവിഷൻ 53 ൽ 3X100W LED ഫ്ലഡ് ലൈറ്റുള്ള 7 നമ്പർ 6മീറ്റർ Lowമാസ്റ്റ് | 599577 | 478324 | MENORAH POWER |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | സ്ഥാപിക്കൽ.1. കണ്ണത്ത് ലൈൻ ,CRA ബൈ ലൈൻ near സിവിൽസ്റ്റേഷൻ,കാർത്യായനി റോഡിനടുത്ത് കഞ്ഞിരപ്പള്ളം റോഡ് Tenjith കാവ് അമ്പലത്തിനടുത്ത് mangot lane and തൃക്കാർത്തിക നഗർ | | | | |
| 14 | PW4-263674/26 | MP LADS | | തൃശ്ശൂർ കോർപറേഷൻ ഡിവിഷൻ 23 & 35, 6 M Low mast lights സ്ഥാപിക്കൽ. (1.Bright junction division 23,missi | 342599 | 273800 | MENORAH POWER | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | on quarters .2.Everest corner,division 35,mission quarters .3.St.joseph convert school junction divission 35 mission quarters .4.Temple town junction division 35 mission quarters .) | | | | |
| Tender opening Date 17.03.2026 | | | | | | | | |
| 15 | PW4-5692437 /25 | 1411/26 (DEV. FUND) | 48 | തൃശ്ശൂർ കോർപ്പറേഷന് 2024-25 അയ്യന്തോള് ഡിവിഷന് 48 എ എൽ യു പി എസ് പുതൂർക്കര സ്ററാഫ് റൂം നിർമ്മാ | 246523 | 252921 | BIJU JOSE | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ണം (Electrical work) ( Re tender) | | | |
| 16 | PW7-1462563/26 | 877/26 (OWN FUND) | | തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ മാറ്റാംപുറം FSTP പ്ലാന്റിൽ ശുചിമുറി നിർമാണം ( Re tender) | 762372 | 738502.8 | AKHIL SASI T.S |
| 17 | PW5-1742343/26 | 2212/26 (DEV. FUND) | 34 | ഡിവിഷൻ 34കണ്ണംകുളങ്ങര സൌത്ത് ഗാർഡൻ ഐറിഷ് ഡ്രയിൻ നിർമ്മാണം | 152064 | 152063.7 | DILEEP KUMAR K V |
| 18 | PW6-2072030/26 | 2226/26 (DEV. FUND) | | അങ്ങണവാടി നം 384042 എന്നിവയുടെ അടിസ്ഥാന സൌക | 732454 | 642836.1 | THAZHATHA GROUP |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ര്യം മെച്ചപ്പെടുത്തൽ ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ | | | |
| 19 | PW3-5578832/25 | 1852/26 (DEV. FUND) | 35 | തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 35 ഗോസായികുന്ന് കോളനി കുടിവെള്ള പദ്ധതി (Electrical work) | 123713 | 123713.2 | BINSON JOSEPH |
| 20 | PW8-1777017/25 | own fund | | തൃശ്ശൂർ sub-treasury office ഇലക്ട്രിക്കൽ renovation work | 324488 | 356936.8 | T AND C ELECTRICS |
| 21 | PW8-2202109/26 | 665/26 (DEV. FUND) | 36 | തൃശ്ശൂർ കോർപ്പറേഷൻ സെൻട്രൽ സോണൽ ഡിവിഷൻ 36 2025-2026 മെയിൻ | 995816 | 1060544 | T AND C ELECTRICS |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഓഫീസിലെയും വിവിധ വിഭാഗങ്ങളിലെയും ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ (PARTB) AMC for electrical installation and AC | | | |
| 22 | PW4-2149070/26 | 387/26 (MG®) | 48 | തൃശൂർ കോർപറേഷന് 2025 -26 അയ്യന്തോൾ സോണൽ ഡിവിഷൻ 48 ജി യു പി സ്കൂൾ ഒളരി ബാലൻസ് MAINTENANCE വർക്ക് (Electrical work) | 1271090 | 1270294 | Jeeson Varghese |
| 23 | PW4-708864/26 | own fund | | തൃശൂർ കോർപ്പറേഷൻ ലാലൂർ Cremato | 290378 | 319415.8 | T AND C ELECTRICS |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | rium standardization and rewiring | | | |
| 24 | PW2-2207461/26 | AMRUT FUND | | തൃശൂർ കോർപ്പറേഷൻ വെസ്റ്റ് സോണൽ കൊക്കാല കുളംപുനരുദ്ധാരണം. | 5252823 | 4976200 | t.l. rappai |
| 25 | PW5-2203590/26 | 2190/26 (DEV. FUND) | | ഒല്ലക്കര സോണൽ കാലത്തോട് പാക്സ് സ്ട്രീറ്റ് കാന നവീകരണം . | 3387294 | 3079807 | K.A. MOHAMED |
| Tender opening Date 23.03.2026 | | | | | | | |
| 26 | PW3-2360447/26 | 530/27 OWN FUND | 3 | തൃശൂർകോർപ്പറേഷൻ 2026-27 ഈസ്റ്റ് സോൺ ഡിവിഷൻ 3 റൈൻബോ കോളനി വാരിയം ലൈൻ | 54791 | 54790.68 | AMAL T S |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | റെയിൽവേ തോട് വൃത്തിയാകൽ പ്രവർത്തി | | | |
| 27 | PW3-2360898/26 | OWN FUND | | തൃശൂർകോർപ്പറേഷൻ 2026-27 ഈസ്റ്റ് സോൺ സിദ്ധാർത്ഥ അവന്യൂ റോഡ് മുതൽ ഗോസായികുന്നുതുരുത്ത് തോട്,st. ജോസഫ് സ്ട്രീറ്റ് മുതൽ പട്ടാളകിണർ റോഡ് തോട്,മുണ്ടുപാലം മുതൽ കണൻ കുലങ്കര junction റോഡ് കാന വൃത്തയാക്കുന്ന | 104893 | 104893 | AMAL T S |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | പ്രവർത്തി. | | | |
| 28 | PW3-2372637/26 | CENTRALLY SPONSORED SCHEME FUND | | കുരിയച്ചിറ ഒ ഡബ്ലിയു സി പ്ലാന്റി ലെ ലാന്റ് സ്കേപ്പ് പ്രവർത്തി പൂർത്തീകരണം | 847254 | 846698.6 | SREE VALSAN KV |
| 29 | PW2-1652001/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 റാം നഗർ മുതൽ എം എൽ എ റോഡ് വരെ തോട് ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | 124890 | 124881.1 | SUDHEER PB |
| 30 | PW2-1652332/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 പെരിങ്ങാവ് തോട് കുണ്ടു | 109414 | 109409.7 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വാറ തോട് ക്ലീനിംഗ് ഘട്ടം 2 ഡിവിഷൻ 1(Re tender) | | | |
| 31 | PW2-1652389/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 എം എൽ എ റോഡ്-പൂങ്കുന്നം ഗുരുവായൂർ റോഡ്തോട്(NEAR TENNIS COURT) ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | 69794 | 69786.24 | SUDHEER PB |
| 32 | PW2-1652411/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 ഗുരുവായൂർ റോഡ് മുതൽ ശങ്കരൻ കുളങ്ങര | 88089 | 88083.32 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ജങ്ഷൻ വരെയുള്ള ഉലക്കാതോട് ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | | | |
| 33 | PW2-1652416/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 പുളിപറമ്പ് തോട് ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | 66804 | 66797.37 | SUDHEER PB |
| 34 | PW2-1652433/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 എം എൽ എ റോഡ് തുടങ്ങി നന്ദിലത്ത് ജി മാർട്ട് വരെയുള്ള തോട് ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | 78773 | 78765.11 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| 35 | PW2-1652466/26 | | 2 | തൃശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 ഗുരുവായൂർ ഷൊർണൂർ റെയിൽവേ ലൈനിനടുത്തുള്ള പെരിങ്ങാവ് തോട്ക്ലീനിംഗ് ഡിവിഷൻ 2 (Re tender) | 111963 | 111953.3 | SUDHEER PB |
| 36 | PW2-1653078/26 | | 39 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ റെയിൽവേ ഓവർ ബ്രിഡ്ജ് മുതൽ സെക്കന്റ് ഗേറ്റ് വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 | 53378 | 53371.62 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | (Re tender) | | | |
| 37 | PW2-1653095/26 | | 39 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ ഡൌൺ ഹിൽ റോഡ് മുതൽ കിഴക്കെപ്പുറം റോഡ് വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | 80091 | 80081.52 | SUDHEER PB |
| 38 | PW2-1653116/26 | | 49 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 തൃകുമാര കുടം അമ്പലം തുടങ്ങി പാടം വരെ തോട് ക്ലീനിംഗ് ഡിവിഷൻ 49 (Re tender) | 104688 | 104669.1 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| 39 | PW2-1653141/26 | | 39 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ പി ടി ക്വാർട്ടേഴ്സ് മുതൽ വഞ്ചികുളം വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | 87927 | 87914.12 | SUDHEER PB |
| 40 | PW2-1653165/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 തൃശ്ശൂർ railway സെക്കൻഡ് ഗേറ്റ് മുതൽ വഞ്ചികുളം വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | 59588 | 59584.04 | SUDHEER PB |
| 41 | PW2-1653181/26 | | 1 | തൃശ്ശൂർ കോർപറേഷൻ | 93533 | 93516.66 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വെസ്റ്റ് സോൺ 2025-26 ഉദയനഗർ തുടങ്ങി കാഞ്ഞിരപള്ളം വരെ തോട് ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | | | |
| 42 | PW2-1653193/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 റെയിൽവേ സ്റ്റേഷൻ എഫ് സി ഐ ഗോഡൗൻ മുതൽ മെട്രോ തോട് വരെ ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | 111885 | 111866.4 | SUDHEER PB |
| 43 | PW2-1653292/26 | | 40 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണ | 129159 | 129141.5 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ൽ 2025-26 മെട്രോ ഹോസ്പിറ്റൽ മുതൽ എംസി എഫ് വരെ തോട് ക്ലീനിങ് ഡിവിഷൻ 40 (Re tender) | | | |
| 44 | PW2-1653356/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 വഞ്ചികുളം തോട് ക്ലീനിംഗ് റീച് 2 ഡിവിഷൻ 39 Reach 2 (Re tender) | 99226 | 99221.35 | SUDHEER PB |
| 45 | PW2-1653327/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 വഞ്ചികുളം തോട് ക്ലീനിംഗ് റീച് 3 | 99922 | 99912.6 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഡിവിഷൻ 39 (Re tender) | | | |
| 46 | PW2-1653331/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 വഞ്ചികുളം തോട് ക്ലീനിംഗ് റീച് 4 ഡിവിഷൻ 39 (Re tender) | 99474 | 99466.1 | SUDHEER PB |
| 47 | PW5-1647131/26 | | 32 | തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 32 ചീരാച്ചി വളവ് പുത്തൻ കുളം തോട് ക്ലീനിങ്ങ് റീച്ച് 1 (Re tender) | 109970 | 109969.6 | JOSE A O |
| 48 | PW5-1648324/26 | | 32 | തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി | 43616 | 43615.88 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | സോണൽ ഡിവിഷൻ 32 ലെ ആലും വെട്ടുവഴി റോഡ് മുതൽ പട്ടാളകിണർ റോഡിനു കുറുകെ സെന്റ് ജോസഫ് സ്കൂൾ സ്ട്രീറ്റ് വഴി സ്റ്റേറ്റ് ഹൈവേ വരെ ഉള്ള ചാൽ വൃത്തിയാക്കുന്ന പ്രവൃത്തി (Re tender) | | | |
| 49 | PW5-1653793/26 | | 32 | തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 32 സ്റ്റേറ്റ് ഹൈവേയിൽ | 94173 | 87000 | SUSHIL K K |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ആലും വെട്ടു വഴി ജംഗ്ഷന് മുതൽ പട്ടാളക്കിണർ റോഡ് ജംഗ്ഷൻ വരെയുള്ള ച്ചാൽ വൃത്തിയാക്കൽ (Re tender) | | | |
| 50 | PW5-1653861/26 | | 32 | തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ ഡിവിഷൻ 32 ചീരാച്ചി വളവ് പുത്തൻ കുളം തോട് ക്ലീനിങ്ങ് റീച്ച് 2 (Re tender) | 71850 | 66400 | SUSHIL K K |
| 51 | PW5-1653944/26 | | 33 | തൃശ്ശൂർ കോർപറേഷൻ കൂർക്കഞ്ചേരി മേഘല | 70334 | 70333.8 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഡിവിഷൻ 33 ലെ ഒല്ലൂർ കെ എൽ ഡി സി കനാൽ മുതൽ മാധവപുരം കോൾപടവ് വരെ ചാൽ വൃത്തിയാക്കൽ (Re tender) | | | |
| 52 | PW5-1653983/26 | | 33 | തൃശ്ശൂർ കോർപറേഷൻ കൂർക്കഞ്ചേരി മേഘല ഡിവിഷൻ 33 ലെ കൊവളംപാടം തോട് വൃത്തിയാക്കൽ (Re tender) | 74987 | 74987.14 | JOSE A O |
| 53 | PW5-1654014/26 | | 33 | തൃശ്ശൂർ കോർപറേഷൻ കൂർക്കഞ്ചേരി മേഘല ഡിവിഷൻ 33 | 67426 | 67426 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ലെ കൊവളംപാടം മുതൽ കെ എൽ ഡി സി കനാൽ വരെയുള്ള തോട് ക്ലീനിങ്ങ് (Re tender) | | | |
| 54 | PW5-1654075/26 | | 33 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഘലാ കാര്യാലയം ഡിവിഷൻ 33 മാധവപുരം മുതൽ മൈചൂർ വരെയുള്ള തോട് ക്ലീനിംഗ് ചെയ്യുന്ന പ്രവൃത്തി (Re tender) | 75148 | 75147.57 | JOSE A O |
| 55 | pw5-1654102/26 | | 33 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി | 41862 | 41862.46 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മേഖലാ കാര്യാലയം ഡിവിഷൻ 33 മയ്ച്ചൂർ മുതൽ മാധവപുരം ടെമ്പിൾ വരെയുള്ള തോട് ക്ലീനിംഗ് ചെയ്യുന്ന പ്രവൃത്തി (Re tender) | | | |
| 56 | PW5-1654136/26 | | 35 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഖലാ കാര്യാലയം ഡിവിഷൻ 35 മെട്രോ ചാൽ ക്ലീനിംഗ് ചെയ്യുന്ന പ്രവൃത്തി (Re tender) | 138934 | 138934.1 | JOSE A O |
| 57 | PW5 -1654148/26 | | 35 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി | 31570 | 31569.6 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മേഘലാ കാര്യാലയം ഡിവിഷൻ 35 അയ്യപ്പങ്കാവ് അമ്പലത്തിന് സമീപമുള്ള ചാല് ക്ലീനിംഗ് ചെയ്യുന്ന പ്രവൃത്തി (Re tender) | | | |
| 55 | PW5-1677535/26 | | 44 | തൃശൂർ കോർപറേഷൻകൂർക്കന്ചെരി സോണൽ ഡി44-തോട് ക്ലീനിംഗ്-കാടംകുളം-മുല്ലക്കൽ തോട് (Re tender) | 34451 | 34451.32 | JOSE A O |
| 59 | PW4-1650882/26 | | 46 | തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഡിവിഷ | 78933 | 73300.05 | SUSHIL K K |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ൻ 54 കണ്ണപുരം പെട്രോൾ പമ്പ് മുതൽ ജോർദ്ദാൻ വരെ തോട് ക്ലീനിങ് (Re tender) | | | |
| 60 | PW2-153310/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 വഞ്ചികുളം ക്ലീനിംഗ് ഡിവിഷൻ 39 Reach 1 (Re tender) | 99652 | 99640.46 | SUDHEER PB |
| 61 | PW5-1654043/26 | | 33 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഘലാ കാര്യാലയം ഡിവിഷൻ 33 കോവളം പാടം മുതൽ മാധവപുരം | 55368 | 55368.12 | JOSE A O |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ടെമ്പിൾ വരെയുള്ള തോട് ക്ലീനിംഗ് ചെയ്യുന്ന പ്രവൃത്തി (Re tender) | | | |
| 62 | PW5-1678596/26 | | 45 | തൃശൂർ കോർപറേഷൻ കെകെവൈ സോണൽ ഡി45-തോട് ക്ലീനിംഗ്-എകെജി റോഡ് അവസാന ഭാഗം (Re tender) | 9110 | 9102 | JOSE A O |
| 63 | PW2-1652363/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 മുരുഗനഗർ തോട് ക്ലീനിംഗ് reach 1 ഡിവിഷൻ 1 (Re tender) | 64791 | 64789.68 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| 64 | PW2-1653276/26 | | 40 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 മെട്രോ തോട് ബൈ ലൈൻ തോട് ക്ലീനിംഗ് ഡിവിഷൻ 40 (Re tender) | 69969 | 69966.03 | SUDHEER PB |
| 65 | PW2-1653246/26 | | 39 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോണൽ 2025-26 വഞ്ചികുളം തോട് മെട്രോ ക്ലീനിംഗ് റീച് 1 ഡിവിഷൻ 39 (Re tender) | 99332 | 99331.92 | SUDHEER PB |
| 66 | PW2-1653053/26 | | 38 | തൃശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ കോട്ടപ്പു | 52622 | 52619.78 | SUDHEER PB |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | റം ഗുരുവായൂർ റോഡ് വരെ തോട് ക്ലീനിംഗ് ഡിവിഷൻ 38 (Re tender) | | | | |
| 67 | PW2-1770881/26 | | 40 | തൃശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ ശക്തൻ സ്റ്റാന്റ് സൈഡ് മുതൽ ജോയ് പാലസ് തോട് ക്ലീനിംഗ് ഡിവിഷൻ 40 (Re tender) | 109428 | 109424.1 | SUDHEER PB | |
| 68 | PW2-1770985/26 | | 2 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ പാറക്കുളം MLA റോഡ് (Re tender) | 121284 | 121275 | SUDHEER PB | |

| | | | | | | | |
|---|---|---|---|---|---|---|---|
| 69 | PW2-1652199/26 | | 1 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ പെരിങ്ങാവ് തോട് കുണ്ടുവാര തോട് ക്ലീനിംഗ് ഘട്ടം 1 ഡിവിഷൻ 1 (Re tender) | 159796 | 159791.67 | SUDHEER PB |
| 70 | PW2-1652347/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 പെരിങ്ങാവ് തോട് കുണ്ടുവാറ തോട് ക്ലീനിംഗ് ഘട്ടം 4 ഡിവിഷൻ 1 (Re tender) | 99878 | 99874.54 | SUDHEER PB |
| 71 | PW2-1652444/26 | | | തൃശ്ശൂർ കോർപറേഷൻ 2025-26മെട്രോ ലയിൻ | 59065 | 59062.84 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | മുതല് ത്രിക്കുമാരാകുടം തോട് വരെ തോട് ക്ലീനിംഗ് (Re tender) | | | |
| 72 | PW2-1652456/26 | | 2 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 ഹരിനഗർ തോട് ക്ലീനിംഗ് ഡിവിഷൻ 2 (Re tender) | 139924 | 139917.3 | SUDHEER PB |
| 73 | PW2-1652486/26 | | 40 | തൃശ്ശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ മെട്രോ തോട് ക്ലീനിംഗ് റീച് 1 ഡിവിഷൻ 40 (Re tender) | 99459 | 99447.92 | SUDHEER PB |
| 74 | PW2-1652985/26 | | 39 | തൃശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണ | 59670 | 59667.82 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ൽ വെസ്റ്റ് ഫോർട്ട് ജംഗ്ഷൻ - MG റോഡ് - കോട്ടപ്പുറം ഓവർ BRIDGE വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | | | |
| 75 | PW2-1653002/26 | | 39 | തൃശൂർ കോർപറേഷൻ 2025-26 വെസ്റ്റ് സോണൽ വെസ്റ്റ് ഫോർട്ട് ജംഗ്ഷൻ - MG റോഡ് വരെ തോട് ക്ലീനിംഗ് ഡിവിഷൻ 39 (Re tender) | 79305 | 79301.64 | SUDHEER PB |
| 76 | PW2-1652028/26 | | 1 | തൃശ്ശൂർകോർപറേഷൻ 2025-26 വെസ്റ്റ് | 69172 | 69169.75 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | സോണൽ ശാന്തിഘട്ട് തോട് ക്ലീനിംഗ് ഘട്ടം 2 ഡിവിഷൻ 1 (Re tender) | | | |
| 77 | PW4-1651582/26 | | 50 | തൃശ്ശൂർ കോർപറേഷൻ അയ്യന്തോൾ സോണൽ ഡിവിഷൻ 50 2026-27 ശങ്കരംകുളഗര ജങ്ങ്ഷൻ മുതൽ ഉദയനഗർ വരെ ഇരുവശങ്ങളിലെയും തോട് ക്ലീനിംഗ് റീച് 4 (Re tender) | 54046 | 50164 | SUSHIL K K |
| 78 | PW2-1652022/26 | | 1 | തൃശ്ശൂർകോർപറേഷൻ 2025-26 വെസ്റ്റ് | 99380 | 99376.52 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | സോണൽ ശാന്തി ഘട്ട് തോട് ക്ലീനിംഗ് ഘട്ടം 1 ഡിവിഷൻ 1 (Re tender) | | | |
| 79 | PW2-1652365/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 മുരുഗനഗർ തോട് ക്ലീനിംഗ് ഡിവിഷൻ 1 Reach 2 (Re tender) | 64575 | 64572.77 | SUDHEER PB |
| 80 | PW2-1652374/26 | | 1 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 പൂങ്കുന്നം ഗുരുവായൂർ റോഡ് തോട്ക്ലീനിംഗ് ഡിവിഷൻ 1 (Re tender) | 69922 | 69919.34 | SUDHEER PB |

| | | | | | | | |
|---|---|---|---|---|---|---|---|
| 81 | PW2-1652448/26 | | 2 | തൃശ്ശൂർ കോർപറേഷൻ വെസ്റ്റ് സോൺ 2025-26 വ്യന്ധപുരി തോട് ക്ലീനിംഗ് ഡിവിഷൻ 2 (Re tender) | 89393 | 89390.31 | SUDHEER PB |
| Tender opening Date 24.04.2026 | | | | | | | |
| 82 | PW3-2360614/26 | | | തൃശ്ശൂർ കോർപറേഷൻ ഈസ്റ്റ് സോണൽ വിവിധ ഡിവിഷനുകളിൽ അടിയന്തിര patch work. (Retender) | 846224 | 846221.4 | DILEEP KUMAR K V |
| 83 | PW6-1640523/26 | | 11 | 2026-27 ഒല്ലൂക്കര സോണൽ ഡിവിഷൻ 12-വെള്ളായിചിറ മുതൽ കുറ്റുമുക്ക് | 79419 | 72302.64 | Shaju. K.G |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | താണിക്കുടം പുഴ വരെയുള്ള തോട് വൃത്തിയാക്കുന്ന പ്രവർത്തി (Retender) | | | |
| 84 | PW4-1651338/26 | | 50 | തൃശൂർ കോർപ്പറേഷൻ 2026-27 അയ്യന്തോൾ സോണൽ ഡിവിഷൻ 50 കൂപ്പണ്ണ റെസ്റ്റോറന്റ് അടുത്തുള്ള വന്നേരി തോട് മുതൽ പഞ്ചിക്കൽ തോട് റീച് 1 വരെ തോട് വൃത്തിയാക്കൽ (Retender) | 109579 | 109579 | RAMA CHANDRAN P V |

| | | | | | | | |
|---|---|---|---|---|---|---|---|
| 85 | PW1-1646373/26 | | 31 | തൃശൂർ കോർപറേഷൻ 2026 - 27 ഒല്ലൂർ സോണൽ ഡിവിഷൻ 31 തോട് ക്ലീനിംഗ് ഓഫ് യശോറാം ഗാർഡൻസ് തോട് മണലി പാടം-തിരുത്തൂർ ടെമ്പിൾ വഴി ചീരാച്ചി വളവ് റീച്ച് 1 (Retender) | 84465 | 84400.34 | Thomas K A |

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

6. **വിഷയം (ഫയൽ നമ്പർ - 2899033-2025)**

ഇലഞ്ഞിക്കുളം പുനരുദ്ധാരണ പ്രവൃത്തി- പദ്ധതി നമ്പർ 433/23 – Revised estimate തയ്യാറാക്കുന്നത് -ബിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖല പരിധിയിൽ ഡിവിഷൻ 18 ൽ സ്ഥിതി ചെയ്യുന്ന ഇലഞ്ഞിക്കുളം പുനരുദ്ധാരണ പ്രവൃത്തി പദ്ധതി നമ്പർ 433/23 – Revised estimate ന് അംഗീകാരം ലഭിക്കാത്തതിനാലും പ്രവർത്തന കാലാവധി അവസാനിച്ചതിനാലും ഇതുവരെ പൂർത്തീകരിച്ച അധിക പ്രവർത്തികളുടെ ബിൽ തുക അനുവദിക്കുന്നതിനും ടി

പ്രവർത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും കരാറുകാരൻ സമർപ്പിച്ചിട്ടുള അപേക്ഷ കൌൺസിൽ പരിഗണനക്ക്.

ഒല്ലൂക്കര മേഖല അസിസ്റ്റന്റ് എന്ജിനീയരുടെ റിപ്പോർട്ട് : തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂക്കര മേഖല പരിധിയിൽ ഡിവിഷൻ 18 ൽ സ്ഥിതി ചെയ്യുന്ന ഇലഞ്ഞിക്കുളം പുനരുദ്ധാരണ പ്രവൃത്തി പദ്ധതി നമ്പർ 433/23 പ്രകാരം കുളത്തിൻറെ കരിങ്കൽ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി പടിഞ്ഞാറ് വശവും, തെക്ക് വശവും പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. കിഴക്ക് വശവും , വടക്ക് വശവും കരിങ്കൽ പിച്ചിംഗ് നിലവിലുള്ളതും 5 മീറ്ററിൽ കൂടുതൽ ഉയരമുള്ളതാകുന്നു. 5 മീറ്റർ കൂടുതൽ ഉയരം വരുന്ന ഭാഗം കരിങ്കൽ ഭിത്തി നിർമ്മാണം അപ്രായോഗികവും RCC Retaining wall ആയി നിർമ്മിക്കേണ്ടതായും വരുന്നതാണ്. നിലവിൽ ടി ഭാഗം പൊളിച്ച് നീക്കി RCC Retaining wall നിർമ്മിക്കുന്നത് കരാർ വ്യവസ്ഥകൾക്ക് പ്രതികൂലവും RCC ഇനം അധികരിച്ച് നൽകുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതുമാണ്. കൂടാതെ മേൽ പ്രവൃത്തിയ്ക്ക് ടെണ്ടർ നടത്തി നിർവ്വഹിക്കുന്നതാണ് അഭികാമ്യം. നിലവിൽ മേൽ പ്രവൃത്തിയുടെ ഫണ്ട് ലോൺ ഇനത്തിലാണ് നിലനിൽക്കുന്നത്. മേൽ കാരണങ്ങളാൽ കരാറുകാരൻറെ അപേക്ഷ പ്രകാരം പ്രവൃത്തി കാലാവധി പൂർത്തീകരിച്ചതിനാലും കനാലിൽ വെള്ളം വിടുന്ന സാഹചര്യം നിലവിലുള്ളതിനാലും , ഇതുവരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചതിൻറെ ബിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും, നിലവിലുള്ള മേൽ പ്രവൃത്തി ആയത് പ്രകാരം ഫൈനൽ ബിൽ അനുവദിക്കുന്നതിനുമുള്ള നടപടികൾക്കായി റിപ്പോർട്ട് സമർപ്പിക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

എ ഇ റിപ്പോർട്ട് നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

7. **വിഷയം (ഫയൽ നമ്പർ - 2359691-2026)**

pc4-സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ സാമൂഹ്യസുരക്ഷാ പെൻഷൻ വിഭാഗം **സ്ത്രീസുരക്ഷാ പെൻഷൻ** അനുവദിക്കുന്നതിനായി സേവന സോഫ്റ്റ്‌വെയറിൽ സമർപ്പിച്ച അപേക്ഷകളിൽ വെരിഫിക്കേഷൻ പൂർത്തീകരിച്ച **887** അപേക്ഷകൾ ബഹു : കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു .**ലിസ്റ്റ് അന്യത്ര ചേർക്കുന്നു .**

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

8. **വിഷയം (ഫയൽ നമ്പർ - 83935-2026)**

തൃശൂർ ചിയ്യാരം വില്ലേജ് ഓഫിസ് സ്മാർട്ട് വില്ലേജ് ഓഫിസ് നവീകരിക്കുന്നതിനാൽ താത്കാലികമായി പ്രവർത്തിക്കുന്നതിന് നഗര സഭ കെട്ടിടം അനുവദിച്ചു നൽകുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ ചിയ്യാരം വില്ലേജ് ഓഫിസ് സ്മാർട്ട് വില്ലേജ് ഓഫിസ് ആക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസ് നവീകരണം നടത്തുന്നതിനാൽ താൽക്കാലികമായി വില്ലേജ് ഓഫിസ് പ്രവർത്തിപ്പിക്കുന്നതിന് നഗര സഭയുടെ ഉടമസ്ഥതയിലുള്ള പകൽവീട്(ഓൾഡ് DV -33) കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള ഹാൾ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ചു ബഹു.തൃശൂർ തഹസിൽദാരുടെ കത്ത് ലഭിച്ചിട്ടുണ്ട് വിഷയം ബഹു.കൗൺസിലിന്റെ പരിഗണനയ്ക്കായി

കുറിപ്പ് : ബഹു.തൃശൂർ തഹസിൽദാരുടെ 01/01/2026 ലെ TLKTSR/2582/2025-A8 നമ്പർ കത്ത്

9. **വിഷയം (ഫയൽ നമ്പർ - 5017332-2025)**

തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ന്യു പട്ടാളം മാർക്കറ്റിലെ 74 നമ്പർ കടമുറിയുടെ ലൈസൻസിമാറ്റവുമായി ബന്ധപ്പെട്ടുള്ള കൗൺസിൽ തീരുമാനത്തിന്റെ തിരുത്തലിനായി

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ന്യു പട്ടാളം മാർക്കറ്റിലെ 74 നമ്പർ കടമുറിയുടെ ലൈസൻസിയായിരുന്ന ശ്രീ.കെ.കെ.ഡേവീസ് ,കുണ്ടുകുളങ്ങര ഹൗസ് എന്നവർ 05/09/2025 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണ് .ടിയാളുടെ പേരിലുള്ള ലൈസൻസ് ടിയാന്റെ ഭാര്യയായ ബേബി ഡേവീസ് എന്നവരുടെ പേരിലേക്ക് മാറ്റുന്നതിനുള്ള 09/03/2026 തീയതിയിലെ 22 നമ്പർ തീരുമാനത്തിൽ ലൈസൻസ് കൈമാറ്റം എന്നതിന് പകരം കച്ചവടമറ്റം എന്നാണ് തീരുമാനം വന്നിരിക്കുന്നത്.കൗൺസിൽ തീരുമാനത്തിൽ തിരുത്തൽ വരുത്തി കച്ചവട മാറ്റത്തിനു പകരം ലൈസൻസ് മാറ്റം എന്നാക്കേണ്ടതാണെന്നുള്ള വിഷയം പരിഗണനയ്ക്കായി .

10. **വിഷയം (ഫയൽ നമ്പർ - 4411131-2026)**

PC2-തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആസൂത്രണ വിഭാഗം - 2025-26 വാർഷിക പദ്ധതി നിർവ്വഹണം- കൃഷിയുമായി ബന്ധപ്പെട്ട പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതിനാൽ കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിക്കുന്നതിന് ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത്- സംബന്ധിച്ച്.

**വിവരണം**

2025-26 വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൌൺസിൽ അംഗീകാരം ലഭിച്ച വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റിൽ കൃഷിയുമായി ബന്ധപ്പെട്ട പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതിനാൽ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കോർപ്പറേഷൻ പരിധിയിലെ 6 കൃഷിഭവനുകളിലായി താഴെ പറയുന്ന പദ്ധതികൾക്ക് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു. കൌൺസിൽ മുമ്പാകെ.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
|---|---|---|
| 1 | 269/26 | സമഗ്ര നെൽകൃഷി |

| | | |
|---|---|---|
| | | വികസന പദ്ധതി |
| 2 | 270/26 | സമഗ്ര കേരകൃഷി വികസന പദ്ധതി |
| 3 | 272/26 | സമഗ്ര വാഴകൃഷി വികസന പദ്ധതി |
| 4 | 273/26 | സമഗ്ര പച്ചക്കറി വികസന പദ്ധതി |
| 5 | 284/26 | ഇടവിളകൃഷി വികസന പദ്ധതി |
| 6 | 299/26 | മൂന്നാം വിള - പാടശേഖരങ്ങളിൽ പയർ, എളള് കൃഷി വ്യാപനം |
| 7 | 342/26 | വിള ആരോഗ്യ പരിപാലനകേന്ദ്രം |
| 8 | 348/26 | പോഷകസമൃദ്ധി മിഷൻ |
| 9 | 952/26 | HDPE ഗ്രോബാഗുകളിൽ പച്ചക്കറി |

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

11. **വിഷയം (ഫയൽ നമ്പർ - 2851933-2026)**

തൃശ്ശൂർ കോർപ്പറേഷൻ- ആരോഗ്യവിഭാഗം- ബാക്ക്ഹോലോഡറിന്റെ രജിസ്ട്രേഷൻ , ഇൻഷുറൻസ് തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ **884/2025 പദ്ധതി നമ്പർ** പ്രകാരം കോർപ്പറേഷനിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ബാക്ക്ഹോ ലോഡറിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ് മുതലായ ആവശ്യങ്ങൾക്കായി ശ്രീമതി. ഷിബി.ടി.എസ്, PHI, Gr II ന് ബഹു.മേയറുടെ മുൻകൂർഅനുമതിപ്രകാരം 100000 രൂപ അഡ്വാൻസ് അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ ചെലവായ 59057.24 രൂപയുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ ടിയാരി സമർപ്പിച്ചിട്ടുണ്ട്. ബാക്കി തുകയായ 40943 രൂപ നഗരസഭാഫണ്ടിലേക്ക് 20/05/2026 ലെ രസീത് നമ്പർ R-C080100-26041665 പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിച്ച് അഡ്വാൻസ് ക്രമീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനക്കായി.

കുറിപ്പ് : 1. ബഹു.മേയറുടെ 25/3/26 ലെ മുൻകൂർ അനുമതി

2. ക്ലീൻസിറ്റി മാനേജരുടെ 25/3/26 ലെ ഉത്തരവ് നടപടികൾ

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

12. **വിഷയം (ഫയൽ നമ്പർ - 2891826-2026)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം - തൃശ്ശൂർ പൂരം 2026 - സംഭാര വിതരണം നടത്തുന്നതിനും , പൂരം ഡ്യൂട്ടി നോക്കുന്ന ജീവനക്കാർക്ക് ഭക്ഷണം ക്രമീക്കരിക്കുന്നതിനുമായി - ബഹു.മേയറുടെ മുൻകൂർ സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സൂചന : ബഹു.മേയറുടെ മുൻകൂർ അനുമതി
തൃശ്ശൂർ കോർപ്പറേഷൻ പൊതുജനാരോഗ്യവിഭാഗം തൃശ്ശൂർ പൂരം 2026 നോട് അനുബന്ധിച്ച് സംഭാര വിതരണം നടത്തുന്നതിനും , പൂരം ഡ്യൂട്ടി നോക്കുന്ന ജീവനക്കാർക്ക് ഭക്ഷണം ക്രമീക്കരിക്കുന്നതിനുമായി സീനീയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജയപ്രകാശ് ജെ എന്നവരെ ചുമതലപ്പെടുത്തിയിരുന്നതും , ടി പ്രവൃത്തിക്കായി ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം ടിയാന് 250000/- ( രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അഡ്വാൻസായി അനുവദിച്ചിട്ടുള്ളതാണ് . ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി മുൻകൂർ തുക അനുവദിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

13. **വിഷയം (ഫയൽ നമ്പർ - 4324199-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആസൂത്രണ വിഭാഗം - 2025-26 ജനകീയാസൂത്രണ വാർഷിക പദ്ധതി - പ്രൊജക്ട് നം. SO 400/26 - വടൂക്കര ഓലക്കട കോൾപ്പടവിൽ 30 എച്ച് പി പമ്പ് സെറ്റ് സ്ഥാപിക്കൽ - ബഹു. മേയറുടെ മുൻകൂർ അനുമതിയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

**വിവരണം**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ വടൂക്കര ഓലക്കട കോൾപ്പടവിൽ 30 എച്ച് പി പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ( 748000/- രൂ.) ക്വാട്ട് ചെയ്തത് അസിം ഡിസൈനിംഗ് ആൻഡ് ഇന്റീരിയർസ്,ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനവും ഡ്രീം ഹോം ഫർണീച്ചർ, ബാലുശ്ശേരി എന്ന മറ്റൊരു സ്ഥാപനവുമാണെങ്കിലും ഈ സ്ഥാപനങ്ങൾക്ക് നൽകിയ കത്തിന് യാതൊരു പ്രതികരണവും ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കി അടുത്ത കുറഞ്ഞ തുകയായ 801733/- രൂ. ക്വാട്ട് ചെയ്ത കെയ്കോ വഴി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ബഹു. മേയർ മുൻകൂർ അനുമതി നൽകിയിരുന്നു. ഇതിനു പുറമെ പ്രസ്തുത പ്രൊജക്ടിൽ 10 എച്ച് പി മോട്ടോർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും കോൾപ്പടവിലെ സാഹചര്യം പരിഗണിച്ച് 30 എച്ച് പി മോട്ടോർ ആവശ്യമാണെന്ന്

ബോധ്യപ്പെട്ട സാഹചര്യത്തിൽ സ്വീകരിച്ച തുടർനടപടികൾക്ക് അംഗീകാരം നൽകണമെന്ന് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥന്റെ നടപടികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും ബഹു. കൌൺസിൽ മുമ്പാകെ.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

14. **വിഷയം (ഫയൽ നമ്പർ - 6750-2026)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം - 64-ാം സംസ്ഥാന സ്ക്കൂൾ കലോൽസവം നടത്തിപ്പ് -ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സൂചന : ബഹു.മേയറുടെ മുൻകൂർ 13/01/2026 ലെ മുൻകൂർ അനുമതി
2026 ജനുവരി 14 മുതൽ 18 വരെ തൃശൂർ കോർപ്പറേഷൻ പരിധിയിൽ നടക്കുന്ന 64-ാംമത് സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തങ്ങളുടെ സുഗമമായ നടത്തിപ്പിനായി അത്യാവശ്യ സാമഗ്രികൾ വാങ്ങുന്നതിനായി **ശ്രീ.അജിത്ത്, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (150000/- ഒന്നരലക്ഷം രൂപ )** , 24-സ്റ്റേജ് ,താമസസ്ഥലം ,e-tiolet,എന്നിവിടങ്ങിലെ ദ്രവ്യമാലിന്യങ്ങൾ സംസ്കാരിക്കൽ - **ശ്രീ.ജലീൽ-സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (200000/-രണ്ട് ലക്ഷം രൂപ )** ,കോർപ്പറേഷൻ പരിധിയിൽ വേദികളോട് ചേർന്ന് സൗജ്യന കുടിവെള്ളം/മോര് വെള്ളം കൗണ്ടറിലേക്ക് ആവശ്യമായ മിൽമ സംഭാരം വാങ്ങൽ - **ശ്രീ.അരുൺ വർഗീസ് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (125000/-ഒരു ലക്ഷത്തിഇരുപത്തിഅയ്യായിരം രൂപ )** എന്നവർക്ക് മേൽ പ്രകാരമുള്ള തുകകൾ അഡ്വാൻസായി അനുവദിക്കുന്നതിന് ബഹു. മേയറിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ പ്രവൃത്തികൾക്കായി മേൽ പരാമർശിച്ച മൂന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർക്കായി ആകെ 4,75,000/- ( നാല് ലക്ഷത്തി എഴുപത്തി അഞ്ചായിരം രൂപ മാത്രം) അനുവദിക്കുന്നതിനായി അനുമതി നല്കിയ ബഹു.മേയറുടെ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

15. **വിഷയം (ഫയൽ നമ്പർ - 1044785-2025)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം - കുടിവെള്ള വിതരണം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

2025 ഏപ്രിൽ,മെയ് മാസങ്ങളിലായി രൂക്ഷമായ കുടിവെള്ളക്ഷാമം റിപ്പോർട്ട് ചെയ്ത കൂർക്കഞ്ചേരി സോണൽ പരിധിയിലെ 7 ഡിവിഷനുകളിൽ കോർപ്പറേഷൻ വാഹനത്തിൽ (KL 08 BQ 1844,KL 08 BQ 1259) അടിയന്തര സാഹചര്യം മുൻനിർത്തി കുടിവെള്ളം

വിതരണം ചെയ്യുന്നതിന് മൂന്ന് ഹാൻഡ് കൊട്ടേഷനുകൾ സ്വീകരിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീമതി .ശാന്ത വാസു പറങ്ങോടൻ നെടുപുഴ എന്നവരുടെ കൊട്ടേഷൻ അംഗീകരിച്ചിട്ടുള്ളതും, ആയതുപ്രകാരം 22,5600 ലിറ്റർ വെള്ളം എടുത്തിട്ടുള്ളതും ആയതിന് കൊട്ടേഷൻ പ്രകാരം ലിറ്ററിന് 25 പൈസ നിരക്കിൽ **56,400/-** രൂപ ആയിട്ടുള്ളതാണെന്ന് ബന്ധപ്പെട്ട SPHI റിപ്പോർട്ട് നൽകുകയും, ചെയ്തതിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീമതി .ശാന്ത വാസു പറങ്ങോടൻ നെടുപുഴ എന്നവർക്ക് **56400/-** രൂപ 31/3/2026 ന് അനുവദിച്ച്നല്കിയിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി മുൻകൂർ അനുമതി നല്കിയ ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

16. **വിഷയം (ഫയൽ നമ്പർ - 1492504-2026)**

EW2-975/26-ട്രാൻസ്ഫോർമർ ഫെൻസിങ് -സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ പരിധിയിലുള്ള ഡിപ്പാർട്ട്മെൻറ് ട്രാൻസ്ഫോർമറുകളായ ലക്ഷ്മി ട്രാൻസ്ഫോർമർ,പലിയം ട്രാൻസ്ഫോർമർ, ഇയ്യുണ്ണി ട്രാൻസ്ഫോർമർ എന്നിവ പൂരത്തിന് മുന്നോടിയായി ഫെൻസിങ് ,മെറ്റലിങ് വർക്കുകൾ ചെയ്ത് സുരക്ഷിതമായ രീതിയിൽ ക്രമീകരിക്കേണ്ടത് വളരെ അത്യാവശ്യമായിരിക്കുകയാണ്. മേൽ പ്രവർത്തി ചെയ്യുന്നതിനായി തയ്യാറാക്കിയ 1,72,237/- രൂപയുടെ (INCLUDING GST) എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതിനും, നിയമാനുസൃതം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതിക്കായ് ബഹു. കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .
കുറിപ്പ് : 13/03/2026 ലെ 13-ാം നമ്പർ PWSC തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതിക്കായ് ബഹു കൌൺസിലിലെക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു .

17. **വിഷയം (ഫയൽ നമ്പർ - 1459954-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണം വിഭാഗം- ബഹു.മേയറുടെ മൂൻകുർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ബഹു. മേയറുടെ ഔദ്യാഗിക വാഹനമായ kl 08 by 9505 നമ്പർ ഇന്നോവ കാർ 11/02/2026 തിയതിൽ ബഹു മേയർ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻനിൽ നിന്ന് തിരുവനന്തപൂത്തേക്ക് യാത്ര ചെയ്യുമ്പോൾ വാഹനത്തിന്റെ ഫ്ലാഗ് പോസ്റ്റ് കോടുപാടുകൾ സംഭവിക്കുകയും ഫ്ലാഗ് അടക്കം മാറ്റുകയും ചെയ്തിട്ടുള്ലതാണ.അയിതിനായി 8 ഫ്ലാഗ് വാങ്ങുകയും അതിൽ നഗരസഭയുടെ ചിഹ്നം ദേശീയ പതാകയുടെ പശ്ചാത്തലത്തിൽ പതിക്കുന്നവിധം ചെയ്യത വിഷയം ബഹു

മോയറുടെ മുൻകൂർ അനുമതിയോടെ അംഗീകരിച്ച ഓഫിസ് നടപടി സാധൂകരിക്കുന്നതിനും. ടി വിഷയവും ബഹു കൌൺസിൽ പരിഗണനയ്ക്ക്

18. **വിഷയം (ഫയൽ നമ്പർ - 404536-2024)**

തൃശ്ശൂർ കോർപ്പറേഷൻ -പൊതുജനാരോഗ്യവിഭാഗം - തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് കുടിവെള്ളം/സംഭാരം എന്നിവ വിതരണം ചെയ്യുന്നതിന് മുൻകൂർ തുക അനുവദിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

1. ബഹു.കോർപ്പറേഷൻ മേയറുടെ മുൻകൂർ അനുമതി

തൃശ്ശൂർ കോർപ്പറേഷൻ - പൊതുജനാരോഗ്യ വിഭാഗം - കടുത്ത വേനലിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് കുടിവെള്ളം/സംഭാരം എന്നിവ വിതരണം ചെയ്യുന്നതിന് നിർദേശിച്ചിരുന്നതും , ആയതനുസരിച്ച് ക്ലീൻ സിറ്റി മാനേജർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും , സജ്ജീകരിക്കുന്നതിനും സീനീയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ജയപ്രകാശ് ജെ എന്നവരെ ചുമതലപ്പെടുത്തിയിരുന്നതുമാണ് . ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി നടത്തുന്നതിന് ബഹു.മേയറുടെ അനുമതിയോടെ സീനീയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ജയപ്രകാശ് ജെ എന്നവർക്ക് 200000/- ( ലക്ഷം രൂപ മാത്രം) മുൻകൂറായി അനുവദിച്ചിരുന്നു. ടി പ്രവൃത്തിക്കായി മുൻകൂർ തുക അനുവദിച്ച ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

19. **വിഷയം (ഫയൽ നമ്പർ - 4331115-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആസൂത്രണ വിഭാഗം - 2025-26 ജനകീയാസൂത്രണ വാർഷിക പദ്ധതി - പ്രൊജക്ട് നം. 1984/26 - കൃഷിഭവനുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ബഹു. മേയറുടെ മുൻകൂർ അനുമതിയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

**വിവരണം**

കോർപ്പറേഷന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ കൃഷിഭവനുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രൊജക്ട് പ്രകാരം താഴെ സൂചിപ്പിച്ചിട്ടുള്ള ഇനങ്ങൾ Gem പോർട്ടൽ മുഖാന്തിരം വാങ്ങുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രവൃത്തി നിർവ്വഹണത്തിനായി ബഹു. മേയർ മുൻകൂർ അനുമതി നൽകിയിരുന്നു. ആയത് സാധൂകരിക്കുന്നതിനായി ബഹു. കൌൺസിൽ മുമ്പാകെ.

| **ക്രമനമ്പർ** | **ഇനം** | **എണ്ണം** | **തുക** | **നിരക്ക്** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Computer Monitor (V2) (Q2) | 2 | 11,596 | 5798 |
| 2 | Line Interacive UPS with AVR (V2) ( Q2) | 4 | 19,337.20 | 4834.30 |
| 3 | Line Interacive UPS with AVR (V2) ( Q2) | 1 | 5001 | 5001 |
| 4 | Computer Printer(V2) ( Q2) | 1 | 12,500 | 12,500 |
| | Total | | 48,434 | |

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

20. **വിഷയം (ഫയൽ നമ്പർ - 2486435-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ -പൊതുജനാരോഗ്യ വിഭാഗം - തൃശ്ശൂർ കോർപ്പറേഷൻ വായനാദിനാചരണവും ഒല്ലൂർ ലൈബ്രറിയുടെ പുതിയ ഓഫീസിന്റെ ഉദ്ഘാടനവും നടത്തുന്നതിനായി ചിലവായ തുക അംഗീകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

Decision taken as agenda File No. 508016-2026 of Finance Standing Committee dated 13-02-2026 1.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വായനാദിനാചരണവും ഒല്ലൂർ ലൈബ്രറിയുടെ പുതിയ ഓഫീസു ഉദ്ഘാടനവും 2025 ജൂൺ 19 വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് തൃശൂർ കോർപ്പറേഷൻ ഒല്ലൂർ സോണൽ ഓഫീസ് അങ്കണത്തിൽ വച്ച് നടത്തുന്നതിനാൽ ആയതിന്റെ ഉദ്ഘാടന ക്രമീകരണങ്ങൾ നടത്തുന്നതിനായി ശ്രീ.മനോജ് കുമാർ.സി.യു , പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, എന്നവർക്ക് 25000/-( ഇരുപത്തിഅയ്യായിരം രൂപ) 18/06/2025 ബഹു. മേയറുടെ മൂൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 19/06/2025 തിയതിയിലെ അഡിഷണൽ സെക്രട്ടറിയുടെ 2486433-2025നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു . അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 25000/- രൂപയിൽ നിന്ന് 22450/- രൂപ ആകെ ചെലവായതായും ,ആയത് അംഗീകരിക്കണമെന്നും രേഖപ്പെടുത്തി ബിൽ ,വൌച്ചർ എന്നിവ സഹിതം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മനോജ് കുമാർ സി.യു. എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 14-11-2025 തിയതിയിലെ രസീറ്റ് നമ്പർ R-C080100-25115938 പ്രകാരം ബാലൻസ് തുകയായ 2550 രൂപ അടവാക്കിയിട്ടുള്ളതാണ് . അനുവദിച്ച 25000/-രൂപ ക്രമവൽക്കരിക്കുന്നതിനും ,ചിലവായ 22450/- രൂപ

അംഗീകരിക്കുന്നതിനും ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും കൗൺസിലിലേക്ക് സമർപ്പിക്കുന്നു .

21. **വിഷയം (ഫയൽ നമ്പർ - 766878-2026)**

തൃശൂർ കോർപറേഷൻ - റെവന്യൂ വിഭാഗം ( R7 ) - നടുവിലാൽ ഷോപ്പിങ്ങ് കോംപ്ലക്സ് (OLD) 4-ാം നമ്പർ കടമുറിയുടെ ലൈസൻസി മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

.കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നടുവിലാൽ ഷോപ്പിങ്ങ് കോംപ്ളക്സ് (OLD) 4-ാം നമ്പർ കടമുറിയുടെ (36/2967) ലൈസൻസി ശ്രീ എ.സി. സെബാസ്റ്റ്യൻ, അക്കരപുറം ഹൌസ്, അരണാട്ടുകര, പൂത്തോൾ എന്നവരാണ്. ടിയാൻ 02-10-2025 തിയ്യതിയിൽ മരണപെട്ടതിനാൽ ടിയാന്റെ അവകാശികളായ ഭാര്യ ആലീസ് സെബാസ്റ്റ്യൻ, മകൾ കീർത്തി ഷിജോ എന്നവർ ചേർന്ന് മൂന്നാമത്തെ അവകാശിയായ ശ്രീ എ.സി. സെബാസ്റ്റ്യൻ മകൻ കിഷോർ സെബാസ്റ്റ്യന്റെ പേരിലേക്ക് പ്രസ്തുത കട മുറിയുടെ ലൈസൻസി അവകാശം മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.
കട മുറി കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ - വിസ്തീർണ്ണം 36 ച.അടി, പച്ചക്കറി വ്യാപാരം, മാസ വാടക 680ക, 2026 മാർച്ച് മാസം വരെയുള്ള വാടക അടവാക്കിയിട്ടുള്ളതാണ്.
കച്ചവടമാറ്റം അനുവദിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വെള്ള കടലാസ്സിൽ 5 രൂപ കോർട്ട് ഫീ സ്റ്റാംപ് ഒട്ടിച്ച സംയുക്ത അപേക്ഷ.
2. 200 രൂപ സ്റ്റാംപ് പേപ്പറിൽ നോട്ടറി സാക്ഷ്യപെടുത്തിയ സമ്മതപത്രം.
3. കക്ഷികളുടെ ആധാർ കാർഡിന്റെ പകർപ്പുകൾ.
4. വാടക ഒടുക്കിയ രശീതിയുടെ പകർപ്പ്.
5. ലൈസൻസിന്റെ ( ഡി & ഒ) പകർപ്പ്.
6. കറന്റ് ചാർജ്ജ് അടവാക്കിയ രശീതി.
7. ശ്രീ എ.സി. സെബാസ്റ്റ്യൻ എന്നവരുടെ മരണ സർട്ടിഫിക്കറ്റ്.
8. ശ്രീ എ.സി. സെബാസ്റ്റ്യൻ എന്നവരുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്.

അപേക്ഷകർ നിയമ പ്രകാരം ലൈസൻസി കൈമാറ്റത്തിന് ഹാജരാക്കേണ്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതാണ്. സ്ഥല പരിശോധന നടത്തിയ റെവന്യു ഇൻസ്പെക്ടർ നിയമാനുസൃതം അവകാശികളുടെ പേരിലേക്ക് മാറ്റി നൽകാവുന്നതാണെന്ന് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.3/02/2026 തീയ്യതിയിലെ 83 നമ്പർ തീരുമാനം പ്രകാരം ലൈസസിയെ നിയമാനുസരണം മാറ്റുന്നതിന് ബഹു കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
കുറിപ്പ്
നഗര ഹൃദയത്തിലുള്ള പല കടമുറികൾ ക്കും
നിലവിലുള്ള വാടക വളരെ കുറവാണ്
ഈ വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശങ്ങളും ഉള്ളതാണ്

22. **വിഷയം (ഫയൽ നമ്പർ - 2236471-2024)**

ജി8-. 2236471-2024 -സ്റ്റോർ- ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങിയ വകയിൽ ബില്ല് തുക ഗ്രാമലക്ഷമി മുദ്രാലയം അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ ഓഫീസ് ആവശ്യത്തിനായി ഗ്രാമലക്ഷമി മുദ്രാലയത്തിൽ നിന്നും വിവിധ ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങിയ വകയിൽ 235164/- രൂപ അനുവദിച്ച് തരുന്നതിന് ഗ്രാമലക്ഷമി മുദ്രാലയം,തിരുവനന്തപുരം എന്ന സ്ഥാപനം ചുവടെ ചേർത്തത് പ്രകാരം 4 ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള 235164/- രൂപ അനുവദിക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയക്ക്

കുറിപ്പ്

1 ) ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | ബില്ല് തുക |
|---|---|---|---|
| 1 | TVM/185-25-26 | 16.07.2025 | 72677 |
| 2 | TVM/504/2025-26 | 16.12.2025 | 976 |
| 3 | TVM/730/25-26 | 31.03.2026 | 126493 |
| 4 | TVM/731/25-26 | 31.03.2026 | 35018 |
| | ആകെ | | 235164 |

2)ബില്ലിൽ പരമാർശിച്ചുള്ള ഫോറങ്ങളും രജിസ്റ്ററുകളും സ്റ്റോറിൽ ലഭ്യമായിട്ടുള്ളതും ആയത് 2025-26 ലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്,

23. **വിഷയം (ഫയൽ നമ്പർ - 6656089-2025)**

കച്ചവട മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ നഗരസഭ വക കിഴക്കേകോട്ട താൽക്കാലിക കെട്ടിടത്തിലെ 23/311 നമ്പർ മുറിയുടെ ലൈസൻസി SHYNI, AINIKAL HOUSE എന്നവർ നിലവിലെ ഹോട്ടൽ ബിസിനെസ്സ് നഷ്ടത്തിൽ ആയതിനാൽ ടി മുറിയിൽ കഫെ,ഷേക്ക്,ജ്യൂസ്,സ്നാക്ക്സ്,ടീ,കോഫീ എന്നിവ കച്ചവടം നടത്തുന്നതിനുള്ള അപേക്ഷയിൽ കച്ചവടമാറ്റത്തിന്റെ ഫീസ് ഈടാക്കി കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിനുള്ള 13/2/2026 ലെ 56 നമ്പർ FSC തീരുമാനം ബഹു കൌൺസിൽ അംഗീകാരത്തിനായി

കുറിപ്പ്

ടി കടമുറിക്ക് ലൈസൻസ് ഫീ കുടിശ്ശിക ഇല്ലാത്തതാണ്

കച്ചവട മാറ്റം അനുവദിക്കാവുന്നതാണെന്ന് RI ശുപാർശ ചെയ്തിട്ടുള്ളതാണ്

24. **വിഷയം (ഫയൽ നമ്പർ - 3407185-2025)**

തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ജയ്ഹിന്ദ് മാർക്കറ്റ് എ ബ്ലോക്ക് ബിൽഡിങ്ങിലെ 3,20,21,22 കടമുറികളുടെ കച്ചവടമറ്റം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വക ജയ്ഹിന്ദ് മാർക്കറ്റ് എ ബ്ലോക്ക് ബിൽഡിങ്ങിൽ 3,20,21,22 കടമുറികളിൽ ലൈസൻസി ശ്രീ.ആദർശ് സുരേന്ദ്രനാഥ് എന്നവർ നിലവിലെ സ്റ്റേഷനറി,

വാച്ച്, ഒപ്റ്റിക്കൽസ് കച്ചവടം മാറ്റി ടി മുറികളിൽ തുണിക്കച്ചവടമാക്കി (അർച്ച കളക്ഷൻസ്) മാറ്റുന്നതിന് അനുമതിക്കായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച ബഹു.ധനകാര്യ സ്ഥിരം സമിതിയുടെ 13/02/2026 ലെ 37 നമ്പർ തീരുമാന പ്രകാരമുള്ള ശുപാർശ ബഹു.കൗൺസിലിന്റെ പരിഗണനക്കായി .

**കുറിപ്പുകൾ** :

1.സ്ഥല പരിശോധന നടത്തി .കച്ചവടമറ്റം വരുത്തുന്നതിന് സജീകരണങ്ങൾ ഒരുക്കുന്നതായി കക്ഷി അറിയിച്ചു. ബൈലോ പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണ് എന്ന് റവന്യു ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.പ്രതിമാസ വാടക യഥാക്രമം 8800, 2100, 1800, 1800 രൂപയാണ്. 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള കരാർ സമർപ്പിച്ചിട്ടുള്ളതാണ് .

3.കച്ചവടമാറ്റത്തിനുള്ള ഫീസ് 5000/- രൂപ വീതമാണ് കൗൺസിൽ തീരുമാന പ്രകാരം നിലവിൽ ഈടാക്കി വരുന്നത്.

4.അപേക്ഷയോടൊപ്പം തൊഴിൽ നികുതി അടവാക്കിയ രശീതി ഹാജരാക്കിയിട്ടുണ്ട .

25. **വിഷയം (ഫയൽ നമ്പർ - 2292243-2026)**

കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് ചട്ടത്തിലെ വ്യവസ്ഥകളിൽ ഇളവിനായി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതു സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസ് പരിധിയിലെ 50/732 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതുമായി ബന്ധപ്പെട്ടു നടത്തിയ സ്ഥല പരിശോധനയിൽ ഓഫീസ് നികുതി നിർണ്ണയ രെജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി വ്യത്യാസം ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് അരണാട്ടുകര വില്ലേജ് സർവ്വേ നമ്പർ 195 /3 ൽ ഉൾപ്പെട്ട 3.56 ആർ വിസ്തീർണ്ണം ഉള്ള സ്ഥലത്ത് GF+FF നിലകളിൽ ആയി 180.2 M2 വിസ്തീർണ്ണമുള്ള വാസഗ്രഹം ക്രമവൽക്കരിക്കുന്നതിന് 30.04.2022 തീയ്യതിയിൽ അപേക്ഷ സമർപ്പിച്ചു. വസ്തു നികുതി നിർണ്ണയ രെജിസ്റ്റർ പ്രകാരം 50 / 732 നമ്പർ കെട്ടിടം വാസഗൃഹം എന്ന വിനിയോഗത്തിൻകീഴിൽ വരുന്നതും 1994- 95 കാലഘട്ടത്തിൽ ഓടിട്ട വീടായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ പ്രസ്തുത കെട്ടിടം GF+FF ഉള്ള ടെറസ് ബിൽഡിംഗ് ആണ്.

സമർപ്പിക്കപ്പെട്ട അപേക്ഷയിൽ നഗരാസൂത്രണ വിഭാഗം പരിശോധന നടത്തിയതിൽ ടി സ്ഥലം മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നതായും അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം ടി സ്ഥലത്ത് 25 എം റോഡ് വൈഡനിംഗ് നിർദ്ദേശമുള്ളതായും റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ഇക്കാരണത്താൽ ഫ്രണ്ട് സെറ്റ് ബാക്ക് വൈഡനിങ് ഏരിയ കഴിഞ്ഞ് മൂന്നു മീറ്റർ ലഭ്യമല്ലാത്തതിനാൽ KMBR 2019 പ്രകാരം ക്രമവൽക്കരിക്കുന്നതിന് കഴിയാത്തതാണ് എന്ന് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. പി.ഒ നൽകിയതിന് മറുപടിയായി കക്ഷികൾ തൃശ്ശൂർ കോർപ്പറേഷനിൽ 50/732 നമ്പർ വീട്ടിലെ സ്ഥിരതാമസക്കാരിയാണെന്നും ഈ വീടും വഹകളും പിതാവായ ജോസ് പി വി ഇഷ്ടദാനം നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാൻ വരുന്നതിനുമുമ്പ് വീട് വാർത്തിട്ടുള്ളതും വീടിന് 30 വർഷത്തോളം കാലപ്പഴക്കം ഉള്ളതും ആണെന്നും റോഡ് വികസനം വരുന്ന സമയത്ത് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വീടിന്റെ മുൻവശം പൊളിക്കുന്നതിന് തയ്യാറാണെന്നും ആയതിന് യാതൊരു തടസ്സങ്ങളും ആക്ഷേപവും ഉന്നയിക്കുന്നതല്ല എന്നും ഒപ്പിട്ട് അഫിഡവിറ്റ്

സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് 27/2/2022ലെ അദാലത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ ചർച്ച ചെയ്യുന്നതിന് മീറ്റിംഗ് വിളിക്കുകയും റോഡ് വൈഡനിങ്ങ് ഉള്ളതിനാൽ റിജക്ട് ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത് തുടർന്ന് U/A TAX ഈടാക്കുന്ന നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 04.03.2026 ലെ ബഹു.മേയറുടെ അദാലത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വൈഡനിംഗ് നിർദ്ദേശമുള്ള സാഹചര്യത്തിൽ സർക്കാരിന്റെ ഇളവ് ലഭിക്കുന്നതിനായി ശുപാർശ സഹിതം അയച്ചു കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. മേൽ വിഷയം ബഹു.കൌൺസിൽ പരിഗണനക്കായി സമർപ്പിക്കുന്നു.

കുറിപ്പ് -

അപേക്ഷക സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന വ്യക്തിയാണ്. പിതാവും ഭർത്താവും മരണപ്പെട്ടു. വിദ്യാർത്ഥികളായ മക്കളുടെ പാർട്ട് ടൈം ജോലിയിൽ നിന്നുള്ള വരുമാനവും സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും സഹായങ്ങളും ഉപയോഗിച്ചാണ് ജീവിതം തള്ളി നീക്കുന്നത്. എങ്കിലും അനധികൃത കെട്ടിടത്തിന് ചുമത്തിയിട്ടുള്ള 3 ഇരട്ടി നികുതി കുടിശ്ശിക കൂടാതെ അടവാക്കിയിട്ടുണ്ട്. അപേക്ഷകയുടെ പിതാവ് യഥാസമയം അപേക്ഷ സമർപ്പിച്ചിരുന്നെങ്കിൽ ചട്ട പ്രകാരം ക്രമവൽക്കരിച്ചു നൽകാമായിരുന്ന കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിന് പിന്നീട് വന്ന മാസ്റ്റർ പ്ലാനും ചട്ടങ്ങളും തടസ്സമാകുകയാരുന്നു എന്ന വസ്തുത പരിഗണിച്ച് ചട്ടത്തിൽ ഇളവു നൽകി ക്രമവൽക്കരണം അനുവദിക്കുന്നതിനും അനധികൃത കെട്ടിടങ്ങൾക്കു ചുമത്തിയ 3 ഇരട്ടി വസ്തു നികുതി ഒഴിവാക്കി നൽകുന്നതിനുമാണ് സർക്കാരിലേക്ക് അപേക്ഷിക്കുന്നത്.

26. **വിഷയം (ഫയൽ നമ്പർ - 1081-2025)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യു വിഭാഗം- PPR ലൈസൻസ് ഫീസ് - വിനോദ നികുതി എന്നിവ അടവാക്കുന്നത്-സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ വക പാലസ് ഗ്രൗണ്ടിൽ 31/12/2024 -ന് നടന്ന Sunburn X boCHE Events എന്ന വിനോദപരിപാടിയുടെ നടത്തിപ്പിനാവശ്യമായ PPR License കരസ്ഥമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് വ്യാപാരി വ്യവസായി സമിതിക്ക് നിരവധി തവണ അറിയിപ്പ് നൽകിയിരുന്നതാണ്. എന്നാൽ 28/12/2024 ന് തൃശൂർ കോർപ്പറേഷൻ വക പാലസ് ഗ്രൗണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള അനുമതി നേടുകയും, PPR License കരസ്ഥമാക്കാതെ 31/12/2024 - ന് പരിപാടി നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഈ വിനോദ പരിപാടിയുടെ Entertainment Tax നഗരസഭയിൽ അടവാക്കിയിട്ടില്ലാത്തതുമാണ്. PPR License ഫീസും, Entertainment Tax തുകയും അടവാക്കാത്തതിനാൽ ഈ വിഷയം സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികൾക്കായി വിഷയം കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**കുറിപ്പ്.**

1. ടി വിഷയവുമായി ബന്ധപ്പെട്ട്, ഫയൽ സഹിതം വിജിലൻസ് ഓഫീസിൽ ഹാജരാകുകയും നഗരസഭയ്ക്ക് ലഭിക്കേണ്ട PPR ലൈസൻസ് ഫീസും, Entertainment Tax തുകയും അടവാക്കാത്തതിനാൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതുമാണ്.
2. PPR ലൈസൻസ് കരസ്ഥമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 28/12/2024, 30/12/2024, 31/12/2024 കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്. PPR ലൈസൻസ്

കരസ്ഥമാക്കാത്തതിനാൽ ടി പരിപാടിയുടെ അനുമതി നിഷേധിച്ച് കക്ഷിയ്ക്കും, ജില്ലാ പോലീസ് മേധാവിക്കും 31/12/2024 -ന് അറിയിപ്പ് നൽകിയിരുന്നതാണ്.

3. തൃശ്ശൂർ കോർപ്പറേഷന്റെ പേര്, എബ്ലം എന്നിവ ടിക്കറ്റിൽ പതിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുള്ളതാണെന്നും, നഗരസഭയ്ക്ക് ലഭിക്കേണ്ട നികതി അടവാക്കിയിട്ടില്ലാത്തതാണെന്നും ആയതിനെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ് എന്നും, PPR ലൈസൻസ് അടവാക്കിയിട്ടില്ല എന്നും 34-ാം ഡിവിഷനിലെ മുൻ കൗൺസിലർ ശ്രീ.മുകേഷ്.കെ.ബി എന്നവർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.
4. എത്ര ടിക്കറ്റുകൾക്കാണ് GST അടവാക്കിയിട്ടുള്ളത് എന്നറിയുന്നതിനായി GST ഓഫീസിലേക്ക് കത്ത് നൽകിയിട്ടുള്ളതാണ്.
5. 31/12/2024 തിയ്യതിയിൽ പാലസ് ഗ്രൗണ്ടിൽ വച്ച് നടന്ന sunburn boCHE Events എന്ന വിനോദ പരിപാടി സംബന്ധിച്ച വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതാണ്. ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി ബന്ധപ്പെട്ട കക്ഷിയെ യോഗം വിളിക്കുന്നതിന് ബഹു.മേയർനിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 18/06/2025 തിയ്യതി 11.00 AM ന് ബഹു.മേയറുടെ ചേംബറിൽ യോഗം ചേർന്നിട്ടുള്ളതാണ്.
6. 25/04/2025 തിയ്യതിയിലെ 4944 നമ്പർ അജണ്ടയിൽ തെറ്റായ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ യാഥാർഥ്യം മനസിലാക്കുന്നതിനായി അജണ്ട തയ്യാറാക്കിയ ഉദ്യോഗസ്ഥരുമായി 18/06/2025 തിയ്യതി 11.00 AM ന് ബഹു. മേയറുടെ ചേംബറിൽ യോഗം ചേർന്ന് താഴെ പറയുന്ന പ്രകാരം തീരുമാനമെടുത്തിരുന്നു.

   വ്യാപാരി വ്യവസായ സമിതി ജില്ല പ്രസിഡന്റ് ശ്രീ.വിജയ് ഹരി എന്നവർ നൽകിയ അപേക്ഷ പ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ വക പാലസ് ഗ്രൗണ്ട് ( ഇൻഡോർ സ്റ്റേഡിയത്തിന്റെ മുൻഭാഗം) 3 ദിവസത്തേക്ക് 2024 ഡിസംബർ 29,30,31 ദിവസങ്ങളിൽ വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. GST അടക്കം 17,700 രൂപ വാടക ഇനത്തിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 3750/- രൂപ അടക്കം ആകെ 21450 രൂപ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്.

   31/12/2024 ലെ 2887853-2024 നമ്പറായി കോർപ്പറേഷൻ സ്റ്റേഡിയത്തിൽ താൽക്കാലിക സ്റ്റേജ് നിർമ്മിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിലേക്കായി 29000/- രൂപ നഗരസഭ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. കോർപ്പറേഷൻ സ്റ്റേഡിയത്തിന് അകത്ത് സ്റ്റേജ് നിർമ്മിക്കുവാൻ നഗരസഭ അനുമതി നൽകിയിട്ടില്ല എന്നുള്ള കാര്യങ്ങളാണ് ഫയൽ പ്രകാരം കാണുന്നത്. മറ്റു പരാതികളൊന്നും ഔദ്യോഗികമായി ലഭ്യമായിട്ടില്ല. ആയതിനാൽ തന്നെ മറ്റു നടപടികൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു. തീരുമാനം അറ്റാച്ച് ചെയ്തിട്ടുണ്ട്.
7. നഗരസഭക്ക് നിയമാനുസരണം ലഭിക്കേണ്ട വിനോദ നികുതി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

27. **വിഷയം (ഫയൽ നമ്പർ - 983362-2026)**

EW2-4536/24 Section 2 RMU Installation Reg

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം സെക്ഷൻ-2 വിന്റെ പരിധിയിലുള്ള കോർപ്പറേഷൻ ഓഫീസിനോട് ചേർന്ന് RMU സംവിധാനം സുരക്ഷിതമായി

സ്ഥാപിയ്ക്കുന്നതിനായി 2,36,085/- രൂപ (Incl GST) എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രേഖപ്പെടുത്തിയത് **M/S James Associates ,Poothole Thrissur** എന്ന ക്രേതാവാണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ **2,36,000/- (Incl GST) രൂപ**യുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ്: 1. ടെണ്ടറിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- James Associates , Poothole Thrissur - 2,36,000/- (Incl GST)
- Ukru Kodankandath Kaysons Electricals, Lourdpuram - 2,39,000/- (Incl GST)
- Cosmo Power Controls,Poothole, Thrissur - 2,45,000/- (Incl GST)

2. ബഹു. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06-03-2026 ലെ 3)ാം നമ്പർ തീരുമാനപ്രകാരം **M/S James Associates ,Poothole Thrissur** എന്ന സ്ഥാപനം രേഖപ്പെടുത്തിയ **2,36,000/- (Incl GST) രൂപ**യുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്നതിനായി ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

28. **വിഷയം (ഫയൽ നമ്പർ - 983362-2026)**

EW1-6045/25 Section 1 HT/LT Posts Reg

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം സെക്ഷൻ-1 ന്റെ പരിധിയിൽ LT/ABC വലിക്കുന്നതിന്റെ ഭാഗമായി HT/LT പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിനായി 4,54,340/- രൂപ (Incl GST) എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് M/S James Associates ,Poothole Thrissur എന്ന ക്രേതാവാണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ 4,54,000/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ്: 1. ടെണ്ടറിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- James Associates , Poothole Thrissur - 4,54,000/- (Incl GST)
- Ukru Kodankandath Kaysons Electricals, Lourdpuram - 4,58,000/- (Incl GST)
- Cosmo Power Controls,Poothole, Thrissur - 4,60,000/- (Incl GST)

2. ബഹു. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.03.2026 ലെ 6- ആം നമ്പർ തീരുമാനപ്രകാരം M/S James Associates ,Poothole Thrissur എന്ന സ്ഥാപനം രേഖപ്പെടുത്തിയ 4,54,000/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്നതിനായി ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

29. **വിഷയം (ഫയൽ നമ്പർ - 966631-2026)**

തൃശ്ശൂർ കോർപറേഷൻ- മരാമത്ത് വിഭാഗം - കുറുപ്പം റോഡ് ബെൽ മൗത് ബിൽഡിംഗ് ലിഫ്റ്റ് ന്റെ AMC-സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപറേഷൻ കുറുപ്പം റോഡ് ബെൽ മൗത് ബിൽഡിംഗ് ലിഫ്റ്റ് ന്റെ AMC-10/02/2026നു ഒരു വർഷം പൂർത്തീകരിച്ചതിനാൽ AMC പുതുക്കുന്നതിനായി നടത്തിയ ടെണ്ടറിലും റീടെണ്ടറിലും ആരും തന്നെ ക്വട്ടേഷൻ നല്കിയിട്ടില്ലാത്തതാണ്. പിന്നീട് ക്വട്ടേഷൻ ക്ഷണിച്ചതിൽ BAUER ELEVATORS എന്ന സ്ഥാപനം TAX ഉൾപ്പെടെ 99750/- രൂപയ്ക്കു AMC ചെയ്യുവാൻ തയ്യാറാണെന്ന് ഓഫർ സമർപ്പിച്ചിട്ടുള്ളതാണ് . ഓഫർ അംഗീകരിക്കുന്ന വിഷയം ബഹു കൗൺസിലിന്റെ പരിഗണനയ്ക്കായി.
കുറിപ്പ് : മുൻ വർഷങ്ങളിലെ അതേ നിരക്കിൽ തന്നെയാണ് ഓഫർ നൽകിയിട്ടുള്ളത് എന്നതിനാൽ നിരക്ക് അംഗീകരിക്കാവുന്നതാണ് എന്ന് Assistant Engineer റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

30. **വിഷയം (ഫയൽ നമ്പർ - 1872497-2026)**

EW1- 604/26 KIZHAKKUMPATTUKARA STREET MAINS AND AB CABLE

**വിവരണം**

ബഹു മേയറുടെ ആവശ്യപ്രകാരം കിഴക്കുംപാട്ടുക്കര സ്ട്രീറ്റ് നമ്പർ 14 ലേക്ക് മെയിൻറോഡിൽ നിന്നും തിരിയുമ്പോൾ പോസ്റ്റ് നമ്പർ KPN 32ഉം കൂടെ STRUCT പോസ്റ്റും വാഹനങ്ങൾക്കു തടസ്സമുണ്ടാകുന്നത് വടക്കോട്ടു മാറ്റി സ്ഥാപിക്കുകയും KPN 32 നും KPN 32/1 നും ഇടയിൽ പുതിയ പോസ്റ്റ് സ്ഥാപിച്ച് ആയതിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും ടി പോസ്റ്റുകളിൽ നിലവിലുള്ള അലൂമിനിയം കമ്പികൾ മാറ്റി പകരം AB കേബിളുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം പരിശോധിച്ചത് പ്രകാരം 107130/- രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിട്ടുണ്ട് ടി തുക ജനറൽ ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതാണ് ,ആയതിനു ശേഷം AB കേബിൾ ഡിപ്പാർട്മെന്റിൽ സ്റ്റോക്കില്ലാത്തതിനാൽ ടി പ്രവർത്തിയുടെ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവർത്തിയുടെ ലേബർ പാർട്ടും ABC LAYING WORK (മെറ്റീരിയൽസ് + ലേബർ ചാർജ് )ഉൾപ്പടെയുള്ള പ്രവർത്തിയുടെ തുകയായ 56418/- രൂപ ടെൻഡർ വഴി പ്രവർത്തി നടത്താവുന്നതാണ് ,ഡിപ്പാർട്മെന്റിൽ നിന്നും നല്കുന്ന മെറ്റീരിയൽസ് കോസ്‌റ്റ് ,SOC ,സൂപ്പർവിഷൻ ചാർജ് ഉൾപ്പടെ 50712 /- രൂപ ഡിപ്പാർട്മെന്റിൽ ഈടാക്കാവുന്നതാണ് , ടി പ്രവർത്തിക്കു ആവശ്യമായ തുകയായ 107130/-രൂപയുടെ എസ്റ്റിമേറ്റ് കൗൺസിലിന്റെ അംഗീകാരത്തിന്
കുറിപ്പ് 1 . 12/5/2026ലെ 12 ആം നമ്പർ ബഹു .PWSC യുടെ തീരുമാനപ്രകാരം ബഹു കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്

31. **വിഷയം (ഫയൽ നമ്പർ - 3027124-2026)**

G14/3027124-2026 - SASCI-കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത് -സംബന്ധിച്ചു

**വിവരണം**

2025-26 ലെ മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതി (SASCI ) പ്രകാരം നഗര തദ്ദേശ സ്ഥാപനങ്ങളിലെയും ക്ലസ്റ്ററുകളിലെയും സാങ്കേതിക തസ്തികകൾ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ

അനുവദിക്കുന്നതിനും, തസ്തികയിലേക്ക് ജീവനക്കാരെ നിയോഗിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 15.12.2025 ലെ GO (Ms)No.227/2025/LSGD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി തസ്തികകളിലേക്കുള്ള നിയമനം 21.02.2026 ലെ LSGD/PD/40025/2025-CSSB1 നമ്പർ ഉത്തരവ് പ്രകാരം സി എം ഡി യെ ചുമതലപ്പെടുത്തിയിട്ടുള്ളതും, 27.02.2026 ലെ CMD/GEN/RKB/1006/2026 നമ്പർ കത്ത് പ്രകാരം ആയതിലേക്ക് നിയമനം പൂർത്തീകരിച്ചു റാങ്ക് ലിസ്റ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ മുൻസിപ്പൽ കോർപറേഷനിലേക്ക് 7 ജീവനക്കാരെ നിയമിച്ചുകൊണ്ട് 05.03.2026 ലെ LSGD /PD /40025/2025 ഉത്തരവ് ലഭ്യമായെങ്കിലും 6 പേരെ താഴെപറയുന്ന പ്രകാരം ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് .

| ക്രമ നം . | പേര് | തസ്തിക | വേതനം | ജോലിയിൽ പ്രവേശിച്ച തീയതി | സെക്ഷൻ | മേൽനോട്ടം |
|---|---|---|---|---|---|---|
| 1 | വിഷ്ണുജ ഇ വി | ഹൈഡ്രോളജിസ്റ് | 46230/- | 25.03.2026 | വാട്ടർ സെക്ഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **2** | **പ്രശാന്ത് ശിവദാസ്** | **ഇലക്ട്രിക്കൽ എഞ്ചിനീയർ** | **46230/-** | **23.03.2026** | **എൻജിനീയറിങ് വിഭാഗം** | **എക്സിക്യൂട്ടീവ് എഞ്ചിനീയർ** |
| 3 | അംബിക അൻസുരാജ് | എൻവയോൺമെന്റൽ എഞ്ചിനീയർ | 46230/- | 25.03.2026 | ആരോഗ്യ വിഭാഗം | ക്ലീൻ സിറ്റി മാനേജർ |
| 4 | മുഹമ്മദ് ഫൈസൽ | മെക്കാനിക്കൽ എഞ്ചിനീയർ | 46230/- | 26.03.2026 | എൻജിനീയറിങ് വിഭാഗം | സൂപ്രണ്ടിങ് എൻജിനീയർ |
| 5 | ജിൻസി ഷാജി | ഫിനാൻസ് ഓഫീസർ | 32550/- | 26.03.2025 | അക്കൗണ്ട്സ് വിഭാഗം | അക്കൗണ്ട്സ് ഓഫീസർ |
| 6 | ആര്യ എൻ ഹരി | അക്കൗണ്ടന്റ് | 28100/- | 06.04.2026 | അക്കൗണ്ട്സ് വിഭാഗം | അക്കൗണ്ട്സ് ഓഫീസർ |

ആയത് ബഹു .കൗൺസിലിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.

32. **വിഷയം (ഫയൽ നമ്പർ - 983362-2026)**

E5-5210/2000 ---TWCCS - STREET LIGHT PURCHASE REG

**വിവരണം**

2000 ൽ തൃശ്ശൂർ കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ പഴയ മുനിസിപ്പാലിറ്റിയോട് ചേർ ന്നു കിടക്കുന്ന പഞ്ചായത്തുകൾ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുകയിണ്ടായി. ഈ സാഹചര്യത്തിൽ പഴയ മുനിസിപ്പൽ പ്രദേശത്തെ സ്ട്രീറ്റ് ലൈറ്റ് സംവിധാനങ്ങൾ വളരെ മികവുറ്റതും വെളിച്ചം ലഭിക്കുന്നതുമായിരുന്നു. എന്നാൽ കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ അവസ്ഥ അങ്ങേയറ്റം ശോചനീയമായിരുന്നു. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടത് സംബന്ധിച്ച അവസ്ഥ സംജാതമായതിനെ തുടർന്ന് അടിയന്തിരമായി സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയലുകൾ പർച്ചേസ് ചെയ്യേണ്ടതായി വന്നു. കോർപ്പറേഷൻ രൂപീകരണത്തിന്റെ പ്രാഥമികഘട്ടത്തിലായിരുന്നതിനാൽ ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ പർച്ചേസ് ചെയ്യുന്നതിന് കാലതാമസം നേരിടുമെന്നതിനാലും ആയത് ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തിന് കാരണമായിത്തീരുമെന്നതിനാലും പ്രതിഷേധം ഒഴിവാക്കുന്നതിനായി സഹകരണസ്ഥാപനമായ തൃശ്ശൂർ ഹോൾസെയിൽ കോ ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി (TWCCS) ൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് 11.10.2000 ൽ ബഹു. മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിക്കുകയുണ്ടായി. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് TWCCS ൽ നിന്നും 10,46,450/- രൂപയ്ക്ക് സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയലുകൾ നേരിട്ട് വാങ്ങിയിട്ടുള്ളത്.

10,46,450/- രൂപയ്ക്ക് ടെണ്ടർ നടപടികൾ കൂടാതെ സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയലുകൾ വാങ്ങിയ നടപടി ഓഡിറ്റ് തടസ്സപ്പെടുത്തിയതിനെതുടർന്ന്, ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനായി സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയലുകൾ TWCCS ൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സാധൂകരിക്കുന്നതിനായി 21.08.2008 ൽ ബഹു.സർക്കരിലേക്ക് കത്ത് നൽകിയിട്ടുള്ളതും ആയതിൽ ഉത്തരവ് ലഭ്യമായിട്ടില്ലാത്തതുമാണ്. 11.02.2009 ൽ ബഹു. നിയമസഭാസമിതി നഗരസഭയിൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ TWCCS ൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങിയ നടപടി മൂന്ന് മാസത്തിനകം ക്രമവൽക്കരിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ലഭ്യമാക്കുന്നതിനായി 26.02.2009, 12.11.2009, 09.08.2011, 29.02.2016, 15.05.2017, 28.4.2026 തീയതികളിൽ സർക്കാരിലേക്ക് കത്തുകൾ അയച്ചിട്ടുള്ളതും എന്നാൽ സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയൽ വാങ്ങിയ നടപടി ക്രമവൽക്കരിച്ച് സർക്കരിൽ നിന്നും ഉത്തരവ് ലഭ്യമായിട്ടില്ലാത്തതുമാണ്.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പിന്റെ 25.04.2026 ലെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ 02.05.2026 ന് 11.00 എ എം ന് നടന്ന ഓൺലൈൻ മീറ്റിങ്ങിൽ ടി വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതിന്റെ ആവശ്യകത എടുത്ത് പറയുകയും വിഷയം പരിഹരിക്കുന്നതിനായി അടിയന്തിരമായി കൌൺസിലിൽ പുതിയ അജണ്ട സമർപ്പിച്ച് തീരുമാനത്തോട് കൂടി സർക്കാരിലേക്ക് കത്ത് നൽകേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 20.12.2000 ൽ 10,46,450/- രൂപയ്ക്ക് ടെണ്ടർ നടപടികൾ കൂടാതെ സ്ട്രീറ്റ് ലൈറ്റ് മെറ്റീരിയലുകൾ വാങ്ങിയ നടപടി ക്രമവൽക്കരിച്ച് ഉത്തരവാകുന്നതിനായി ബഹു. സർക്കാരിലേക്ക് കത്ത് നൽകുന്ന വിഷയം ബഹു. കൌൺസിൽ മുൻപാകെ.

33. **വിഷയം (ഫയൽ നമ്പർ - 1205524-2024)**

തൃശ്ശൂർ കോർപ്പറേഷൻ ജലവിതരണ വിഭാഗം-താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച്

**വിവരണം**

21-3-2007 തിയ്യതിയിലെ ബഹു. സർക്കാർ ഉത്തരവ് നം.11391/എ1/07/ത.സ്വ.ഭ.വ. പ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ ജലവിതരണ വിഭാഗത്തിൽ അസി.എഞ്ചിനീയർ-1,ഓവർസിയർ ഗ്രേഡ്1- 1, ഓവർസിയർ ഗ്രേഡ്2-1,പ്ലംബർ-1,ക്ലർക്ക്-1, മീറ്റർ റീഡർ- 18 എന്നീ 23 താൽക്കാലിക തസ്തികകളിലേക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് അനുമതിയുള്ളതാണ്.

ജലവിതരണ വിഭാഗത്തിൽ ഒഴിവുള്ള അസി.എഞ്ചിനീയർ-1, ഓവർസിയർ ഗ്രേഡ്1-1,, പ്ലംബർ-1, മീറ്റർ റീഡർ-6 എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിക്വിസിഷൻ നൽകിയിട്ടുള്ളതാണ്. ആയതുപ്രകാരം മേൽ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായിട്ടുള്ളതും ഇന്റർവ്യു തിയതി നിശ്ചയിച്ച് ഉദ്യോഗാർത്ഥികൾക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഇന്റർവ്യു നടപടികൾ നീട്ടിവെച്ചിട്ടുള്ളതും പെരുമാറ്റച്ചട്ടം അവസാനിക്കുന്നമുറക്ക് നിയമന നടപടികൾ പുനരാരംഭിക്കുന്നതുമാണ്.( കുടിവെള്ള വിതരണം അവശ്യ സർവ്വീസ് ആകയാലും ജലവിതരണ വിഭാഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും പ്ലംബർ ഒഴികെയുള്ള മേൽ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരെ, ടിയാളുകളുടെ അപേക്ഷ, പ്രവർത്തിപരിചയം എന്നിവ പരിഗണിച്ചും ബഹു.കൌൺസിൽ തീരുമാനത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന നടപടികൾ പൂർത്തീകരിക്കുന്നതുവരേക്കും താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്.) ഓവർസിയർ ഗ്രേഡ്2-1, 2 മീറ്റർ റീഡർമാർ എന്നിവരുടെ ഒഴിവുകളിലേക്ക് റിക്വിസിഷൻ നൽകിയതുപ്രകാരം ലിസ്റ്റ് ലഭ്യമാകാനുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024 ജനുവരി മുതൽ ഫയൽ കൈമാറ്റം കെ സ്മാർട്ട് സംവിധാനം മുഖേനയാണ് നടത്തുന്നത്. പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള റാങ്ക് ലിസ്റ്റിലെ 1,2 ഉം ഉദ്യോഗാർത്ഥികൾ ജോലിക്ക് ഹാജരാകുന്നില്ലെന്ന് അറിയിച്ചതിനാലും അക്കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിരുന്ന ക്ലർക്ക്, കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തതിനാൽ ജോലിയിൽ തുടരുന്നില്ലെന്ന് അറിയിച്ചതിനെ തുടർന്നും ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം ക്ലർക്ക് തസ്തികയിലേക്ക് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥിയെ കുടുംബശ്രീ മുഖേന നിയമിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിന് എംപ്ലോയ്മെന്റിലേക്ക് കത്ത് നൽകിയെങ്കിലും കംപ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി യോഗ്യത പുനർ നിർണയിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം സാധിക്കില്ലെന്ന് അറിയിച്ചതിനെ തുടർന്ന് ടി വിഷയം ബഹു.കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതും 06.08.2024 ലെ 68-ാം നമ്പർ തീരുമാനം പ്രകാരം യോഗ്യത പുനർ നിർണയിക്കുന്നതിന് സർക്കാരിലേക്ക് അനുമതിക്കായി കത്ത് സമർപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ സർക്കാരിൽ നിന്നും യോഗ്യത പുനർ നിർണ്ണയിച്ചുകൊണ്ടുള്ള അനുമതി ലഭ്യമായിട്ടില്ലാത്തതാണ്.നിയമന കാലാവധിയായ 179 ദിവസം പൂർത്തിയാകുന്ന മുറക്ക് ടി ക്ലർക്കിനെ വിടുതൽ ചെയ്യുകയും പിന്നീട് കൌൺസിൽ തീരുമാനപ്രകാരം പുനർ നിയമനം നൽകിയിരുന്നതുമാണ്. നിലവിലെ ക്ലർക്കിന്റെ നിയമന കാലാവധി 17.04-2026

ൽ അവസാനിച്ചതിനെ തുടർന്ന് വിടുതൽ ചെയ്തിട്ടുള്ളതും ടി സീറ്റിൽ നിലവിൽ ആളില്ലാത്ത സാഹചര്യമാണുമുള്ളത്.
ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ ഉത്തരവ് പ്രകാരം 10 മീറ്റർ റീഡർമാർ ജലവിതരണ വിഭാഗത്തിൽ ജോലിയിൽ തുടരുന്നുണ്ട്..സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്നത് അനിശ്ചിതമായി വൈകുന്ന സാഹചര്യമാണുള്ളത്.സ്റ്റേ ഉത്തരവ് പ്രകാരം തുടരുന്നവർക്കിടയിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തി അച്ചടക്ക നടപടികൾ നേരിടുന്നവരും ഉണ്ട്. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്റ്റേ ഉത്തരവ് പ്രകാരം തുടരുന്നതിനാൽ സാമ്പത്തിക ബാദ്ധ്യത ഈടാക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.
ജലവിതരണ വിഭാഗത്തിലെ മേൽ ജീവനക്കാർ എംപ്ലോയ്മെന്റ് മുഖേന നിയമിക്കുന്ന താൽക്കാലിക ജീവനക്കാർ ആയതുകൊണ്ട് 179 ദിവസം പൂർത്തിയാകുന്ന മുറക്ക് ടിയാളുകളെ വിടുതൽ ചെയ്യേണ്ടി വരുന്നതും വീണ്ടും പുതിയ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുന്നതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതും ജലവിതരണ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനെ ബാധിക്കുന്നുണ്ട്.വാർഡുകളിൽ മീറ്റർ റീഡിംഗിന് ആളില്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് കൃത്യമായ ബിൽ നൽകുന്നതിന് സാധിക്കാതെ വരുന്നത് പരാതികൾക്ക് കാരണമാകുന്നു. മേൽ വിഷയം ബഹു.കൗൺസിലിന്റെ അറിവിലേക്കും ഈ സാഹചര്യത്തിൽ മേൽ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്ന വിഷയത്തിൽ ബഹു സർക്കാർ അനുമതിക്ക് അയക്കുന്ന വിഷയം പരിഗണനക്കുമായി സമർപ്പിക്കുന്നു.

34. **വിഷയം (ഫയൽ നമ്പർ - 3904092-2026)**

തൃശ്ശൂർ കോർപ്പറേഷൻ 45-ാം ഡിവിഷനിലെ തുരുത്ത് നെടുപുഴ ബണ്ട് റോഡ് പൂർത്തീകരണം 4-ാം ഘട്ടം-പ്രോജക്റ്റ് നമ്പർ-1993/25 എന്ന പ്രവൃത്തി റദ്ദ് ചെയ്ത് SD,PG എന്നിവ തിരികെ കരാറുകാരന് നൽകുന്നതിനായി ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 45-ാം ഡിവിഷനിലെ തുരുത്ത് നെടുപുഴ ബണ്ട് റോഡ് പൂർത്തീകരണം 4-ാം ഘട്ടം-പ്രോജക്റ്റ് നമ്പർ-1993/25 എന്ന പ്രവൃത്തക്ക് കരാറുകാരനായ ടി എൽ ആന്റോ എന്നവർ 17.07.2025 തിയ്യതിയിൽ 22/EE2/LSGD/25-26 നമ്പർ പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ളതും 24.07.2025 ന് SHO നല്കിയിട്ടുള്ളതുമാണ്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ തിയ്യതി 23.01.2026 ആണ്. പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടുള്ളതും TOE നുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ടി പ്രവൃത്തിക്ക് ഫണ്ട് വകയിരുത്തിയിട്ടുള്ളത് LOAN FUND ആണ്.
വർഷത്തിൽ ഒറ്റ കൃഷി നടത്തുന്ന കോൾപാടത്തിന്റെ അകത്തുകൂടിയാണ് പ്രസ്തുത റോഡ് ചെയ്യേണ്ടത്. മാരാർ കോൾപടവ് ബണ്ട്. പള്ളി കോൾപടവ് ബണ്ട് എന്നീ രണ്ട് ബണ്ടുകൾ 2024 ഡിസംബർ ആദ്യവാരത്തിൽ പൊട്ടിയതിനെ തുടർന്ന് ഏകദേശം 3 മുതൽ 4 മീറ്റർ വരെ ഉയരത്തിൽ കോൾപാടങ്ങൾ വെള്ളത്തിൽ മുങ്ങികിടക്കുകയാണ്. ഒക്ടോബർ, നവംബർ മാസങ്ങളിൽ സാധാരണ കൃഷിക്കായി പാടത്തിൽ കയറ്റിയിട്ട വെള്ളം വറ്റിച്ച് കൃഷി ആരംഭിച്ച് അത് മാർച്ച് മാസത്തിൽ കൊയ്ത്ത് നടത്തിയതിനു ശേഷം മാത്രമേ ടി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. ആ സമയത്താണ് ബണ്ടുകൾ തകർന്ന് പ്രവൃത്തി സ്ഥലം മുഴുവൻ വെള്ളത്തിൽ മുങ്ങിയതും തത്സ്ഥിതി

തുടരുന്നതും. ബണ്ടുകൾ പുനസ്ഥാപിച്ച് വെള്ളം വറ്റിച്ച് കൃഷി ഇറക്കുന്നതിന് പാടശേഖര സമിതിക്കും നാളിതുവരെയായി സാധിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നതിനാലും ബണ്ട് പുനസ്ഥാപിക്കാൻ വൈകുന്നതിനാലും അടുത്ത കാലവർഷം തുടങ്ങുന്നതിനുമുൻപ് പ്രവൃത്തി ചെയ്ത് തീർക്കാൻ സാധിക്കുകയില്ല എന്നതിനാലും ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി SDയും,PGയും റിലീസ് ചെയ്തുനൽകണമെന്ന കരാറുകാരൻ ശ്രീ ടി എൽ ആന്റോ എന്നവരുടെ അപേക്ഷ ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്

1)സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട്

35. **വിഷയം (ഫയൽ നമ്പർ - 3623216-2026)**

തൃശൂർ കോർപ്പറേഷൻ-പൊതുഭരണവിഭാഗം- ജീവനക്കാര്യം- ശ്രീ ജയപാൽ ഐ.വി, ശ്രീ സൈജു പി.സി എന്നിവരെ സസ്പെൻഡ് ചെയ്തത് - തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ റവന്യൂ വിഭാഗം കാഷ്യർ ആയിരുന്ന ശ്രീ.സൈജു.പി.സി എന്നവർ ക്യാഷ് കൌണ്ടറിലെ ചുമതലകൾ നിർവഹിക്കാതിരിക്കുന്നതായും, നികുതിദായകരുടെ പക്കൽ നിന്നും പിന്നീട്അടവാക്കി നൽകാമെന്ന് പറഞ്ഞ് പണം കൈപ്പറ്റുന്നതായും ഉള്ള റവന്യൂ വിഭാഗം സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാനെ അന്വേഷണ വിധേയമായി 28.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. വിൽവട്ടം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ. ജയപാൽ.ഐ.വി എന്നവർ അഗതി മന്ദിരത്തിലേക്ക് ഭക്ഷണത്തിന് തുക അടവാക്കാൻ വരുന്നവരിൽ നിന്നും, പണം ക്യാഷ് കൌണ്ടറിൽ അടച്ച് രശീത് നൽകാതെ നേരിട്ട് കൈപ്പറ്റുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 10.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ അന്വേഷണവിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്.

സസ്പെൻഷനുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രീ.ജയപാൽ.ഐ വി, ശ്രീ.സൈജു.പി.സി എന്നിവരെ 06-05-2026 ന് അഡീഷണൽ സെക്രട്ടറിയുടെ ചേംബറിൽ ഹിയറിംങ് നടത്തിയിട്ടുള്ളതും ടി ഹിയറിങ്ങിൽ തെറ്റുകൾ മാപ്പാക്കി, തുടർനടപടികൾ അവസാനിപ്പിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ടിയാന്മാർ അറിയിച്ചിട്ടുള്ളതും എന്നാൽ ടിയാൾക്കെ തിരെ സാമ്പത്തിക വിഷയങ്ങളിൽ ക്രമക്കേട് പരാതി ഉണ്ടായിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടെന്നും മേലുദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു . ആയത് പ്രകാരം ശ്രീ.ജയപാൽ.ഐ.വി, ശ്രീ.സൈജു.പി.സി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കുന്ന വിഷയം കൌൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ്:**

(1) കോർപ്പറേഷൻ കൌൺസിലിൻറെ 21-01-2026 തീയതിയിലെ 18,19 തീരുമാനങ്ങൾ പ്രകാരം ശ്രീ. ജയപാൽ ഐ വി, ശ്രീ. സൈജു പി സി എന്നിവരെ സസ്പെൻഡ് ചെയ്ത നടപടി കൌൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്.

(2) രണ്ട് ജീവനക്കാരും ഗുരുതരമായ കൃത്യ വിലോപമാണ് നടത്തിയിരിക്കുന്നത. ആകയാൽ തുടർനടപടിക്കായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്

36. **വിഷയം (ഫയൽ നമ്പർ - 4277731-2026)**

തൃശ്ശൂർ കോർപ്പറേഷൻ -ഡിവിഷൻ 12 - വി.എച്ച്.എസ്.എസ്. ലാബ് കെട്ടിടത്തിന് നമ്പർ നൽകുന്നതിനായുള്ള ചട്ട ലംഘന ഇളവ് അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും, ഫയർ ഫൈറ്റിംഗ് സിസ്റ്റം, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 12-ാം ഡിവിഷനിൽ പൊതുമരാമത്ത് വകുപ്പ് (PWD) നിർമ്മിച്ച വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ (VHSS) പുതിയ ലാബ് കെട്ടിടത്തിന് നിലവിലെ സാഹചര്യത്തിൽ കെട്ടിട നമ്പർ (Building Number) നൽകാൻ സാധിച്ചിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, കേരള നഗരസഭ കെട്ടിട നിർമ്മാണ ചട്ടം 2019 (KMBR 2019), ചട്ടം 3(4) പ്രകാരമുള്ള പ്രത്യേക ഇളവ് അനുവദിച്ചു കിട്ടുന്നതിനായി കൃത്യമായ മാർഗ്ഗരേഖകൾ പാലിച്ച് (Through Proper Channel) സർക്കാരിലേക്ക് ഫയലുകൾ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.കൂടാതെ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി കോർപ്പറേഷൻ നേരിട്ട് നടത്തേണ്ട രണ്ട് അടിയന്തിര നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്
1.കെട്ടിടത്തിനായുള്ള **ഫയർ ഫൈറ്റിംഗ് സിസ്റ്റം** (Fire Fighting System) സ്ഥാപിക്കൽ.
2.KMBR ചട്ടം 76(2) പ്രകാരമുള്ള **മഴവെള്ള സംഭരണി** (Rain Water Harvesting System) നിർമ്മിക്കൽ.
ഈ രണ്ട് പ്രവൃത്തികൾക്കുമായി ആകെ **12 ലക്ഷം രൂപ** (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) ചിലവ് പ്രതീക്ഷിക്കുന്നു. ഈ തുക കോർപ്പറേഷന്റെ നടപ്പ് സാമ്പത്തിക വർഷത്തെ **(2026-27) വാർഷിക പദ്ധതിയിൽ (Annual Plan)** ഉൾപ്പെടുത്തി വകയിരുത്താവുന്നതാണ്. ഫയർ ഫൈറ്റിംഗ് സിസ്റ്റം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണത്തിനായി 12 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തുക വകയിരുത്തുന്നതിനും ഭരണാനുമതി നൽകുന്ന വിഷയം കൌൺസിൽ പരിഗണനക്ക്

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

37. **വിഷയം (ഫയൽ നമ്പർ - 2686183-2026)**

E 4-a-6584/25 TCED AUDIT REPORT 24-25 REG

**വിവരണം**

E 4-a-6584/25
തൃശൂർ കോർപറേഷൻ വൈദ്യുതി വിഭാഗത്തിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വരവ് ചിലവ് കണക്കിൻ മേലുള്ള ഓഡിറ്റ് റിപ്പോർട്ട് തൃശൂർ കോർപറേഷൻ ഓഡിറ്റ് വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് . ആയതും ഡിപ്പാർട്മെന്റ്തല മറുപടിയും ബഹു :കൗൺസിലിന്റെ പരിഗണനക്കായി .

38. **വിഷയം (ഫയൽ നമ്പർ - 52571-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേ,ൻ -നഗരാസൂത്രണം വിഭാഗം -ശ്രീ . സുരേഷ് ,കൂട്ടാലയ്ക്കൽ വീട്, എന്നവാർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്

**വിവരണം**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ തൃശൂർ താലൂക്ക് കണിമംഗലം വില്ലേജ് സർവ്വേ നമ്പർ 308 ൽ ഉൾപ്പെടുന്ന 0.0118 ഹെ.ഭൂമി (2.91 സെന്റ് ) പതിച്ചു കിട്ടുന്നതിനായി കൂട്ടാലയ്ക്കൽ വേലായുധൻ മകൻ ശ്രീ.സുരേഷ് എന്നവർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി BTR പ്രകാരം പുറമ്പോക്ക് കന്നുകാലി മേച്ചിൽസ്ഥലം ആണെന്നും ടി ഭൂമിയുടെ പടിഞ്ഞാറെ അതിര് കോർപ്പറേഷന്റെ റോഡ് ആയതിനാൽ ഭൂമി പതിച്ചു നൽകുന്നതിന് വകുപ്പിന്റെ അഭിപ്രായവും കൌൺസിൽ തീരുമാനവും ലഭ്യമാക്കുന്നതിന് തൃശൂർ തഹസിൽദാർ 12.06.2024 ന് നൽകിയ TLKTSR/3291/2024-C4 നമ്പർ കത്ത് ബഹു.കൌൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. കണിമംഗലം വില്ലേജ് സർവ്വേ നമ്പർ 308 ൽ അപേക്ഷകനും കുടുംബവും 20 വർഷമായി താമസിക്കുന്നുണ്ടെന്നും അംഗീകൃത അമൃത് മാസ്റ്റർ പ്ലാൻ പ്രകാരം റെസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നുണ്ടെന്നും, സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്ത് 3.20 മീറ്റർ വീതിയിലുള്ള കോൺക്രീറ്റ് റോഡ് കാണുന്നുണ്ടെന്നും ടി റോഡിന് വൈഡനിങ്ങ് ബാധകമല്ലെന്നും മറ്റു വികസന പ്രവർത്തനങ്ങൾക്ക് ടി ഭൂമി ബാധകമാകില്ലെന്നും പട്ടയം അനുവദിക്കുന്നതിനു അപേക്ഷിച്ചിരിക്കുന്ന ഭൂമി ഒഴികെ അപേക്ഷകന് ഏകദേശം 155.5 m2 സ്ഥലം കൈവശത്തിൽ ഉണ്ടെന്നും കൈവശമുള്ള ഭൂമിയിൽ ആണ് അപേക്ഷകന്റെ വീട് നിലനിൽക്കുന്നതെന്നും പട്ടയം അനുവദിക്കാൻ അപേക്ഷിച്ച ഭൂമിക്ക് ശരാശരി 18.625 m നീളവും 6.3 m വീതിയും ഉണ്ടെന്നും ആയത് കോർപ്പറേഷൻ റോഡിനോട് ചേർന്ന് കിടക്കുന്നതാണെന്നും അപേക്ഷകന്റെ വീടിന്റെ മുൻ ഭാഗത്തു സൗകര്യപ്രദമായ രീതിയിൽ വഴി ഉള്ളതാണെന്നും ആയതിനാൽ ടി ഭൂമിയിൽ പട്ടയം അനുവദിക്കേണ്ട സാഹചര്യം കാണുന്നില്ലെന്നും കോർപ്പറേഷൻ റോഡിനോട് ചേർന്ന ഭൂമി കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്നും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.തൃശ്സുർ എഞ്ചീനിയറിംഗ് വിഭാഗത്തിന്റെ റീപ്പോർട്ട് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻറെ വികസ്ന പ്രവർത്തനത്തിന് ടി സ്ഥലം ഉപയോഗിക്കവുന്നതിന്റെ അടിസ്ഥനത്തിൽ 30/10/2025 6 തീരുമാനം പ്രകാരം നാഗരസൂത്രണ കമ്മിറ്റി ശ്രീ സുരേഷിന് പട്ടയം അനുവദിക്കേണ്ട എന്ന് തിരുമാനിച്ചിരിക്കുന്നു.

39. **വിഷയം (ഫയൽ നമ്പർ - 1184431-2024)**

തൃശ്ശൂർ കോർപ്പറേഷൻ-ജലവിതരണ വിഭാഗം-വെറ്റ്-ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം സംബന്ധിച്ച്

**വിവരണം**

ജലവിതരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമമാക്കുന്നതിന് വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ (WET) പദ്ധതിയുടെ ഭാഗമായി ബില്ലിംഗ് & ഓൺലൈൻ പെയ്മെന്റ് നടപ്പിലാക്കുന്നതിന് ഡാറ്റാ ബേസ് തയ്യാറാക്കുന്നതിലേക്ക് നിലവിൽ ഓഫീസിൽ

സൂക്ഷിച്ചിട്ടുള്ള കണക്ഷൻ ആന്റ് ഡിസ്കണക്ഷൻ രജിസ്റ്ററുകളിലെ ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ULCCS തന്നിരിക്കുന്ന ഫോർമാറ്റിൽ ഡാറ്റാ എൻട്രി നടത്തി നിലവിൽ വെള്ളക്കരം ബില്ലുകൾ നൽകുന്നതുമായി താരതമ്യം ചെയ്ത് വെരിഫിക്കേഷൻ ചെയ്യുന്നതിന് നിലവിലെ ജലവിതരണ വിഭാഗം ജീവനക്കാർ അപര്യാപ്തമായതിനാൽ 4 പേരെ 2024 മെയ് മാസം മുതൽ ഡാറ്റാ എൻട്രി ജോലികൾക്കായി നിയോഗിച്ചിട്ടുള്ളതാണ്. അടിസ്ഥാന വിവരങ്ങളുടെ ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതും ULCCS ന്റെ നിർദ്ദേശ പ്രകാരം നിലവിലുള്ള ഫോർമാറ്റിൽ ചെറിയ മാറ്റങ്ങൾ വരുത്തി ജനുവരി മാസം മുതലുള്ള റീഡിംഗ് രേഖപ്പെടുത്തിവരുന്നതുമാണ്. ജലവിതരണ വിഭാഗം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നത് വരേക്കും പഴയ നഗരസഭാപ്രദേശത്തെ 1 മുതൽ 32 വരെയുള്ള വാർഡുകളിലെ ഓരോമാസത്തേയും റീഡിംഗ് രേഖപ്പെടുത്തുന്നതിന് ടി ജീവനക്കാരുടെ സേവനം അത്യാവശ്യമാണ്. ആയതിനാൽ ജലവിതരണ വിഭാഗം ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിന്റെ തുടർ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ ജോലിയിൽ തുടരുന്നത് സംബന്ധിച്ച വിഷയം ബഹു.കൌൺസിലിന്റെ പരിഗണനക്കായി.

കുറിപ്പ്-

1.ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് ബഹു.മേയർ 17-05-2024 ൽ നൽകിയ മുൻകൂർ അനുമതി ബഹു.കൌൺസിലിന്റെ 28-10-2024 ലെ 8-ാം നമ്പർ തീരുമാനപ്രകാരം സാധൂകരിച്ചിട്ടുള്ളതാണ്.

2.മീറ്റർ റീഡിംഗ്, ULCCS ഫോർമാറ്റിൽ ഓരോ ദിവസവും രേഖപ്പെടുത്തേണ്ടതിനാലും ജലവിതരണ വിഭാഗം ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിന്റെ തുടർ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം അത്യന്താപേക്ഷിതമാണ്.

40. **വിഷയം (ഫയൽ നമ്പർ - 1782884-2024)**

മാസാന്ത്യകണക്ക് അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷന്റെ 2025 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസാന്ത്യകണക്കുകൾ 13.2.26 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 85-)0 നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.ആയത് ബഹു.കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| Month | Opening Balance | Receipt | Total | Payment | Balance |
|---|---|---|---|---|---|
| Apr-25 | 1402117313 | 92629957 | 1494747270 | 69953758 | 1424793512 |
| May-25 | 1424793512 | 76503897 | 1501297409 | 107899630.5 | 1393397779 |
| Jun-25 | 1393397779 | 396659836 | 1790057615 | 65655643 | 1724401972 |
| Jul-25 | 1724401972 | 107167021 | 1831568993 | 124862903 | 1706706090 |

| | | | | | |
|---|---|---|---|---|---|
| Aug-25 | 1706706090 | 112272340 | 1818978430 | 107511217 | 1711467213 |
| Sep-25 | 1711467213 | 108997930 | 1820465143 | 210273538 | 1610191605 |
| Oct-25 | 1610191605 | 51143983.3 | 1661335588 | 147055775 | 1514279813 |
| Nov-25 | 1514279813 | 79500678 | 1693780491 | 81971796 | 1511808695 |
| Dec-25 | 1511808695 | 37809499.8 | 1549618195 | 83216984 | 1466476411 |

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

41. **വിഷയം (ഫയൽ നമ്പർ - 4278513-2026)**

ബഹു. തൃശ്ശൂർ MLA ശ്രീ. പി. ബാലചന്ദ്രൻ ശുപാർശ ചെയ്ത ഡിവിഷൻ 6 രാമവർമപുരം - മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ബഹു. കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

**വിവരണം**

ബഹു. തൃശ്ശൂർ MLA ശ്രീ. പി. ബാലചന്ദ്രൻ ശുപാർശ ചെയ്ത, 2025-26 വർഷത്തെ MLA ആസ്തി വികസന ഫണ്ടിൽ നിന്നും തൃശൂർ കോർപ്പറേഷൻ ഡിവിഷൻ 6 രാമവർമപുരത്ത് താഴെ പറയുന്ന 6 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തൃശൂർ കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് ബഹു. ജോയിന്റ് ഡയറക്ടറുടെ 16.03.2026 തീയതിയിലെ എൽഎസ്ജിഡി/JD/TSR/1873/2026-എഫ്5 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ:

1. ഡിവിഷൻ 6 – രാമവർമപുരം – മാർവെൽ നഗർ
2. ഡിവിഷൻ 6 – രാമവർമപുരം –ആഘോഷം കോർണർ തോപ്പ് വഴി
3. ഡിവിഷൻ 6 – രാമവർമപുരം –ജില്ലാ ജയിലിന് പുറകുവശം
4. ഡിവിഷൻ 6 – രാമവർമപുരം –രാമവർമപുരം സ്കൂൾ പരിസരം
5. ഡിവിഷൻ 6 – രാമവർമപുരം – ആനപ്പാറ അംഗൻവാടി
6. ഡിവിഷൻ 6 – രാമവർമപുരം – ആനപ്പാറ റേഷൻ കട

മേൽ വിവരങ്ങൾ ബഹു. കൗൺസിലിന്റെ അനുമതിക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

കുറിപ്പ് / നിബന്ധനകൾ: സ്ഥാപിക്കപ്പെടുന്ന തെരുവ് വിളക്കുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പരിപാലന ചുമതല , ഇലക്ട്രിസിറ്റി ചാർജ് ഉൾപ്പെടെയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകളും കോർപ്പറേഷൻ വഹിക്കേണ്ടതാണ്.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

42. **വിഷയം (ഫയൽ നമ്പർ - 3448752-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 34 - സെന്റ് മേരീസ് സ്ട്രീറ്റിൽ ഈസിക്കുന്ന് കുളം നവീകരണ പ്രവർത്തി അമൃത് പദ്ധതിയിൽ ഉൾപെടുത്തുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 34 കുരിയച്ചിറ വെസ്റ്റിൽ ഉൾപ്പെടുന്ന സെന്റ് മേരീസ് സ്ട്രീറ്റിൽ ഈസിക്കുന്ന് പ്രദേശത്തെ ഈസിക്കുന്ന് കുളം (8 സെന്റ് ) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എസ്റ്റിമേറ്റ് നടപടികൾ സ്വീകരിക്കണമെന്നുള്ള ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാന്റെ അപേക്ഷയിൽ ഈസ്റ്റ് സോണൽ അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം തൃശൂർ കോർപ്പറേഷൻ 34 ആം ഡിവിഷനിലെ ഈസികുന്നു കുളം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിനായി 1,88,00,000/- രൂപ (ഒരു കോടി എൺപത്തിയെട്ട് ലക്ഷം) ചെലവ് കണക്കാക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ചിയ്യാരം വിലേജിൽ 274/1 സർവ്വേ നമ്പറിൽ ഉള്ള ഈസിക്കുന്ന് കുളം നവീകരിക്കുന്ന പ്രവർത്തി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്ത വിഷയം ബഹു.കൌൺസിൽ പരിഗണനക്കായി
കുറിപ്പ്:- 1)ഈസികുന്നുകുളം നവീകരണ പ്രവർത്തിയുടെ എസ്റിമേറ്റും, വിലേജ് സ്കെച്ച്, ആസ്തി വിവരങ്ങളും ഉള്ളടക്കം ചെയ്തിട്ടുണ്ട്.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

43. **വിഷയം (ഫയൽ നമ്പർ - 1045187-2024)**

തൃശൂർ കോർപ്പറേഷൻ-പൊതുഭരണവിഭാഗം - KEXCON ( Kerala State Ex-Servicemen Development and Rehabilitation Corporation, Thiruvananthapuram) മുഖേന നിയമിച്ചിട്ടുള്ള സെക്യൂരിറ്റി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

കരാർ / ദിവസ വേതന ജീവനക്കാരുടെ വേതനം 18/2/2026 തിയതിയിലെ ജി.ഒ(പി ) നം. 24/2026/ധന സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. തൃശൂർ മുൻസിപ്പൽ കോർപ്പറേഷനിലേക്ക് **KEXCON ( Kerala State Ex-Servicemen Development and Rehabilitation Corporation, Thiruvananthapuram)** എന്ന സ്ഥാപനം മുഖേന നിയമിച്ചിട്ടുള്ള സെക്യൂരിറ്റി ജീവനക്കാരുടെ വേതനം 01/04/2026 മുതൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള താഴെ പറയുന്ന നിരക്കിൽ അനുവദിക്കുന്ന വിഷയവും, വേതനത്തിനൊപ്പം, സർവ്വീസ് ചാർജ് (5%), GST(18%) എന്നിവ കൂടി ഉൾപ്പെടുത്തുന്ന വിഷയവും ബഹു. കൌൺസിൽ പരിഗണനക്ക്

| **കാറ്റഗറി** | **നിലവിലുള്ള വേതനം** | **പുതുക്കിയ വേതനം** |
|---|---|---|

| | | |
|---|---|---|
| ക്ലർക്ക്/ സെക്യൂരിറ്റി ഗാർഡ്/ഡി.ഇ.ഓ | 800/- | 840/- |

കുറിപ്പ്:- 1)കോർപ്പറേഷൻ കൌൺസിലിന്റെ 21/01/2026-ലെ 17-ാം നമ്പർ തീരുമാനപ്രകാരം 01.01.2026 മുതൽ കെക്സ്കോൺ എന്ന സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

2) **KEXCON ( Kerala State Ex-Servicemen Development and Rehabilitation Corporation, Thiruvananthapuram )** എന്ന സ്ഥാപനം ഹാജരാക്കിയ കരാറിൽ , സർവ്വീസ് ചാർജ് (5%) , GST ( 18%) എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

44. **വിഷയം (ഫയൽ നമ്പർ - 865764-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-പൊതുഭരണ വിഭാഗം-അധികവാഹനങ്ങൾക്കനുസൃതമായി-താല്കാലിക ദിവസവേതന നിരക്കിൽ 2 ഡ്രൈവർമാരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിച്ച-സേവന കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലെ അധികവാഹനങ്ങൾക്കനുസൃതമായി ദിവസവേതന നിരക്കിൽ താല്കാലിക ഡ്രൈവർമാരായി ജോലി ചെയ്തിരുന്ന ശ്രീ.ബൈജു.എം.ആർ എന്നവരുടെ സേവനകാലാവധി 14.05.2026 തീയ്യതിയിലും ശ്രീ.ഷാഹിദ് എന്നവരുടെ സേവനകാലാവധി 17.05.2026 തീയ്യതിയിലും പൂർത്തിയായിട്ടുള്ളതാണ്. താല്കാലിക ദിവസവേതന നിരക്കിൽ 3 മാസത്തേക്ക് അടുത്ത നിയമനം നടക്കുന്നത് വരെ ജോലിയിൽ തുടരുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയ വിഷയം സാധൂകരണത്തിനായി ബഹു.കൌൺസിൽ മുമ്പാകെ

കുറിപ്പ്

1)നിലവിൽ ഈ കാര്യാലയത്തിൽ അനുവദിച്ചിട്ടുള്ള 7LDV+2HDV തസ്തികകളിൽ ഒഴിവുകൾ ഇല്ലാത്തതാണ്.

2)യഥാക്രമം15.05.2026, 18.05.2026 എന്നീ തീയ്യതികളിൽ ടിയാളുകൾ സർവ്വീസ് ബ്രേക്ക് എടുത്തിട്ടുള്ളതാണ്.

3)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കരാർ/താല്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തണമെന്ന് ബഹു.പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.(30.10.2025 ലെ LSGD/55840/2023 DEF 6 നം കത്ത്)

4) ഡ്രൈവർമാരുടെ ലിസ്റ്റ് ( 2 പേരുടെ ) ലഭ്യമാക്കുന്നതിന് തൃശൂർ എംപ്ലോയ്മെന്റ് ഓഫീസർക്ക് അടിയന്തിരമായി കത്ത് നൽകുന്നതാണ്.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

45. **വിഷയം (ഫയൽ നമ്പർ - 2619143-2024)**

**വിവരണം**

തൃശൂർ കോർപ്പറേഷൻ ഡിവിഷൻ 54 ൽ അരണാട്ടുകര വില്ലേജ് സർവ്വേ നമ്പർ 223/2 ൽ ഉൾപ്പെട്ട 0.0202 ഹെക്ടർ ഭൂമിയിൽ, പുഴക്കൽ അഡിഷണൽ ഐ സി ഡി എസ് പ്രൊജെക്റ്റിന് കീഴിൽ പ്രവൃത്തിക്കുന്ന അങ്കണവാടി സെന്റർ നമ്പർ 47 ന് കെട്ടിടം നിർമ്മിക്കുന്നതിന് ഉടമസ്ഥതാവകാശം റവന്യു വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം വനിതാ ശിശു വകുപ്പിന് ഉപയോഗാനുമതി നൽകി ബഹു ജില്ലാ കളക്ടർ DCTSR/383/2019-B2 DTD: 08/11/2024 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നത് അംഗീകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് ശുപാർശ ചെയ്തു കൊണ്ടുള്ള ബഹു.ക്ഷേമകാര്യ കമ്മിറ്റിയുടെ 26/12/2024 ലെ 7-)0 നമ്പർ തീരുമാനം ബഹു.കൌൺസിൽ മുമ്പാകെ
കുറിപ്പ്:
1) ബഹു .ജില്ല കളക്ടരുടെ DCTSR/383/2019-B2 DTD: 08/11/2024 ഉത്തരവ് അന്യത്ര ചേർക്കുന്നു .
2) ജില്ലാ വനിത ശിശു വികസന ഓഫീസറുടെ DWCDO/ TSR/ 4057/2024 നമ്പർ കത്ത് അന്യത്ര ചേർക്കുന്നു .
3) ബഹു.ക്ഷേമകാര്യ കമ്മിറ്റിയുടെ 26/12/2024 ലെ 7-)0 നമ്പർ തീരുമാനം അന്യത്ര ചേർക്കുന്നു .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

46. **വിഷയം (ഫയൽ നമ്പർ - 954238-2024)**

ജി8-954238-2024- സ്റ്റോർ - പ്രിൻററുകൾ ഫോട്ടോ കോപ്പി മെഷീനുകൾ എന്നിവയുടെ ടോണർ റീഫിൽ ,ഡ്രം യൂണിറ്റ് ,അനുബന്ധ സ്പെയർ പാർട്സ്കൾ മാറ്റി സ്ഥാപിക്കൽ സംബന്ധിച്ച്

**വിവരണം**

കോർപ്പറേഷൻ ഓഫീസിലെ സോണൽ ഓഫീസുകൾ ഉൾപ്പടെ എല്ലാ വിഭാഗങ്ങളിലും ഉപയോഗിച്ചു വരുന്ന വിവിധ പ്രിൻററുകൾ, ഫോട്ടോ കോപ്പി മെഷീനുകൾ എന്നിവയുടെ ടോണർ റീഫിൽ , ഡ്രം യൂണിറ്റ് ,അനുബന്ധ സ്പെയർ പാർട്സ്കൾ മാറ്റി സ്ഥാപിക്കൽ മുതലായ പ്രവർത്തി അടുത്ത 3 വർഷത്തേയ്ക്ക് നടത്തുന്നതിനായി താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ലഭ്യമായ 3 ക്വട്ടേഷനുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ INDIA TECH SYSYTEM AND FORMS എന്നിവരുടെ ക്വട്ടേഷൻ അംഗീകരിക്കുന്ന വിഷയം ബഹു കൌൺസിൽ പരിഗണനയ്ക്ക്
കുറിപ്പ്
1) ടാബുലേഷൻ സ്റ്റേറ്റ്മെന്റ് അന്യത്ര ചേർക്കുന്നു

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

47. **വിഷയം (ഫയൽ നമ്പർ - 2972105-2025)**

തൃശൂർ മുൻസിപ്പൽ കോർപ്പറേഷൻ- ആരോഗ്യവിഭാഗം--ശക്തൻ സർക്കിളിൽനിന്നും 31/07/2023 ന് വിരമിച്ച സാനിറ്റേഷൻ വർക്കറായ ശ്രീ.ഷെരീഫ് .പി.എസ്. എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും, വിവിധ ശമ്പള പരിഷ്കരണങ്ങളിലെ അപാകതകൾ മൂലം ശമ്പള ഇനത്തിൽ അധികം കൈപറ്റിയ തായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയതിത് തിരകെ ഈടാക്കുന്നത് സംബന്ധിച്ച്

**വിവരണം**

1) തൃശൂർ മുൻസിപ്പൽ കോർപ്പറേഷൻ- ആരോഗ്യവിഭാഗം-ശക്തൻ സർക്കിളിൽനിന്നും 31/07/2023 ന് വിരമിച്ച സാനിറ്റേഷൻ വർക്കറായ ശ്രീ.ഷെരീഫ് .പി.എസ്. എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കിയതിന് 25/04/2026 തിയതിയിലെ .കെ.എസ്.എ( ടി.എസ്.സി ) - 8 222/2026 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് അംഗീകരിച്ച പെൻഷൻ ആനുകൂല്യങ്ങൾ ശ്രീ.ഷെരീഫ് .പി.എസ്. എന്നവർക്ക് അനുവദിക്കുന്നതിനുള്ള അനുമതിക്കായി വിഷയം ബഹു. കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു

Pension - 14665 /-
DCRG - 475241/-
Commutation - 690546/-
Commutation period - 01/08/2023 to 31/07/2033
Pension after Commutation = 8799/- + DR
Family Pension HR = 14665/- upto 11.07.2030
NR = 12690 /- and thereafter

2) വിവിധ ശമ്പള പരിഷ്കരണങ്ങളിലെ അപാകതകൾ മൂലം ശമ്പള ഇനത്തിൽ അധികം കൈപറ്റിയ തായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയതിനെ തുടർന്ന് അധികം കൈപറ്റിയ 1,52,595/- രൂപ ടിയാൻറെ ഡി.സി.ആർ.ജി. തുകയിൽ നിന്നും ഈടാക്കുന്നതിന് - ബഹു. കൌൺസിലിൻറെ അനുമതിക്കായി സമർപ്പിക്കുന്നു..

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു

48. **വിഷയം (ഫയൽ നമ്പർ - 2853409-2025)**

തൃശൂർ കോർപറേഷൻ പട്ടാളം - കടമുറി അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ പട്ടാളം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തപ്പോൾ കടമുറികൾ നഷ്ടപ്പെട്ട മുൻ വാടകക്കാരായ കച്ചവടക്കാരെ പുനരധിവാസം നടത്തിയതിൽ തങ്ങളെക്കൂടി ഉൾപെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീ.പി.ജെ.ജോയ്,ശ്രീ.ബിജു.പി.സൈമൺ എന്നിവർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)23937/23 നമ്പർ കേസിലെ 30/05/2024 തീയ്യതിയിലെ ഉത്തരവ് ബഹു.കൌൺസിലിന്റെ പരിഗണനക്ക്.

കുറിപ്പ്

1. ന്യൂ പട്ടാളം മാർക്കറ്റിൽ പുനരധിവാസ ആനുകൂല്യം നൽകി കടമുറികൾ അനുവദിക്കണമെന്ന ഹർജിക്കാരുടെ അപേക്ഷ പരിഗണിച്ച്, നേരിൽ കേൾക്കുന്നതിന് അവസരം നൽകി, ഒരു മാസത്തിനകം നിയമാനുസൃത തീരുമാനം എടുക്കുന്നതിനാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്.

2 . 05/09/2000 ലെ 2 ആം നമ്പർ കൌൺസിൽ തീരുമാന പ്രകാരം ഹർജിക്കാർക്ക് കടമുറി അനുവദിച്ചെങ്കിലും ടിയാളുകൾ വാടകക്കാരുടെ കൂട്ടത്തിലോ അവാർഡ് ലിസ്റ്റിലോ ഉൾപെടാത്തതിനാലും ടിയാളുകളുടെ സ്ഥലങ്ങൾ അക്വയർ ചെയ്യാത്തതിനാലും 02/11/2000 ലെ കൌൺസിൽ യോഗം മുൻ തീരുമാനം റദ്ദ് ചെയ്തിട്ടുള്ളതാണ്.

3. തുടർന്ന് ടിയാളുകൾ ഫയൽ ചെയ്ത OP 700/2001 നമ്പർ കേസിൻെറ വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ 21/11/2003 തീയ്യതിയിൽ ടിയാളുകളെ നേരിൽ കേൾക്കുകയും ടിയാളുകൾക്ക് പുനരധിവാസത്തിന് അർഹത ഉണ്ടെന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 27/03/2004 ലെ കൌൺസിൽ യോഗത്തിൽ കടമുറികൾ നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.
4. പിന്നീട് ബഹു.കേരള ഹൈക്കോടതിയിൽ ടിയാളുകൾ WPC 10761/2004 , WPC 11640/2004 എന്നീ നമ്പറുകളായി കേസുകൾ ഫയൽ ചെയ്തതിൽ WPC 11640/2004 നമ്പർ കേസിൽ പുനരധിവാസത്തിന് അർഹതയില്ലാത്തവർക്ക് കടമുറി അനുവദിക്കുന്ന പക്ഷം ഹർജിക്കാർക്കു വേണ്ടി കേസ് തീരുന്നത് വരെ കടമുറി ഒഴിച്ചിടണമെന്ന് ഇടക്കാല ഉത്തരവ് ഉണ്ടായെങ്കിലും, ടി നമ്പർ കേസുകളുടെ അന്തിമ വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ വിഷയം പരിഗണിച്ച് ടിയാളുകൾക്ക് കടമുറികൾക്ക് അർഹതയില്ലെന്നും കടമുറി അനുവദിക്കേണ്ടതില്ലെന്നും കൌൺസിൽ / കൌൺസിൽ രൂപീകരിച്ച കമ്മറ്റി തീരുമാനിച്ചിരുന്നു.
5. പരാതിക്കാർ വീണ്ടും ഫയൽ ചെയ്ത WPC 23915/2009 നമ്പർ കേസിൽ 3 മാസത്തിനകം തീരുമാനമെടുക്കാനുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് കടമുറി അനുവദിക്കേണ്ടതില്ലെന്ന് 10/01/2011 ൽ 162 നമ്പറായി കൌൺസിൽ തീരുമാനമെടുക്കുകയുണ്ടായി.
6. ടി തീരുമാനത്തിനെതിരെ ഫയൽ ചെയ്ത WPC 2886 /11 നമ്പർ കേസിൽ ഹർജി ഭേദഗതി ചെയ്ത് സമർപ്പിക്കുന്നതിൽ വന്ന കാലതാമസത്താൽ ( 12 വർഷം ) ടി കേസ് ഹൈകോടതി തള്ളുകയും തുടർന്നുള്ള റിവിഷൻ ഹർജി RP 662/23 പരിഗണിക്കാതെ പുതിയ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ഹർജിക്കാരോട് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചത്. തുടർന്നാണ് ഹർജിക്കാർ WPC 23937/23 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളത് .
7. ബഹു കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹരജിക്കാരെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. പട്ടാളം റോഡിൻെറ കൂടുതൽ വികസനത്തിനായി നടപടികൾ സ്വീകരിച്ചപ്പോൾ ടിയാളുകൾ കച്ചവടം ചെയ്തിരുന്ന കെട്ടിടം കൂടി പൊളിച്ചെടുത്തതിനാലാണ്കൌൺസിൽ തീരുമാനം പ്രകാരം ടിയാളുകൾക്ക് ആദ്യം കടമുറി അനുവദിച്ചതെന്നും മുനിസിപ്പാലിറ്റി കോർപ്പറേഷനായപ്പോൾ ലാൻറ് അക്വിസിഷൻെറ അവാർഡ് ലിസ്റ്റിൽ പേരില്ലാത്തതിനാൽ ടി തീരുമാനം റദ്ദ് ചെയ്ത് പിന്നീട് ടിയാളുകളെ ഒഴിപ്പിച്ചതാണെന്നും ആയതിനാൽ പുനരധിവാസത്തിൻെറ ഭാഗമായി കടമുറി അനുവദിക്കണമെന്നും മൊഴി നൽകിയിട്ടുള്ളതാണ്.
8. 120 കടമുറികളുള്ള ന്യൂ പട്ടാളം മാർക്കറ്റിൽ 2000 മുതൽ 5 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതിനാൽ വാടകയിനത്തിൽ കോർപറേഷന് വളരെയധികം ധനനഷ്ടം ഉണ്ടായി കൊണ്ടിരിക്കുകയാണ്.

9. 29/08/2025 തീയ്യതിയിലെ 41/1 നമ്പർ തീരുമാനം പ്രകാരം അടുത്ത കൌൺസിലിലേക്ക് മാറ്റി വെച്ചിട്ടുള്ളതിനാൽ വിഷയം ബഹു. കൌൺസിൽ മുമ്പാകെ പരിഗണനക്കായി പുന:സമർപ്പിക്കുന്നു.

49. **വിഷയം (ഫയൽ നമ്പർ - 1223553-2026)**

ESS-2537/25, Yard Lights @ SS

**വിവരണം**

2024-25 കാലയളവിലെ Electrical Inspectorate -ൽ നിന്നുള്ള Periodical Inspection -ന്റെ ഭാഗമായി നടത്തിയ Inspection -ൽ 110kV, 66kV യാർഡുകളിലെ damage ആയതും, repairing ആവശ്യവുമായ streetlight-കൾ മാറ്റുവാനും, Standardize ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ Sodium Vapour Lamp, HPSV, MH Lights, LED Lights എന്നിങ്ങനെ പലതരത്തിലുള്ള ലൈറ്റുകളാണ് ഉപയോഗത്തിലുള്ളത്. Damage ആയ light-കൾ repair ചെയ്യാനാവശ്യമായ spares ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. യാർഡിനുള്ളിൽ മതിയായ light-കൾ ഇല്ലെങ്കിൽ രാത്രി സമയങ്ങളിലെ reading-കളും operation-കളും നടത്തുന്നതിന് ദുർഘടമായ സാഹചര്യമുണ്ടാവും. ആയതിനാൽ സബ്സ്റ്റേഷനുകളിലെ Yard lighting മെച്ചപ്പെടുത്തുന്നതിനും, Standardize ചെയ്യുന്നതിനുമായ് പുതിയ LED Light-കൾ (Energy Efficient) വാങ്ങുന്നതിനായ് തയ്യാറാക്കിയ ₹: 2,25,000/- രൂപയുടെ estimate തുക അംഗീകരിക്കുന്നതിനും, നിയമാനുസൃതം ടെണ്ടർ നടപടികൾ സ്വീകരിച്ച് പുതിയ LED Light-കൾ വാങ്ങുന്നതിനുമുള്ള അനുമതിക്കുമായ് ബഹു. കൗൺസിൽ മുൻപാകെ.

കുറിപ്പ് :

1) 12/03/2025 -ന് Electrical Inspectorate-ൽ നിന്നും ലഭ്യമായ inspection report

2) 02/08/2025 -ലെ 14-ആം നമ്പർ തീരുമാനപ്രകാരം ബഹു. കമ്മിറ്റി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും, ടെണ്ടർ നടപടികൾക്കുമായ് ബഹു. കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

3) 29/09/2025 -ലെ ബഹു. കൗൺസിലിന്റെ സാധാരണ യോഗത്തിലെ 16/1 നമ്പർ തീരുമാനപ്രകാരം അജണ്ട അംഗീകരിച്ചു, എന്നാൽ അജണ്ടയിൽ രേഖപ്പെടുത്തിയ തുക ₹: 2,2500/- എന്നായിരുന്നു.

4) ടി തെറ്റ് പരിഹരിക്കുന്നതിനായി 10.11.2025 -ലെ ബഹു. കൗൺസിലിന്റെ അടിയന്തിരയോഗത്തിൽ അജണ്ട സമർപ്പിച്ചിരുന്നു. ബഹു. കൗൺസിലിന്റെ 6/1 നമ്പർ തീരുമാനപ്രകാരം അജണ്ട മാറ്റി വെക്കുന്നതിനു ബഹു. മേയർ നിർദ്ദേശിച്ചു.

50. **വിഷയം (ഫയൽ നമ്പർ - 2319940-2026)**

KSEB സ്മാർട്ട് മീറ്റർ ഉപഭോക്താക്കൾ പ്രീ പെയിഡ് ബില്ലിംഗിലേയ്ക്ക് മാറുന്നത് സംബന്ധിച്ച്

**വിവരണം**

കെ എസ് ഇ ബി ലിമിറ്റഡിന്റെ തീരുമാന പ്രകാരം 2026 മാർച്ച് 1 മുതൽ സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുള്ള എല്ലാ കണക്ഷനുകളും പ്രീപെയ്ഡ് ബില്ലിംഗ് രീതിയിലേയ്ക്ക് മാറുകയാണെന്നുള്ള അറിയിപ്പ് തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെട്ട എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫിസിൽ നിന്നും ലഭിച്ചിട്ടുണ്ട്, ആയത് സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ബഹു കൌൺസിലിന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു

1. KSEB SMART APP- സ്മാർട്ട് മീറ്റർ ഉപഭോക്താക്കൾക്കായ് പ്രത്യേകം തയ്യാറാക്കിയ ഈ ആപ്ലിക്കേഷൻ Google Play Store ൽ ലഭ്യമാണ്
2. വൈദ്യുതി ഉപയോഗം , പ്രീപെയ്ഡ് ബാലൻസ് തുക, റീചാർജ് സൈകര്യം എന്നിവ ഈ ആപ്പിലൂടെ തൽസമയം അറിയിയുവാൻ സാധിക്കും

കുറിപ്പ്

1)പ്രീപെയിഡ് ബാലൻസ് തീരുന്ന മുറയ്ക്ക് കണക്ഷൻ വിച്ഛേദിക്കപ്പെടുവാൻ സാധ്യതയുള്ളതിനാൽ തുടക്കത്തിൽതന്നെ ആവശ്യമായ തുക റീചാർജ് ചെയ്യേണ്ടതും ബാലൻസ് നിലനിർത്തേണ്ടതുമാണ്

2)പ്രീപെയ്ഡ് ബില്ലിലേക്കു മാറുന്നത് സംബന്ധിച്ച് തുടർനടപടികൾ KSEB ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ് . പൂർത്തീകരിക്കുന്ന മുറക്ക് KSEB യുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിക്കുന്നതാണ് എന്നാണ് അന്വേഷണത്തിൽ അറിയുവാൻ സാധിച്ചത്

51. **വിഷയം (ഫയൽ നമ്പർ - 983362-2026)**

EW3-5987/25 Section 3 LT/HT Posts Installation For AB Cable

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം സെക്ഷൻ-3 ന്റെ വിവിധ വാർഡുകളിൽ AB Cable സ്ഥാപിക്കുന്നതിന് തകരാറിലായ 25 LT പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും 20 HT പോസ്റ്റുകൾ പുതിയതായി സ്ഥാപിക്കുകയും ചെയ്യുന്ന പ്രവർത്തിയുടെ ലേബർ ഭാഗം ചെയ്യുന്നതിന് 4,91,946/- രൂപ (Incl GST) എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് M/S James Associates ,Poothole Thrissur എന്ന ക്രേതാവാണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ 4,91,000/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ്: 1. ടെണ്ടറിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- James Associates , Poothole Thrissur - 4,91,000/- (Incl GST)
- Ukru Kodankandath Kaysons Electricals, Lourdpuram - 4,92,000/- (Incl GST)
- Cosmo Power Controls,Poothole, Thrissur - 4,93,500/- (Incl GST)

2. ബഹു. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06.03.2026 തീയതിയിലെ 17-ആം നമ്പർ തീരുമാനപ്രകാരം James Associates , Poothole Thrissur എന്ന സ്ഥാപനത്തിന്റെ ദർഘാസ് അംഗീകാരത്തിനായി ബഹു. കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

52. **വിഷയം (ഫയൽ നമ്പർ - 3601026-2026)**

തൃശ്ശൂർ കോർപ്പറേഷൻ - സംസ്ഥാനത്ത് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) ശൃംഖല നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ആഗോള ഊർജ്ജ വിതരണത്തിലുണ്ടായ തടസ്സങ്ങളും എൽ.പി.ജി (LPG) ലഭ്യതയിലുണ്ടായ കുറവും പരിഹരിക്കുന്നതിനായി സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) ശൃംഖലയുടെ വ്യാപനം വേഗത്തിലാക്കാൻ ഭാരത സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സർക്കാർ പുറപ്പെടുവിച്ച സ.ഉ.(ആർ.റ്റി)നം.97/2026/എഫ് & സി എസ്

(തീയതി: 23.03.2026) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.
പ്രധാന മാർഗനിർദ്ദേശങ്ങൾ:
1.അനുമതികൾ: സിറ്റി ഗ്യാസ് പൈപ്പ് ലൈൻ ഇടുന്നതിനായി നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകളിൽ 24 മണിക്കൂറിനുള്ളിൽ അനുമതി നൽകേണ്ടതാണ്.
2.നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾക്ക് 'ഡീംഡ് പെർമിഷൻ' (Deemed Permission) നൽകുന്നതാണ്.
3.ഫീസുകൾ ഒഴിവാക്കൽ: സിറ്റി ഗ്യാസ് ശൃംഖലയുടെ വിപുലീകരണത്തിനായി ഈടാക്കുന്ന റോഡ് പുനരുദ്ധാരണ ചാർജ്ജും (Restoration charges) പെർമിഷൻ ഫീസും ഒഴിവാക്കേണ്ടതാണ്.
3.റോഡ് പുനരുദ്ധാരണം: പൊതുമുതലുകൾ (റോഡുകൾ) അതത് സിറ്റി ഗ്യാസ് ഏജൻസികൾ സ്വന്തം ചിലവിൽ നിശ്ചിത നിലവാരത്തിൽ പുനരുദ്ധരിക്കേണ്ടതാണ്.
4.പ്രവൃത്തി സമയം: സിറ്റി ഗ്യാസ് ഏജൻസികൾക്ക് ദിവസത്തിൽ 24 മണിക്കൂറും പ്രവർത്തിക്കാനുള്ള അനുമതി നൽകേണ്ടതാണ്. കാലവർഷം ഉൾപ്പെടെയുള്ള സീസണുകളിലും പ്രവൃത്തികൾ തുടരാൻ അനുമതി നൽകണം.
സംസ്ഥാന നോഡൽ ഓഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയമിച്ചിട്ടുള്ളതായും സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നഗരസഭാ പരിധിയിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതുമായതിനാൽ, മേൽ പറഞ്ഞ മാർഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി ബഹു .കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.
കുറിപ്പ്:ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമായ കത്ത് ,ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ കോപ്പി ഫയലിൽ ചേർത്തിട്ടുണ്ട്

53. **വിഷയം (ഫയൽ നമ്പർ - 6570576-2025)**

കാഞ്ചന കോൽ പാറ എന്ന് പേരുള്ള റോഡിനു ടി പേര് നിലനിർത്തിക്കൊണ്ടു കാഞ്ചന കോൾപാറ വിൽസൺ മാളിയേക്കൽ റോഡ് എന്ന് നാമകരണം ചെയ്യുന്നതിനുള്ള അപേക്ഷ.

**വിവരണം**

കാഞ്ചന കോൽ പാറ എന്ന് പേരുള്ള റോഡിനു ടി പേര് നിലനിർത്തിക്കൊണ്ടു കാഞ്ചന കോൾപാറ വിൽസൺ മാളിയേക്കൽ റോഡ് എന്ന് നാമകരണം ചെയ്യുന്നതിനുള്ള അപേക്ഷ.ടൌൺ പ്ലാനിങ് സ്റ്റാന്റിങ് കമ്മിറ്റിയുടെ 27/01/2026 ലെ തീരുമാന പ്രകാരം ബഹു കൌൺസിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്
കാഞ്ചന കോൽ പാറ എന്ന് നിലവിൽ പേരുള്ള റോഡിനു, മേൽ വഴിയിൽ താമസിച്ചിരുന്ന, പഴയ അയ്യന്തോൾ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, കാഞ്ചന കലാസമിതി പ്രസിഡന്റ്, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തിയുമായിരുന്ന ശ്രീ. വിൽസൺ മാളിയേക്കൽ എന്ന വ്യക്തിയോടുള്ള ആദര സൂചകമായി നിലവിൽ കാഞ്ചന കോൽ പാറ എന്ന് പേരുള്ള റോഡിനു ടി പേര് നിലനിർത്തിക്കൊണ്ടു കാഞ്ചന കോൾപാറ വിൽസൺ മാളിയേക്കൽ റോഡ് എന്ന് നാമകരണം ചെയ്യുന്നതിനായുള്ള തീരുമാനത്തിനായി സമർപ്പിക്കുന്നു.
കുറിപ്പ് - 47 - പുല്ലഴി - ഡിവിഷൻ കമ്മിറ്റിയുടെ 10/11/2023 തിയതിയിലെ യോഗത്തിലെ 4 ആം നമ്പർ നിർദേശമായും, 47 - പുല്ലഴി - ഡിവിഷൻ സഭയുടെ 07/07/2024 തിയതിയിലെ 4 ആം നമ്പർ തീരുമാനമായും മേൽപ്പറഞ്ഞ പ്രകാരമുള്ള പേ രുമാറ്റം സംബന്ധിച്ച ശുപാർശകൾ ഉള്ളതാണ്.

54. **വിഷയം (ഫയൽ നമ്പർ - 472107-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - റവന്യൂ വിഭാഗം - നഗരസഭ റസ്റ്റ് ഹൗസ് (ബിനി ടൂറിസ്റ്റ് ഹോം ) - ടെണ്ടർ നോട്ടീസ് വ്യവസ്ഥ ലംഘനം അപാകതയുമായി ബന്ധപ്പെട്ട പരാതിയിൽ WP (c) NO .31608 of 2024 - ബഹു.ഹൈക്കോടതി വിധിപ്രകാരം - ഉചിതമായ തീരുമാനം ബഹു.കൗൺസിൽ മുൻപാകെ കൈകൊള്ളുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭ റസ്റ്റ് ഹൗസ് (ബിനി ടൂറിസ്റ്റ് ഹോം ) നടത്തിപ്പിനായി 16.09.2022 തിയ്യതി നടത്തിയ ഓഫറിൽ ഏറ്റവും ഉയർന്ന തുകയായ 7,25,000 രൂപ ഓഫർ സമർപ്പിച്ചിട്ടുള്ള ശ്രീ ജനീഷ് പി എസ് ,മാനേജിങ്ങ് പാർട്ണർ, ശക്തൻ ചേമ്പേഴ്സ് എന്നവർക്ക് നൽകിയിരുന്നു. ആയതിലെ ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ,ടെണ്ടർ റദ്ദ് ചെയ്ത് റീ ടെണ്ടർ ചെയ്യണമെന്നാവശ്യ പ്പെട്ടുകൊണ്ട് , ശ്രീ ജെ കെ ആർ ,ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റ്ഡ് ,സി ജെ ടവർ എന്നവർ ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ള കേസിന്റെ വിധിന്യായത്തിൽ ബഹു.കൗൺസിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുള്ളതാണ്. വിഷയം ബഹു.കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

**കുറിപ്പ്**

തൃശ്ശൂർ നഗരസഭ റസ്റ്റ് ഹൗസ് (ബിനി ടൂറിസ്റ്റ് ഹോം ) നടത്തിപ്പിനായി ആറ് തവണ ടെണ്ടർ ക്ഷണിച്ചു. ആറാം തവണ ഓമന അശോകൻ മാത്രം പങ്കെടുത്തു. തുടർന്ന് ബഹു.മേയറുടെ അനുമതിയോടെ 16.09.2022 ന് ഓഫർ ക്ഷണിച്ചു.ആകെ 5 ഓഫർ ലഭിച്ചു.

1. ജനീഷ് പി എസ് - 7,25,000
2. ഗ്രോ പ്രോ ബിസിനസ് സർവീസ് - 7,05,000
3. ജെ കെ ആർ ,ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റ്ഡ് - 6,75,000
4. പ്രേം ജി കൊള്ളന്നൂർ - 5,90,000
5. ഓമന അശോകൻ - 5,40,000 ,

   കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത് ആളിനെ നെഗോഷിയേഷൻ വിളിക്കുന്നതിന് ബഹു.മേയർ 16.09.2022 ന് ഉത്തരവായി 19.09.2022 ന് 07,25,000 ൽ 25000/- രൂപ കൂട്ടി 7,50,000/- രൂപക്ക് ബഹു.മേയറുടെ ചേംബറിൽ നെഗോഷിയേഷൻ നടത്തി. മേൽ വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. പരാതിക്കാരനായ ജെ കെ ആർ ,ഡൊമിനിയൻ പ്രൈവറ്റ് ലിമിറ്റ്ഡ് മൂന്നാം സ്ഥാനക്കാരനാണ്.

55. **വിഷയം (ഫയൽ നമ്പർ - 3655004-2026)**

തൃശ്ശൂർ കോർപ്പറേഷൻ - വിയ്യൂർ പവർ ഹൌസിന് എതിർവശത്ത് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സിലുള്ള സ്മാർട്ട് മീറ്ററും, അനുബന്ധ ഉപകരണങ്ങളും കത്തിപ്പോയത് - തകരാറുകൾ പരിഹരിക്കുന്നതിനായി തുക അടവാക്കിയത് സംബന്ധിച്ച്

**വിവരണം**

വിയ്യൂർ പവർ ഹൌസിന് എതിർവശത്ത് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സിലുള്ള സ്മാർട്ട് മീറ്ററും, അനുബന്ധ ഉപകരണങ്ങളും കത്തിപ്പോയത് മൂലം സ്ട്രീറ്റ് ലൈറ്റ് നിലവിൽ പ്രവർത്തന രഹിതമാണെന്നും, പുതിയവ സ്ഥാപിക്കുന്നതിന്

ആവശ്യമായ തുകയായ **14,954/- രൂപ** അടവാക്കുന്ന പക്ഷം സ്ട്രീറ്റ് ലൈറ്റ് പുന സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് 21.04.2026 തീയതിയിൽ KSEB അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിരുന്നു.

ഇതിന് മറുപടിയായി പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സിലുള്ള സ്മാർട്ട് മീറ്റർ ഉൾപ്പടെയുള്ള അനുബന്ധ ഉപകരങ്ങളുടെ പരിപാലന ചിലവ് വഹിക്കുന്നതിന് KSEBയുടെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഈ ഓഫീസിൽ നിന്നും 03.05.2026 തീയതിയിൽ കത്ത് നല്കിയിരുന്നു

ഇതിന് തുടർച്ചയായി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സംരക്ഷിക്കേണ്ടത് കൺസ്യൂമറുടെ ഉത്തരവാദിത്തമാണെന്നും, മീറ്ററിങ് സംവിധാനത്തിൽ വന്നിട്ടുള്ള തകരാറുകൾ പരിഹരിക്കുന്നതിനായി ഡിമാൻഡ് തുകയായ **14,954/- രൂപ** അടച്ച് സ്ട്രീറ്റ് ലൈറ്റുകൾ ചാർജ് ചെയ്യുന്നതിനുള്ള സൌകര്യം ഒരുക്കണമെന്ന് അഭ്യർഥിച്ചു 08.05.2026 തീയതിയിൽ KSEB AE ഈ ഓഫീസിലേക്ക് വീണ്ടും കത്ത് നല്കിയിരുന്നു.

ഇതേ തുടർന്നു മീറ്ററിങ് സംവിധാനത്തിൽ വന്നിട്ടുള്ള തകരാറുകൾ പരിഹരിക്കുന്നതിനായി **14,954/- രൂപ** KSEB ക്കു അനുവദിക്കുന്നതിന് 07.05.2026 തീയതിയിൽ ബഹു. മേയർ മുൻകൂർ അനുമതി നല്കിയിരുന്നു. ടി തുക തനതു ഫണ്ടിൽ നിന്നും ചെക്ക് മുഖേന 19.05.2026 തീയതിയിൽ KSEB ക്കു അനുവദിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്ക് ശുപാർശ ചെയ്യുന്നു

56. **വിഷയം (ഫയൽ നമ്പർ - 6235440-2025)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യൂ വിഭാഗം (ആർ7) - ലൈസൻസി മാറ്റം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ശക്തൻ തമ്പുരാൻ നഗർ പച്ചക്കറി മാർക്കറ്റിലെ 49-ാം നമ്പർ മുറിയുടെ ലൈസൻസി ശ്രീ കെ.ഒ.ചാക്കോ, കരേക്കാട്ടിൽല ഹൌസ്, അയ്യന്തോൾ എന്നവരാണ്. പ്രസ്തുത കട മുറി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിസ്തീർണ്ണം - 60 ചതുരശ്ര അടി , അരി കച്ചവടം, 2026 മാർച്ച് മാസം വരെയുള്ള മാസ വാടക അടവാക്കിയിട്ടുണ്ട്. നിലവിലെ പ്രതിമാസ വാടക 800 /- രൂപയാണ്

76 വയസ്സുള്ള ശ്രീ കെ.ഒ .ചാക്കോ എന്നവരുടെ 2 കാൽമുട്ടുകളും മാറ്റി വെച്ചിട്ടുള്ളതും, നിലവിൽ കച്ചവടം നടത്താൻ ശാരീരിക ക്ഷമത ഇല്ലാത്തതുമാണ്. അപേക്ഷയിൽ ഇതു സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് അറ്റാച്ച് ചെയ്തിട്ടുള്ളതാണ്.ടി കട മുറിയുടെ കച്ചവടം മകനായ ശ്രീ ബിജു ചാക്കോയുടെ പേരിലേക്ക് മാറ്റി നൽകുന്നതിനായി സംയുക്ത അപേക്ഷ, നോട്ടറി അഫിഡവിറ്റ്, ബന്ധപെട്ട കക്ഷികളുടെ ആധാർ പകർപ്പ് എന്നിവ സമർപ്പിച്ചിട്ടുള്ളതാണ്. ലൈസൻസി കൈമാറ്റം സംബന്ധിച്ച തുടർ നടപടികൾക്കായുള്ള അന്വേഷണം നടത്തിയ റെവന്യൂ ഇൻസ്പെക്ടർ ലൈസൻസി കൈമാറ്റം സംബന്ധിച്ച തുടർ നടപടികൾ നഗര സഭ അംഗീകരിച്ച ബൈലോ പ്രകാരവും ,കമ്മിറ്റി തീരുമാന പ്രകാരവും സ്വീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ലൈസൻസി മാറ്റം സംബന്ധിച്ച തുടർനടപടികൾക്ക് റവന്യൂ ഇൻസ്പെക്ടറുടെ റിപോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭ അംഗീകരിച്ച ബൈലോ പ്രകാരം ലൈസൻസ് മാറ്റത്തിനായി കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് 13/02/2026 തീയ്യതിയിലെ 54 നമ്പർ തീരുമാനം പ്രകാരം ധനകാര്യ സ്റ്റാറിങ്ങ് കമ്മറ്റി ശിപാർ ചെയ്തിട്ടുണ്ട് .

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസ്യത നടപടിക്കായി ശുപാർശ ചെയ്യുന്നു

57. **വിഷയം (ഫയൽ നമ്പർ - 969709-2026)**

E1-6047/2022-- PF incentive appeal reg.

**വിവരണം**

തൃശൂർ നഗരസഭാ വൈദ്യുതി വിഭാഗത്തിന് 1/9/2022 മുതൽ 9/1/25 വരെയുള്ള കാലയളവിലെ ബൾക് സപ്ലൈ ബില്ലുകളിൽ PF ഇൻസെന്റീവ് ഇനത്തിൽ ലഭിക്കേണ്ട 2.4 കോടി രൂപ അനുവദിക്കാത്തതിനെ തുടർന്ന് ksebl നെതിരെ ബഹു KSERC യിൽ ഫയൽ ചെയ്ത പെറ്റീഷൻ OP 29/25 നിരാകരിച്ചു കൊണ്ട് 15/1/26 നു വന്ന ഉത്തരവിന് അപ്പീൽ സാധ്യതയുള്ളതായും apellette tribunal ൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് യോഗ്യരായ കൗൺസെൽ നെ എത്രയും പെട്ടെന്ന് ചുമതലപെടുത്താവുന്നതാണെന്നും സ്റ്റാന്റിംഗ് കൗൺസെൽ ആയ അഡ്വ സന്തോഷ് പൊതുവാൾ അഭിപ്രായപെട്ടതിനെ തുടർന്ന് ബഹു മേയറുടെ മുൻകൂർ അനുമതിയോടു കൂടെ കേരളത്തിലെ മറ്റൊരു വൈദ്യുതി വിതരണ ലൈസൻസീ ആയ റബ്ബർപാർക്കിനു വേണ്ടി appelette ട്രിബ്യൂണലിൽ ഹാജരായിട്ടുള്ള ഡൽഹി ആസ്ഥാനമായ msapartners എന്ന സ്ഥാപനത്തെ അപ്പീൽ ഫയൽ ചെയ്യുന്നതിനായി ചുമതലപെടുത്തിയിട്ടുള്ളതുമാണ്

1. ഉത്തരവ് ലഭിച്ചു 45 ദിവസത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യേണ്ടതുള്ളതിനാൽ ബഹു മേയറുടെ മുൻകൂർ അനുമതിയോടു കൂടി msapartners എന്ന സ്ഥാപനത്തിനെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഓഫീസ് നടപടി സാധൂകരണത്തിനായും
2. അപ്പീൽ ഫീസിനത്തിൽ Govt. of India യുടെ Bharatkosh വെബ്സൈറ്റ് വഴി അപ്ടെൽ ൽ 1,04,000/- അടവാക്കിയതും അപ്പീൽ ഫയൽ ചെയ്യുന്നതിനായി KSERC ഉത്തരവിന്റെ certified copy ലഭിക്കുന്നതിനായി KSERC യിൽ 175/- രൂപ അടവാക്കിയതുമായ ഓഫീസ് നടപടി സാധൂകരണത്തിനായും
3. അപ്പീൽ തയ്യാറാക്കി TCED യെ APTEL ൽ പ്രതിനിധീകരിക്കുന്നതിനായി 6.5 ലക്ഷം രൂപയും കൂടാതെ out of pocket ഇനത്തിൽ ചിലവാകുന്ന തുകയും msa partners നു അനുവദിക്കുന്നതിനായുമുള്ള അജണ്ട കൗൺസിലിന്റെ പരിഗണനയ്ക്കായി.
   കുറിപ്പ് : ബഹു മരാമത്ത് കമ്മിറ്റി 6.3.2026 ലെ തീരുമാനം നമ്പർ 14 പ്രകാരം SNo 1,2,3 വിഷയങ്ങൾ കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.
4. സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കേണ്ടത് ആവശ്യമാണ് ,

58. **വിഷയം (ഫയൽ നമ്പർ - 2527489-2024)**

തൃശ്ശൂർ കോർപ്പറേഷൻ- സോണൽ പ്രദേശങ്ങളിലെ സ്ട്രീറ്റ് ടാപ്പ് കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് തുക അടവാക്കിയിട്ടും കണക്ഷനുകൾ വിച്ഛേദിക്കാത്തത്- സംബന്ധിച്ച്

**വിവരണം**

ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ അദ്ധ്യക്ഷതയിൽ 29.08.2024 തിയതിയിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേരള വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ,തൃശ്ശൂർ കാര്യാലയത്തിന്റെ കീഴിൽ വരുന്ന അയ്യന്തോൾ,വിൽവട്ടം,ഒല്ലൂക്കര,കൂർക്കഞ്ചേരി സോണൽ പ്രദേശങ്ങളിലെ സ്ട്രീറ്റ് ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വർക്കിംഗ് ചാർജ്ജ്,റോഡ് റീസ്റ്റോറേഷൻ വർക്ക്,സെൻറേജ് ചാർജ്ജ്,ജി.എസ്.ടി ഉൾപ്പെടെയുള്ള 56,79,000/- രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിരുന്നതും ബഹു.കൌൺസിലിന്റെ 09-06-2025 തിയതിയിലെ 66/1-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുക അടവാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. ആയതുപ്രകാരം എസ്റ്റിമേറ്റ് തുകയായ 56,79,000/- രൂപ 27-12-2025 തിയതിയിൽ അടവാക്കിയിട്ടുള്ളതുമാണ്. (Cheque No.331193 dated 16-12-2025) തുക അടവാക്കുന്ന മുറക്ക് ഡിസ്കണക്ഷൻ നടപടികൾ ആരംഭിക്കുന്നതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതാണ്.എന്നാൽ ഡിസ്കണക്ഷൻ തുക അടവാക്കിയിട്ടും സ്ട്രീറ്റ് ടാപ്പുകൾ വിച്ഛേദിക്കാതെ 2026 ജനുവരി മുതൽ 2026 ഏപ്രിൽ മാസം വരേയും സ്ട്രീറ്റ് ടാപ്പുകളുടെ ഡിമാൻറ് നോട്ടീസ്/ബിൽ അയച്ചുതന്നിട്ടുള്ളതാണ്.( ഏപ്രിൽ മാസത്തെ ഡിമാൻറ് നോട്ടീസ്/ബിൽ -അയ്യന്തോൾ-കൂർക്കഞ്ചേരി-23,95,103/- , അയ്യന്തോൾ-57,35,476/-, ഒല്ലൂക്കര-34,61,401/-,വിൽവട്ടം-41,78,952/-)കുടിവെള്ളം ഉപയോഗിച്ചാലും ഇല്ലെങ്കിലും ഒരു സ്ട്രീറ്റ് ടാപ്പിന് 21,838.68/- രൂപയാണ് ഒരു വർഷത്തേക്ക് വാട്ടർ അതോറിറ്റി ഈടാക്കുന്നത്. കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം കോർപ്പറേഷന് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഓരോമാസവും അടവാക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ടി വിഷയം ബഹു.കൌൺസിലിന്റെ അറിവിലേക്കും അടിയന്തിര പരിഗണനക്കുമായി സമർപ്പിക്കുന്നു

59. **വിഷയം (ഫയൽ നമ്പർ - 766884-2026)**

തൃശൂർ കോർപറേഷൻ - (R7) - നടുവിലാൽ പഴയ ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം റൂം നമ്പർ 5 (36/2968)

**വിവരണം**

*തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നടുവിലാൽ ഷോപ്പിങ്ങ് കോംപ്ളക്സ് (OLD) 5-ാം നമ്പർ കെട്ടിടത്തിന്റെ (36/2968) ലൈസൻസി ശ്രീ എ.സി. സെബാസ്റ്റ്യൻ, അക്കരപുറം ഹൌസ്, അരണാട്ടുകര, പൂത്തോൾ എന്നവരാണ്. ടിയാൻ 02-10-2025 തിയ്യതിയിൽ മരണപെട്ടതിനാൽ ടിയാന്റെ അവകാശികളായ ഭാര്യ ആലീസ് സെബാസ്റ്റ്യൻ, മകൾ കീർത്തി ഷിജോ എന്നവർ ചേർന്ന് മൂന്നാമത്തെ അവകാശിയായ ശ്രീ എ.സി. സെബാസ്റ്റ്യൻ മകൻ കിഷോർ സെബാസ്റ്റ്യന്റെ പേരിലേക്ക് പ്രസ്തുത കട മുറിയുടെ ലൈസൻസി അവകാശം മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അപേക്ഷ പരിഗണിച്ച് 13.02.2026 തീയ്യതിയിലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി 84 നമ്പർ തീരുമാനം പ്രകാരം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പരിഗണനക്കായി*

***കുറിപ്പ്***

*കട മുറി കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ - വിസ്തീർണ്ണം 36 ച.അടി, പച്ചക്കറി വ്യാപാരം, മാസ വാടക 680ക , 2026 മാർച്ച് മാസം വരെയുള്ള വാടക അടവാക്കിയിട്ടുള്ളതാണ്.*

60. **വിഷയം (ഫയൽ നമ്പർ - 4522999-2026)**

തൃശ്ശൂർ കോർപ്പറേഷൻ- ജി 15 സെക്ഷൻ - 'കൂളിങ്ങ് തൃശ്ശൂർ (2026-2031)' -കരട് പ്രൊപോസൽ അംഗീകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

**"കൂളിംഗ് തൃശൂർ" എന്ന പേരിൽ 5-വർഷത്തെ പ്രകൃതി അധിഷ്ഠിത കെട്ടിട-നഗര പ്രതിരോധ കർമ്മ പദ്ധതി (2026–2031)** കെയർസിസ് ഫൗണ്ടേഷന്റെയും തൃശൂർ കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി നടത്തുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ കോൺക്രീറ്റ് പ്രതലങ്ങളെ (മേൽക്കൂരകൾ, ചുവരുകൾ, അതിരുകൾ) ഹരിതാഭമായ പ്രകൃതിദത്ത തണുപ്പിക്കൽ സംവിധാനങ്ങളാക്കി മാറ്റുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
താപനില 3°C മുതൽ 5°C വരെ കുറയ്ക്കുക, തദ്ദേശീയവും കാലാവസ്ഥയെ പ്രതിരോധിക്കാൻ ശേഷിയുള്ളതുമായ സസ്യങ്ങൾ ഉപയോഗിച്ച് നഗര ജൈവവൈവിധ്യ ഇടനാഴികൾ മെച്ചപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.
ഈ പരിപാടിയുടെ പ്രാരംഭ നടപടി **"എന്റെ പച്ച വീട്"** ക്യാമ്പയിനാണ് . ഈ പദ്ധതിയെ ഒരു ജനകീയ മുന്നേറ്റമായി നടപ്പിലാക്കാവുന്നതാണ്. കെയർസിസ് ഫൗണ്ടേഷനും കോർപ്പറേഷനും ചേർന്ന് താപനില വളരെ കൂടുതലുള്ള നഗര വാർഡുകളിലെ താമസക്കാർക്ക് സബ്സിഡി നിരക്കിൽ 'കൂളിംഗ് കിറ്റുകൾ' (ഭാരം കുറഞ്ഞ ടെറസ് ഹരിതവൽക്കരണ സാമഗ്രികൾ, തണൽ വലകൾ, ബാൽക്കണി വെർട്ടിക്കൽ ട്രെല്ലിസുകൾ) ലഭ്യമാക്കും. എന്നിങ്ങനെ 5 വർഷത്തേക്കുള്ള കർമ്മ പദ്ധതിയടങ്ങിയതാണ് കരട് പ്രൊപോസൽ.**"കൂളിംഗ് തൃശൂർ** കരട് പ്രൊപോസൽ ബഹു. കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

ടി പ്രൊപ്പോസൽ നിയമാനുസൃത തുടര്നടപടിക്ക് ശുപാർശ ചെയ്യുന്നു

61. **വിഷയം (ഫയൽ നമ്പർ - 1680655-2026)**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ലൈഫ് പദ്ധതി -ഭവന പുനരുദ്ധാരണം തുക തിരിച്ചടവാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ജനകീയാസൂത്രണം - 2024-2 5 (PO 1036/26) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണം എന്ന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. തങ്കമണി എന്നവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിലും എൻജിനീയറിംഗ് വിഭാഗത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഒന്നാം ഗഡു ഇനത്തിൽ 50000 /- രൂപ അനുവദിച്ചിരുന്നതാണ് . എന്നാൽ നിലവിൽ വീട് വിൽക്കുന്നതിനാൽ റിപ്പയർ ചെയ്യേണ്ടതായ ആവശ്യം വരാത്തതിനാൽ അനുവദിച്ച തുക തിരിച്ചടവാക്കുവാൻ സന്നദ്ധത അറിയിച്ചു കൊണ്ട് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് പലിശ സഹിതം അനുവദിച്ച 50000 /- രൂപ തിരിച്ച് അടക്കുന്നതിന് ശ്രീമതി തങ്കമണി എന്നവർക്ക് അറിയിപ്പ് നൽകാൻ ക്ഷേമ കാര്യ കമ്മിറ്റി തീരുമാനിക്കുകയും,

പ്രസ്തുത വിഷയം ബഹു കൌൺസിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ് . ആയതു ബഹു.കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു
കുറിപ്പ് :-11 .0 3 .20 2 6 ലെ 5 -) ം നമ്പർ ക്ഷേമ കാര്യ കമ്മിറ്റി തീരുമാനം

62. **വിഷയം (ഫയൽ നമ്പർ - 1748578-2025)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യൂ വിഭാഗം - കോർപ്പറേഷൻ കടമുറിയുടെ ലൈസൻസ് കൈമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വക നായ്ക്കനാൽ വെജിറ്റബിൾ മാർക്കറ്റിലെ 11 നമ്പർ [36/7023/A] മുറിയുടെ ലൈസൻസിയായ ശ്രീമതി ലത ജയപ്രകാശ് എന്നവർ ശാരീരിക ബുദ്ധിമുട്ടുകൾ കാരണം വ്യാപാരം തുടർന്ന് കൊണ്ട് പോകാൻ സാധിക്കാത്തതിനാൽ മുറിയുടെ ലൈസൻസ് അവകാശം മകനായ തുളസീദാസ് K J എന്നവരുടെ പേരിലേക്ക് മാറ്റി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ ബഹു. കൗൺസിൽ പരിഗണനക്ക്.
കുറിപ്പ്
1) ബഹു.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10/12/2025 തീയ്യതിയിലെ 26 നമ്പർ തീരുമാന പ്രകാരം ലൈസൻസ് മാറ്റം അനുവദിക്കുന്ന വിഷയം ബഹു. കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.
2)പ്രസ്തുത കടമുറിയുടെ പ്രതിമാസ വാടക 800/- രൂപയാണ് . കുടിശ്ശിക ഇല്ല. 2025-26 വർഷത്തെ എഗ്രീമെൻറ് ഹാജരാക്കിയിട്ടുണ്ട് . വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരം വ്യാപാരം ഹോട്ടൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.
3) നിലവിൽ ഹോട്ടൽ നടത്തി വരുന്നതായും, ബൈലോ പ്രകാരം തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .
4) ലൈസൻസിയേയും , അപേക്ഷകനേയും , മറ്റ് അവകാശികളേയും അസി. റവന്യൂ ഓഫീസർ നേരിൽ കേട്ടിട്ടുള്ളതും ലൈസൻസ് അവകാശം കൈമാറുന്നതിന് പരിപൂർണ്ണ സമ്മതമാണെന്ന് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

63. **വിഷയം (ഫയൽ നമ്പർ - 2015634-2026)**

BEE DISCOM 1364/26 ANNUAL ENERGY AUDITING FY 2025-2026

**വിവരണം**

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന M/s. BEE (Bureau of Energy Efficiency) യുടെ "MANNER AND INTERVALS FOR CONDUCT OF ENERGY AUDITING IN DISCOMS REGULATIONS 2021" അനുശാസിക്കുംവിധം വൈദ്യുത വിതരണ ലൈസൻസികൾ എല്ലാ സാമ്പത്തിക വർഷവും BEE EMPANELLED ആയ "ACCREDITRD ENERGY AUDITING" സ്ഥാപനങ്ങൾ മുഖേന ANNUAL ENERGY AUDITING നടത്തി JULY 31നകം M/S. BEE യ്ക്ക് REPORT സമർപ്പിക്കേണ്ടതാണ്.
ഇപ്രകാരം 2025-26 സാമ്പത്തിക വർഷത്തിലെ AUDITING, പുതിയ പ്രതിഷ്ഠാപനങ്ങൾ സ്ഥാപിച്ചതിന്റെ MAPPING എന്നിവ നടത്തുന്നതിനും മേൽ ACCREDITED സ്ഥാപനങ്ങളിലേക്ക് EMAIL അയച്ചതിൽ ലഭ്യമായ QUOTATION നുകൾ ചുവടെ ചേർക്കുന്നു.

| SL.NO. | NAME | RATE |
|---|---|---|
| 1. | M/s. ATHUL ENERGY CONSULTANTS | 1,60,000/- +gst |
| 2. | M/s. ECI CONSULTING ENGINEERS PVT. LTD. | 1,65,000/- +gst |
| 3. | M/s. ECO ENERGY SOLUTIONS | 1,95,000/- +gst |
| 4. | M/s. ERDA | 3,00,000/- +gst |
| 5. | M/s. VOODS ENERGY PVT. LTD. | 3,65,000/- +gst |
| 6. | M/s. MCJ ENGINEERS | 3,95,000/- +gst |
| 7. | M/s. POWERTECH CONSULTANTS | 7,00,000/- +gst |

കുറഞ്ഞ നിരക്ക് QUOTE ചെയ്ത സ്ഥാപനത്തിന് നിയമാനുസൃതം WORK ORDER നൽകുന്ന കാര്യം പരിഗണിക്കുന്നതിനായ് ബഹു. കൗൺസിൽ മുൻപാകെ.
കുറിപ്പ് : 13.03.2026 ലെ ബഹു. കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാനപ്രകാരം ബഹു. കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്

64. **വിഷയം (ഫയൽ നമ്പർ - 983362-2026)**

EW3-3568/24 SUPPLY AND INSTALLATION OF RMU & 160 KVA TRANSFORMER

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ പരിധിയിൽ കോട്ടപ്പുറം റെയിൽവേ ഗേറ്റിനു സമീപം 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിലേക്കായി **15,23,342/- (Incl GST)** രൂപ എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ഇ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് **M/S JAMES ASSOCIATES, TSR** എന്ന ക്രേതാവാണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ **15,19,840/- (Incl GST)** രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു. കൌൺസിലിന്റെ പരിഗണനയ്ക്കായി.
കുറിപ്പ്: 1. ടെണ്ടറിൽ 4 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- **JAMES ASSOCIATES, TSR - 15,19,840/- (Incl GST)**
- **COSMO POWER CONTROLS - 15,92,410/- (Incl GST)**
- **UKRU KODANKANDATH KAYSON ELECTRICALS- 16,34,300/- (Incl GST)**
- **KERALA ELECTRICAL AND ALLIED ENGINEERINGLTD-20,50,368/-(Incl GST)**

2. L1 ബിഡർ ആയ M/S **JAMES ASSOCIATES, TSR** ടി പ്രവർത്തി ചെയ്യുന്നതിനായി യോഗ്യതയുണ്ടെന്ന് ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

3. ബഹു. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13-03-2026 ലെ 8 ആം നമ്പർ തീരുമാനപ്രകാരം **M/S JAMES ASSOCIATES, TSR** എന്ന സ്ഥാപനം രേഖപ്പെടുത്തിയ **15,19,840/- (Incl GST)** രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്നതിന് ബഹു. കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

65. **വിഷയം (ഫയൽ നമ്പർ - 5529317-2025)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- 12/860/1 ആം നമ്പറായി പെട്ടി ബങ്ക് അനുവദിച്ചത് സംബന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ പൂത്തോൾ ദിവാൻജി മൂല മേൽപ്പാലം അപ്രോച്ച് റോഡ് നിർമ്മാണ പ്രവർത്തിയുടെ ഭാഗമായി പുറമ്പോക്കിൽ ഉണ്ടായിരുന്ന ശ്രീമതി . തങ്കമണി .സി.കെ .എന്നവരുടെ കട പൊളിച്ചു മാറ്റുകയും ആയതിനെതിരെ ടിയാൻ നൽകിയ 20.05.2024 തിയതിയിലെ WP(C) 21633/2022 നമ്പർ കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 6.8.24 ലെ 44 ആം നബർ കൌൺസിൽ കൌൺസിൽ തീരുമാനപ്രകാരം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാത്ത വിധത്തിൽ പെട്ടി ബങ്ക് നിർമ്മിക്കുന്നതിന് പകരം സ്ഥലം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ് .ആയതു പ്രകാരം സ്ഥലം കണ്ടുപിടിക്കുന്നതിനും എത്ര സ്ക്വയർ ഫീറ്റ് നൽകണമെന്നും തീരുമാനിക്കുന്നതിന് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ് .എന്നാൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ടിയാന് മുന്പ് അനുവദിച്ച സ്ഥലം പരിശോധിക്കുകയും ടി സ്ഥലത്ത് പെട്ടി ബങ്ക് അനുവദിച്ചാൽ വാഹന യാത്രക്കാർക്കും വഴി യാത്രക്കാർക്കും തടസ്സം നേരിടുമെന്ന് വിലയിരുത്തുകയും അതുപ്രകാരം വടക്കേ സ്റ്റാന്റിന്റെ സമീപത്തുള്ള സ്റ്റേഡിയത്തിന്റെ മുൻവശത്ത് വഴിയോര കച്ചവടക്കാർക്കായി പണി കഴിപ്പിച്ചിട്ടുള്ള ബങ്കുകളിൽ ഒരെണ്ണം അനുവദിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതാണ് . ആയതിനു പ്രകാരം 7.9.2025 ലെ ബഹു.മേയറുടെ മുൻകൂർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വടക്കേ ബസ് സ്റ്റാന്റിന്റെ സമീപത്തുള്ള സ്റ്റേഡിയത്തിന്റെ മുൻവശത്ത് 12/860/ 1 എന്ന നമ്പർ നൽകി അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട് .ഉപയോഗിക്കുന്നതിന്റെ പ്രതിഫലമായി പ്രതിമാസം 6.45 മീറ്റർ സ്ക്വയറിന് 800/- രൂപ ലൈസൻസ് ഫീസായി നിശ്ചയിച്ചിട്ടുള്ളതുമാണ് .10.03.26 തിയതിയിലെ ധനകാര്യകമ്മിറ്റി തീരുമാനം കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിചിട്ടുള്ള വിഷയം കൌൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു .

66. **വിഷയം (ഫയൽ നമ്പർ - 1845809-2025)**

അയ്യന്തോൾ സോണൽ ഡിവിഷൻ 48 ലെ ഗാന്ധിജി നഗർ k ലെയിൻ എന്ന റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

**വിവരണം**

28.02.2026 തിയ്യതിയിലെ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാനപ്രകാരം ബിഫ്സൺ സിജോ ബേബി, ചിറ്റിലപ്പിള്ളി വീട്, ഗാന്ധിജി നഗർ, പുല്ലഴി എന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഡിവിഷൻ 48 ലെ ഗാന്ധിജി നഗർ കെ ലൈനിൽ നിന്ന് ആരംഭിച്ചു ബിഫ്സൺ

സിജോ ബേബി ചിറ്റിലപ്പിള്ളി എന്നിവരുടെ പ്ലോട്ട് വരെ യുള്ള പ്രസ്തുത റോഡിൻറെ നീളം 95M വീതി 4 M ആണ് . മേൽ report പ്രകാര വും documents പരിശോധിച്ചതിലും road ആസ്തിയിൽ ചേർക്കുന്നതിന് വേണ്ടിയും corporation tarring നടത്തി നൽകണമെന്നുള്ള ആവശ്യവുമായാണ് അപേക്ഷ നൽകിയിരിക്കുന്നത്.2011 ൽ തന്നെ ലാൻഡ് relinquishment നടപടികൾ ചെയ്തിട്ടുള്ളതും .വില്ലജ് രേഖാപ്രകാരം corporation ന്റെ റോഡ് ആണെന്നുള്ള രേഖ owner ഹാജരാക്കിയിരിക്കുന്നു.ഗാന്ധിജി നഗർ K ലെയിൻ എന്ന road ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും റോഡ് ടാർ ചെയ്തുനൽകുന്നതിനുമുള്ള അംഗീകാരത്തിനായി ബഹു.കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനടിസ്ഥാനത്തിൽ വിഷയം ബഹു കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു

67. **വിഷയം (ഫയൽ നമ്പർ - 983362-2026)**

EW4-5999/25 -LT ABC -SECTION 4 HT & LT POSTS INSTALLATION REG

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം RDSS പദ്ധതിയിൽ ഉൾപ്പെട്ട LT ABC സ്ഥാപിയ്ക്കുന്നതിന് സെക്ഷൻ-4 ന്റെ പരിധിയിൽ അപകടാവസ്ഥയിലുള്ള HT & LT പോസ്റ്റുകൾ മാറ്റുന്നതിനും Span Length കൂടുതലുള്ള ഭാഗങ്ങളിൽ HT Post സ്ഥാപിക്കുകയും ചെയ്യുന്ന പ്രവർത്തിയുടെ ലേബർ ഭാഗം ചെയ്യുന്നതിന് 2,30,855/- രൂപ (Incl GST) എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് M/S James Associates ,Poothole Thrissur എന്ന ക്രേതാവാണ്. ടി സ്ഥാപനം രേഖപ്പെടുത്തിയ 2,30,000/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ്: 1. ടെണ്ടറിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- James Associates , Poothole Thrissur - 2,30,000/- (Incl GST)
- Cosmo Power Controls,Poothole, Thrissur - 2,32,000/- (Incl GST)
- Ukru Kodankandath Kaysons Electricals, Lourdpuram - 2,33,500/- (Incl GST)

2. ബഹു. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06/03/2026 തീയതിയിലെ 18-ആം നമ്പർ തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/S James Associates ,Poothole Thrissur എന്നസ്ഥാപനം രേഖപ്പെടുത്തിയ 2,30,000/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിയ്ക്കുന്ന വിഷയം ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

68. **വിഷയം (ഫയൽ നമ്പർ - 928122-2026)**

തൃശൂർ മുനിസിപ്പൽ കോർപറേഷൻ-കുടുംബശ്രീ വിഭാഗം- ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് അനുവദിച്ച തുകയുടെ പലിശ ഒഴിവാക്കുന്നത് സംബന്ധിച്ചു

**വിവരണം**

ശ്രീമതി.ഷീല.കൊല്ലംപറമ്പിൽ.അഞ്ചേരി.തൃശൂർ എന്നവർക്ക് EMS ഭവന പദ്ധതി പ്രകാരം സർവേ നമ്പർ 108/90 ഉൾപ്പെട്ട സ്ഥലത്തു വീട് വെക്കുന്നതിനു 75000/ രൂപ അനുവദിക്കുകയും 03/05/2011 ൽ 22500/-രൂപ ഒന്നാം ഗഡു കൈപ്പറ്റുകയും ചെയ്തു .എന്നാൽ നിർമാണം പൂർത്തീകരിക്കുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തില്ല. നിയമാവലി അനുസരിച്ചു തുക കൈപറ്റി നിർമാണം പൂർത്തീകരിക്കാതിരുന്നാൽ

കൈപ്പറ്റിയ തുകയുടെ 12% പലിശ സഹിതം ഓരോ വർഷവും തുക കൈപ്പറ്റിയ തീയതി മുതൽ അടയ്കുന്ന തീയതി വരെ ഒടുക്കേണ്ടതാണ്. ആയതു പ്രകാരം 2011 മുതൽ 2026 വരെ 15 വർഷത്തേയ്ക്ക് പലിശ ഇനത്തിൽ 40500/- രൂപ അടയ്ക്കേണ്ടതുണ്ട്. ടി പലിശ ഒഴിവാക്കി കൊടുക്കണമെന്നും ലോൺ തുക 22500/- ഒടുക്കുവാൻ തയ്യാറാണെന്നും കാണിച്ചു ശ്രീമതി.ഷീല എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ ബഹു.കൗൺസിലിന്റെ പരിഗണനയ്ക്കായി

കുറിപ്പ് : EMS ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റുകയും നിർമാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൈപ്പറ്റിയ തുകയും 12% പലിശയും ഒടുക്കേണ്ടതാണ് .ആയതു ഒഴിവാക്കുന്നതിന് ബഹു.സർക്കാരിൽ നിന്നും ഉത്തരവായാൽ മാത്രമേ പലിശ ഒഴിവാക്കുവാൻ സാധിക്കുകയുള്ളു

69. **വിഷയം (ഫയൽ നമ്പർ - 3952473-2026)**

PC2-തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ആസൂത്രണ വിഭാഗം - 2025-26 വാർഷിക പദ്ധതി - കന്നുകുട്ടിത്തീറ്റ വിതരണത്തിനായി സൊസൈറ്റികൾ തിരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്.

**വിവരണം**

2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ ഭാഗമായി കന്നുകുട്ടിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന വില്ലടം ക്ഷീരോൽപാദക സഹകരണസംഘം, നെടുപുഴ ക്ഷീരോൽപാദക സഹകരണസംഘം, അഞ്ചേരി ക്ഷീരോൽപാദക സഹകരണസംഘം എന്നീ ക്ഷീര സംഘങ്ങൾക്ക് ബഹു. മേയർ മുൻകൂർ അനുമതി നൽകിയിരുന്നു. ജീവനക്കാരുടെ കുറവ് മൂലം തങ്ങളുടെ സംഘത്തിലൂടെ കാലിത്തീറ്റ വിതരണം നടത്താൻ സാധിക്കില്ലെന്ന് വില്ലടം ക്ഷീരോൽപാദക സഹകരണസംഘം അറിയിച്ചതിനെ തുടർന്ന് ഒല്ലൂക്കര ക്ഷീരോൽപാദക സഹകരണ സംഘത്തെ പകരം തെരഞ്ഞെടുക്കേണ്ടി വന്നതായി നിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ , ഒല്ലൂർ അറിയിച്ചിട്ടുണ്ട്. ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും ഒല്ലൂക്കര ക്ഷീരോൽപാദക സഹകരണസംഘത്തെ തെരഞ്ഞെടുത്ത നടപടി അംഗീകരിക്കുന്നതിനും ബഹു. കൌൺസിൽ മുമ്പാകെ.

70. **വിഷയം (ഫയൽ നമ്പർ - 311003-2026)**

തൃശ്ശൂർ കോർപ്പറേഷൻ- റെവന്യു വിഭാഗം (R7)- ശക്തൻ പച്ചക്കറി മാർക്കറ്റ് - റൂം നമ്പർ 35/ 2573/127 A -ക്ക് കച്ചവടമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

ശക്തൻ പച്ചക്കറി മാർക്കറ്റിലെ 127 A നമ്പർ കട മുറിയുടെ വാടകകാരൻ ശ്രീ സി.പി. വിൽസൺ, ചിറയത്ത് ഹൌസ് എന്നവരാണ്.ശാരീരിക അസ്വാസ്ഥ്യം ഉള്ളതിനാൽ ടിയാൻ നിലവിലെ ടൈലറിങ്ങിന് പകരം സ്റ്റേഷനറി, കൂൾ ഡ്രിങ്ക്സ് എന്നിവയുടെ കച്ചവടം നടത്തുന്നതിനായുള്ള കച്ചവട മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളതാണ്..

കട മുറി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിസ്തീർണ്ണം - 123 ച.അടി

കച്ചവടം - ടൈലറിങ്ങ്

മാസവാടക - 800 ക

വാടക കുടിശ്ശിക ഇല്ല.

കച്ചവട മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച അന്വേഷണം നടത്തിയ റെവന്യൂ ഇൻസ്പെക്ടർ നഗര സഭ അംഗികരിച്ച ബൈലോ പ്രകാരവും, കമ്മിറ്റി തീരുമാനത്തിന് വിധേയമായും ടി കെട്ടിട മുറിയുടെ കച്ചവട മാറ്റം അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കച്ചവട മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് 13/02/2026 തീയ്യതിയിലെ 4 നമ്പർ തീരുമാനം പ്രകാരം ധന കാര്യ സമിതി കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് , പരിഗണനക്കായി

71. **വിഷയം (ഫയൽ നമ്പർ - 6335835-2025)**

തൃശൂർ കോർപറേഷൻ-മരാമത്ത് വിഭാഗം-ഗവ.മോഡൽ ഗേൾസ് ഹൈസ്ക്കൂളിന് 10 പുതിയ ശുചിമുറികൾ പണിതു നല്കുന്നതിനും വാഷ് ഏരിയ നവീകരിക്കുന്നതും-സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ ഗവ.മോഡൽ ഗേൾസ് ഹൈസ്ക്കൂളിന് 10 പുതിയ ശുചിമുറികൾ പണിതു നല്കുന്നതിനും വാഷ് ഏരിയ നവീകരിക്കുന്നതും സംബന്ധിച്ച് പ്രധാനധ്യാപിക നൽകിയ കത്ത് പരിശോധിച്ചതിൽ ഗവ.മോഡൽ ഗേൾസ് ഹൈസ്ക്കൂളിന് 10 പുതിയ ശുചിമുറികൾ പണിതു നല്കുന്നതിനും വാഷ് ഏരിയ നവീകരിക്കുന്നതിനും അടുക്കളക്കും ഡൈനിങ്ങ് ഹാളിനും മുകളിൽ ഷീറ്റ് റൂഫ് ചെയ്യുന്നതിനും Rs-2793000/- രൂപയുടെ എസ്റ്റിമേറ്റ് ഓവർസിയർ തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് തയ്യാറാക്കിയത് നിലവിൽ പ്രൊജക്റ്റ് ഇല്ലാത്തതിനാൽ ബഹു,കൗണ്സിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

72. **വിഷയം (ഫയൽ നമ്പർ - 2427798-2026)**

RDSS-4801/25

**വിവരണം**

RDSS-4801/25
തൃശൂർ നഗരസഭ വൈദുതി വിഭാഗം RDSS പദ്ധതിയിൽ ഉൾപ്പെട്ട HT UG കേബിൾ പ്രോജക്ടിന്റെ നിർമാണ ഉൽഘാടന ചെലവുകൾക്കായി 100000/- രൂപ വീതം SHEMEER (AE), HIROSH BABU (SS) എന്നിവർക്ക് (TOTAL 200000/- )രൂപ ബഹു :മേയറുടെ മുൻകൂർ അനുമതിയോടെ അഡ്വാൻസ് അനുവദിച്ചിരുന്നു. ഷെമീർ AE ക്ക് അനുവദിച്ച ഒരു ലക്ഷം രൂപയിൽ 59530/- രൂപ ചെലവായതായും ബാലൻസ് തുക 40470/- രൂപ വൈദ്യുതി വിഭാഗത്തിന്റെ അക്കൗണ്ടിലേക്ക് വരവുവെച്ചതായും ഷെമീർ AE റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹിറോഷ് ബാബുവിന് അനുവദിച്ച ഒരു ലക്ഷം രൂപയിൽ 56182/- രൂപ ചെലവായതായും ബാലൻസ് തുക 43818/- രൂപ വൈദ്യുതി വിഭാഗത്തിന്റ അക്കൗണ്ടിലേക്ക് വരവ് വെച്ചതായും ഹിറോഷ് ബാബു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹു : മേയറുടെ മുൻകൂർ അനുമതിയോടെ അഡ്വാൻസ് അനുവദിച്ച ഓഫീസ് നടപടി സാധൂ കരിക്കുന്നതിനും അഡ്വാൻസ് ക്രമീകരിക്കുന്നതിന്റെ അംഗീകാരത്തിനുമായി ബഹു :കൗൺസിൽ മുൻപാകെ .
കുറിപ്പ് :- ടി വിഷയം സംബന്ധിച്ചു 22/10/2025 നു ബഹു : കൗൺസിലിൽ അജണ്ട സമർപ്പിച്ചിട്ടുള്ളതാണ് .എന്നാൽ തദ്ദേശസ്വായംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിലവിലെ കൗൺസിലർമാർ

വ്യാപൃതരായിരിക്കുന്നതിനാലും ,ഏകദേശം ഇരുപതിൽ പരം കൗൺസിലർമാർ സ്ഥാനാർത്ഥികൾ ആയതിനാലുള്ള തിരക്ക് കാരണവും കൌൺസിൽ യോഗം ചേരാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നതിനാൽ പുതിയ കൌൺസിൽ നിലവിൽ വരുമ്പോൾ അജണ്ട സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുള്ളതുമാണ് .

73. **വിഷയം (ഫയൽ നമ്പർ - 2628880-2024)**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ലൈഫ് പദ്ധതി -ഭവന പുനരുദ്ധാരണം തുക തിരിച്ചടവാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ജനകീയാസൂത്രണം - 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണം (1036/26 ) എന്ന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി.ഫിലോമിന എന്നവർക്ക് എൻജിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഗഡു ഇനത്തിൽ 50000 /- രൂപ അനുവദിച്ചിട്ടുളളതാണ്. എന്നാൽ സ്ഥലം വിറ്റതിനാൽ അനുവദിച്ച തുക തിരിച്ചടവാക്കുവാൻ സന്നദ്ധത അറിയിച്ചു കൊണ്ട് ശ്രീമതി.ഫിലോമിന എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് പലിശ സഹിതം അനുവദിച്ച 50000 /- രൂപ തിരിച്ച് അടക്കുന്നതിന് ശ്രീമതി.ഫിലോമിന എന്നവർക്ക് അറിയിപ്പ് നൽകാൻ ക്ഷേമ കാര്യ കമ്മിറ്റി തീരുമാനിക്കുകയും , പ്രസ്തുത വിഷയം ബഹു കൌൺസിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ് ,ആയ ത് ബഹു.കൌൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.
കുറിപ്പ് :- 11.03.20 26 ലെ 2 -)ം നമ്പർ ക്ഷേമ കാര്യ കമ്മിറ്റി തീരുമാനം

74. **വിഷയം (ഫയൽ നമ്പർ - 5725890-2025)**

തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 12 നമ്പർ കടമുറിയുടെ ഇപ്പോഴത്തെ ലൈസൻസി മാറ്റം സംബന്ധിച്ച്

**വിവരണം**

തൃശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 12 നമ്പർ കടമുറിയുടെ ലൈസൻസിയായ ശ്രീമതി.തങ്കമണി ശാരീരിക അസ്വാസ്ഥ്യം മൂലം കച്ചവടം തുടർന്ന് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ലൈസൻസ് മകളായ സിഞ്ചു ജേക്കബ്ബിന്റെ പേരിലേക്ക് മാറ്റുന്നതിന് 20/10/2025 ൽ സമർപ്പിച്ച അപേക്ഷയിൽ ബഹു.ധനകാര്യ സ്ഥിരം സമിതിയുടെ 13/02/2026 ലെ 9 നമ്പർ തീരുമാന പ്രകാരമുള്ള ശുപാർശ ബഹു.കൗൺസിലിന്റെ അംഗീകാരത്തിനായി .
കുറിപ്പുകൾ :
1.കടമുറിയുടെ പ്രതിമാസ വാടക 1100/- രൂപയാണ്.വാടകകുടിശ്ശിക ഇല്ല.റെന്റ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം പഴയ സ്പെയർ പാർട്സാണ് കച്ചവടം നടത്തുന്നത് .
2.സ്ഥലം പരിശോധിച്ച റവന്യു ഇൻസ്പെക്ടർ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറക്കും ,നഗരസഭാ ബൈലോ അംഗീകരിക്കുന്ന പക്ഷവും ന്യൂ പട്ടാളം മാർക്കറ്റിലെ കടമുറി നമ്പർ 12 ന്റെ ലൈസൻസ് മകളായ സിഞ്ചു ജേക്കബ്ബിന്റെ പേരിലേക്ക് മാറ്റിനൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3.ബൈലോ ക്രമ നമ്പർ 36 പ്രകാരം ലൈസൻസ് കൈമാറ്റം അനുവദിക്കുന്ന കേസുകളിൽ വാർഷിക ലൈസൻസ് ഫീസിന്റെ 20% തുക പ്രത്യേക ചികിത്സാ സഹായഫണ്ടിൽ അടവാക്കേണ്ടതാണ് .
4.റെന്റ് ഡെപ്പോസിറ്റ് ,അഡ്വാൻസ് വാടക എന്നിവ ഈടാക്കാവുന്നതാണ് .

75. **വിഷയം (ഫയൽ നമ്പർ - 983362-2026)**

KSERC-6982/25 APPOINTMENT OF FINANCIAL CONSULTANT REG

**വിവരണം**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ വരവുചിലവുകണക്കുകൾ തയ്യറാക്കുന്നതിനും KSERC പെറ്റീഷനുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിനുമായി Financial Consultant നെ നിയോഗിക്കുന്നതിനായി 5,00,000/- രൂപ (Incl GST) രൂപ എസ്റ്റിമേറ്റ് നിരക്കിൽ ക്ഷണിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/S AJ Mohan and Associates എന്ന ക്രേതാവാണ്. സാമ്പത്തിക വർഷാരംഭം കണക്കിലെടുത്ത് അടിയന്തിരസാഹചര്യം പരിഗണിച്ച്. ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ ടി സ്ഥാപനം രേഖപ്പെടുത്തിയ 3,83,500/- (Incl GST) രൂപയുടെ ടെണ്ടറും നിരക്കും അംഗീകരിച്ച് പ്രവർത്തിനിർവഹണ ഉത്തരവ് നൽകിയ ഓഫീസ് നടപടി സാധൂകരിയ്ക്കുന്നതിനായി ബഹു.കൌൺസിൽ മുൻപാകെ സമർപ്പിയ്ക്കുന്നു.
കുറിപ്പ്: 1. ടെണ്ടറിൽ 3 ക്രേതാക്കൾ പങ്കെടുത്തിരുന്നു.

- A J Mohan & Associates - 3,83,500/- (Incl GST)
- R Rajan Associates - 4,95,600/- (Incl GST)
- Mohan & Mohan Associates - 5,87640/- (Incl GST)
- 2. ബഹു. PWSC യുടെ 06/03/2026 തീയതിയിലെ 2-ആം നമ്പർ തീരുമാനപ്രകാരം L1 Bidder ആയ M/s A J Mohan & Associates ന്റെ ദർഘാസ് അംഗീകരിയ്ക്കുന്ന വിഷയം ബഹു. കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.
  3. L1 Bidder ആയ M/s A J Mohan & Associates നെ Financial Consultant ആയി പരിഗണിയ്ക്കുന്നതിന് KSERC സെക്ഷനിൽ നിന്നും ശുപാർശ ലഭിച്ചിട്ടുള്ളതാണ്.

76. **വിഷയം (ഫയൽ നമ്പർ - 5446592-2025)**

തൃശ്ശൂർ കോർപ്പറേഷൻ- വിൽവട്ടം മേഖല കാര്യാലയം- കേരള പോലീസ് അക്കാദമിയുടെ അധീനതയിലുള്ള ക്രഷ് കെട്ടിടത്തിന് നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് .

**വിവരണം**

കേരള പോലീസ് അക്കാദമിയിൽ പുതിയതായി പണികഴിപ്പിച്ചിട്ടുള്ള ക്രഷ് കെട്ടിടത്തിന് 05/03/2025 തീയ്യതിയിൽ Occupancy Certificate ലഭ്യമായിട്ടുള്ളതും, കെട്ടിടത്തിന് 6/1175/1 നമ്പർ അനുവദിച്ചിട്ടുള്ളതും, 165.1 ച. മീ തറവിസ്തീർണമുള്ള കെട്ടിടത്തിന് 2024 രണ്ടാം അർദ്ധവർഷത്തിൽ വാർഷിക വസ്തുനികുതി 2862/- രൂപ ആയി നികുതി നിശ്ചയിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിന്റെ ഉപയോഗക്രമം വിദ്യഭ്യാസ ആവശ്യം എന്നാണ് രേഖപ്പെടുത്തിട്ടുള്ളത് . ടി കെട്ടിടം ക്രഷ് എന്ന വിനിയോഗത്തിലുള്ളതായതിനാൽ നികുതി ഒഴിവ് അനുവദിക്കണമെന്നത് സംബന്ധിച്ച കേരള പോലീസ് അക്കാദമി ഡയറക്ടറുടെ

കത്ത് ലഭ്യമായിട്ടുള്ളതിന്മേൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 വയസ്സു മുതൽ 5 വയസ്സു വരെ കുട്ടികളുടെ സംരക്ഷണത്തിനായും .മാതാപിതാക്കൾ ജോലിക്കാരായവരുടെ കുട്ടികളെ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെയും സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് സ്ഥാപനം. നിലവിൽ ടി ക്രഷിൽ 13 കുട്ടികളും 2 കെയർ ടേക്കർമാരുമാണു ഉള്ളത് .ടി കെട്ടിടം ക്രഷ് കെട്ടിടമായതിനാൽ കെട്ടിടത്തിന്റെ വസ്തു നികുതി കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , 235 ( ബി) വകുപ്പ് പ്രകാരം( സർക്കാർ വകയോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും ) ഒഴിവാക്കി നൽകുന്നതിനായുള്ള ബഹു.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 13/02/2026 തീയ്യതിയിലെ 75-ാം നമ്പർ തീരുമാന പ്രകാരമുള്ള ശുപാർശ ബഹു. കൌൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

77. **വിഷയം (ഫയൽ നമ്പർ - 307053-2026)**

തൃശ്ശൂർ കോർപ്പറേഷൻ -വിൽവട്ടം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം - കൃഷിഭവന്റെ പ്രവർത്തനം മാറ്റി സ്ഥാപിക്കുന്നതിന് കെട്ടിടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

വിൽവട്ടം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിന് 2023 ൽ ഭരണാനുമതി ആയിട്ടുണ്ടെങ്കിലും വില്ലേജ് ഓഫീസ്, കൃഷി ഭവൻ എന്നിവ സ്ഥിതി ചെയ്യുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റാത്തതുമൂലം കെട്ടിട നിർമ്മാണം ഇതുവരെയും ആരംഭിക്കുന്നതിനു കഴിഞ്ഞിട്ടില്ലാത്തതാണെന്നും , കെട്ടിട നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ കൃഷിഭവന്റെ പ്രവർത്തനം അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി **06.01.2026 ലെ DCTSR/3367/2023-19 നമ്പർ കത്ത് പ്രകാരം** ബഹു ജില്ലകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.
ഇതേ തുടര്ന്ന് വിൽവട്ടം സോണൽ പരിധിയിൽ ഡിവിഷൻ 10 ൽ ഉൾപ്പെട്ട ചെമ്പുക്കാവ് തെക്കു വശത്തെ പഴയ ഷോപ്പിംഗ് കോംപ്ലക്സ് ലോ, വടക്കു വശത്തെ പുതിയതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് ലോ കൃഷി ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ റൂമുകൾ ഉണ്ടോ എന്നറിയുന്നതിനായി വിൽവട്ടം അസിസ്റ്റന്റ് എഞ്ചിനീയരുടെ നിർദേശപ്രകാരം തൃശ്ശൂർ കോർപ്പറേഷൻ റവന്യൂ വിഭാഗത്തിലേക്ക് ഫയൽ സമർപ്പിച്ചിരുന്നു.
കൃഷി ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് സെക്കന്റ് ഫ്ലോറിലെ 12/177/22 , 12/177/23, 12/177/24(190sq.ft ),12/177/26 (233 sq.ft ) എന്നീ നമ്പർ മുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന വിവരം റവന്യൂ വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
മേൽ സാഹചര്യത്തിൽ വിൽവട്ടം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലത്തു പ്രവർത്തിക്കുന്ന കൃഷി ഓഫീസ് ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ബഹു കൌണ്സിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ് : വിൽവട്ടം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമാണത്തിന് സ.ഉ.(സാധാ)നം.1207/2023/RD തീയതി 17.03.2023 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.

78. **വിഷയം (ഫയൽ നമ്പർ - 5725893-2025)**

തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 18 നമ്പർ കടമുറിയുടെ ലൈസൻസി മാറ്റം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ന്യൂ പട്ടാളം മാർക്കറ്റിലെ 18 നമ്പർ കടമുറിയുടെ ലൈസൻസിയായ ശ്രീമതി.തങ്കമണി ശാരീരിക അസ്വാസ്ഥ്യം മൂലം കച്ചവടം തുടർന്ന് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ലൈസൻസ് മകളായ ശ്രീമതി മഞ്ചുവിന്റെ പേരിലേക്ക് മാറ്റുന്നതിന് 05/11/2025 ൽ സമർപ്പിച്ച അപേക്ഷ ബഹു.ധനകാര്യ സ്ഥിരം സമിതിയുടെ 13/02/2026 ലെ 36 നമ്പർ തീരുമാന പ്രകാരമുള്ള ശുപാർശ ബഹു.കൗൺസിലിന്റെ അംഗീകാരത്തിനായി .

**കുറിപ്പുകൾ :**

1.കടമുറിയുടെ പ്രതിമാസ വാടക 1100/- രൂപയാണ്.വാടകകുടിശ്ശിക ഇല്ല.റെന്റ്ഡിമാൻഡ് രജിസ്റ്റർ പ്രകാരം പഴയ സ്പെയർ പാർട്സാണ് കച്ചവടം നടത്തുന്നത് .

2.സ്ഥലം പരിശോധിച്ച റവന്യു ഇൻസ്പെക്ടർ ആവശ്യമായ രേഖകൾ ഹാജരാകുന്ന മുറക്കും ,നഗരസഭാ ബൈലോ പ്രകാരവും ന്യൂ പട്ടാളം മാർക്കറ്റിലെ 18 നമ്പർ കടമുറിയുടെ ലൈസൻസ് മകളായ മഞ്ചുവിന്റെ പേരിലേക്ക് മാറ്റിനൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3.ബൈലോ ക്രമ നമ്പർ 36 പ്രകാരം ലൈസൻസ് കൈമാറ്റം അനുവദിക്കുന്ന കേസുകളിൽ വാർഷിക ലൈസൻസ് ഫീസിന്റെ 20% തുക പ്രത്യേക ചികിത്സാ സഹായഫണ്ടിൽ അടവാക്കേണ്ടതാണ് .

4.റെന്റ് ഡെപ്പോസിറ്റ് ,അഡ്വാൻസ് വാടക എന്നിവ ഈടാക്കാവുന്നതാണ് .

79. **വിഷയം (ഫയൽ നമ്പർ - 2660600-2026)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ- പൊതു വിഭാഗം - ജീവനകാര്യം- സീനിയർ ക്ളാർക്ക് മധു.കെ.എസ് എന്നവർക്ക് റെഗുലർ തസ്തികയിൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയതിന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

ഈ കാര്യാലയത്തിൽ സീനിയർ ക്ളാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ. മധു.കെ.എസ് എന്നവർ 17-03-2026 തിയ്യതിയിൽ റെഗുലർ തസ്തികയിൽ 15 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുള്ളതാണ്. തൃശ്ശൂർ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 06-05-2026 തിയ്യതിയിലെ LSGD/JD/TSR/2412/2026-A7 നമ്പർ ഉത്തരവ് പ്രകാരം ടിയാൾക്ക് 18-03-2026 തിയ്യതി പ്രാബല്യത്തിൽ 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 2660600-2026 നമ്പർ കെ.സ്മാർട്ട് ഫയലിലെ 12-05-2026 തിയ്യതിയിലെ നടപടി ക്രമപ്രകാരം ടിയാൾക്ക് 18-03-2026 തിയ്യതി പ്രാബല്യത്തിൽ ശമ്പളം പുനർനിർണ്ണയിച്ച് നൽകിയിട്ടുള്ളതാണ്. 10-02-2021 തിയതിയിലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവ്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ മേൽ നമ്പർ ഉത്തരവ് എന്നിവ പ്രകാരം സീനിയർ ക്ളാർക്ക് ശ്രീ.മധു.കെ.എസ് എന്നവർക്ക്

18-03-2026 തിയ്യതി പ്രാബല്യത്തിൽ റെഗുലർ തസ്തികയിൽ 15 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുള്ളതിന്റെ ഹയർ ഗ്രേഡ് അനുവദിച്ചതിന്റെ ഭാഗമായുള്ള ശമ്പള കുടിശ്ശിക 4772/- രൂപ അനുവദിക്കുന്ന കൌൺസിൽ കൌൺസിൽ തീരുമാനത്തിനായി സമർപ്പിക്കുന്നു.

പ്രസ്തുത ഗ്രേഡ് അനുവദിക്കുന്നതിന്റെ ഭാഗമായി ടിയാൾക്ക് ഇതോടൊപ്പം ചേർത്തിരിക്കുന്ന ഡ്യൂ - ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 4772 രൂപ കുടിശ്ശിക അനുവദിക്കാവുന്നതാണ്.

| MONTH & YEAR | BASIC DUE | DA | HRA | TOTAL DUE | BASIC DRAWN | DA | HRA | TOTAL DRAWN | BALANCE |
|---|---|---|---|---|---|---|---|---|---|
| MAR 26 DA 35% | 47729 | 16705 | 4773 | 66900 DS 2307 | 46700 | 16345 | 4670 | 65463 DS 2252 | 1437 |
| APR 26 DA 35% | 49000 | 17150 | 4900 | 71050 | 46700 | 16345 | 4670 | 67715 | 3335 |
| TOTAL | | | | | | | | | 4772 |

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

80. **വിഷയം (ഫയൽ നമ്പർ - 2541025-2025)**

തൃശൂർ കോർപറേഷൻ - ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നത് സംബന്ധിച്ച വിഷയം ബഹു കൌൺസിൽ തീരുമാനത്തിനായി

**വിവരണം**

തൃശൂർ കോർപറേഷൻ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നത് സംബന്ധിച്ച വിഷയം ബഹു കൌൺസിൽ പരിഗണനയ്ക്കായി

**കുറിപ്പ്**

1. തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ നിന്നും 2009 ഒക്ടോബർ മാസം വരെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക്അടച്ചു വന്നിരുന്നതാണ്.എന്നാൽ സർക്കാരിൽ നിന്ന് നഗരസഭയ്ക്ക് ലഭിക്കേണ്ടതായ പെൻഷൻ അലോട്ട്മെന്റ് 2007- 2008 മുതൽ ലഭിക്കാത്ത സാഹചര്യത്തിൽ പെൻഷൻ വിതരണം മുടങ്ങും എന്ന സ്ഥിതി സംജാതമായപ്പോൾ 2009 നവംബർ

മാസം മുതൽ അടക്കേണ്ടതായ പെൻഷൻ കോൺട്രിബ്യൂഷൻ തുക നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടക്കാതെ ഈ സംഖ്യ കൂടി ചേർത്ത് പെൻഷൻ വിതരണം നടത്തുകയാണ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ വിവരം ബഹു. നഗരകാര്യ ഡയറക്ടറെ നിരവധിതവണ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

2. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിൽ റെഗുലർ പെൻഷൻ , ഫാമിലി പെൻഷൻ , TUDA വിഭാഗങ്ങളായി നിലവിൽ 292 പെൻഷൻ വാങ്ങുന്നവർ ഉണ്ട്. അവർക്ക് ഒരു മാസം പെൻഷൻ ഇനത്തിൽ തന്നെ ഏകദേശം 85 ലക്ഷം രൂപ ചെലവ് വരുന്നു. കൂടാതെ മറ്റു പെൻഷൻ ആനുകൂല്യങ്ങൾ ഇനത്തിൽ ഓരോ മാസവും 50 ലക്ഷം രൂപ വരെയാണ് ചെലവ് വരുന്നത്. ഈ സാഹചര്യത്തിൽ ഒരു മാസം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ട തുക 15 ലക്ഷം രൂപ മാത്രമാണ്. വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകിയ വകയിൽ 2026 ഫെബ്രുവരി മാസം വരെ 70 കോടിയോളം രൂപ ലഭിക്കാനുണ്ട് . ഈ സാഹചര്യത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുകയോട് കൂടി തനത് ഫണ്ടിൽ നിന്നും,ജനറൽ പർപ്പസ് ഗ്രാന്റ് നിന്നും മറ്റും തുക കണ്ടെത്തിയാണ് പെൻഷൻ നൽകി വരുന്നത്

3. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷമുള്ള പൊതുസ്ഥലമാറ്റത്തിൽ തൃശൂർ കോർപ്പറേഷനിൽ മറ്റു പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച നിരവധി പഞ്ചായത്ത് ജീവനക്കാർ ഉണ്ട്. ആയതിനാൽ തന്നെ പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം എല്ലാ മാസവും അടവാക്കേണ്ടതായിട്ടുണ്ട് എന്നാൽ സർക്കാരിൽ നിന്നും പെൻഷൻ ഇനത്തിൽ വലിയ ഒരു സംഖ്യ തൃശൂർ കോർപ്പറേഷനിൽ നൽകാൻ ഉള്ളതിനാൽ ടി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകയും അടവാക്കുന്നില്ല. .

4. തൃശ്ശൂർ കോർപ്പറേഷനിലെ റെഗുലർ പെൻഷനെഴ്യ്സിനു പെൻഷനും, മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് തുക അനുവദിക്കുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ മേയർ 07.07.2023 തീയതിയിൽ ബഹു . കേരള ഹൈകോടതിയിൽ WP(c) No.20671/2016 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.എന്നാൽ തുക അനുവദിക്കാത്തതുമായി ബന്ധപ്പെട്ട ഇക്കാര്യങ്ങൾ ബഹു. ചീഫ് സെക്രട്ടറി മുമ്പാകെ രേഖാമൂലം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ച പശ്ചാത്തലത്തിൽ, നിരവധി നിവേദനങ്ങളും നൽകിയതിന്റെ ഫലമായി ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 14.05.2025 നു ബഹു. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു യോഗം നടത്തിയിട്ടുള്ളതും ആയതിൽ മുൻസിപ്പൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക 2020 മുതൽ 2025 മെയ് മാസം വരെയുള്ള തുക തിട്ടപ്പെടുത്തുകയും ,പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക പെൻഷൻ ഫണ്ടിലേക്ക്അടവാക്കുന്നതിനും നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും ബഹു സർക്കാരിൽ നിന്നും കിട്ടാനുള്ള തുക ലഭിക്കാത്തതിനാൽ പെൻഷൻ വിഹിതം ഇതുവരെ അടവാക്കിയിട്ടില്ല .

5. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന് ശേഷം നിരവധി ജീവനക്കാർ പെൻഷനും ആനൂകൂല്യങ്ങൾക്കുമായി തൃശൂർ കോർപറേഷനെ തെരെഞ്ഞെടുക്കുന്നതിനാലും പെൻഷൻ വിഹിതം ബഹു സർക്കാരിൽ നിന്നും ലഭിക്കാത്തതിനാലും പെൻഷൻ നൽകുന്നത് കോർപറേഷന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രീമതി .രേഖ കെ .ഡി (Rid- സൂപ്രണ്ട് ) എന്നവർക്ക് പെൻഷനും , പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 29.07.2025 തീയതി നടന്ന സാധാരണ

യോഗത്തിലെ 6/1 നമ്പർ തീരുമാനപ്രകാരം ബഹു കൗൺസിൽ വിലയിരുത്തിയിട്ടുള്ളതാണ് . 2020 മുതൽ ഉള്ള പെൻഷൻ കോണ്ട്രിബ്യൂഷൻ ,പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയാൽ അതിനു ആനുപാതികമായി കോർപറേഷന് ലഭിക്കാനുള്ള വിഹിതം അനുവദിച്ചു നൽകുന്നതാണെന്നും ശ്രീമതി .രേഖ കെ .ഡിഎന്നവരുടെ വിഷയവുമായി ബന്ധപെട്ടു പ്രിൻസിപ്പൽ ഡിറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്.

6. പെൻഷൻ ഇനത്തിൽ തൃശൂർ കോർപറേഷന് ലഭിക്കാനുള്ള തുകയുടെയും കോർപറേഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കാനുള്ള തുകയുടെയും വിശദമായ സ്റ്റേറ്റ്മെൻറ് ചേർക്കുന്നു
7. മേൽ റിപ്പോർട്ട് ബഹു. കൌൺസിൽ തീരുമാനത്തിനായി സമർപ്പിക്കുന്നു

**സെക്രട്ടറിയുടെ കുറിപ്പ്**

ഉദ്യോഗസ്ഥരുടെ പെൻഷൻ വിഹിതം നിയമാനുസൃതം കോർപറേഷൻ എല്ലാ മാസവും അടവാക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ യഥ 0സമയം സർക്കാരിൽനിന്നും കോർപ്പറേഷന് അനുവദിക്കേണ്ടതുമാണ് . കോർപ്പറേഷന് ടി ഇ നത്തിൽ ലഭിക്കുവാനുള്ള തുക എത്രയും പെട്ടന്ന് കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നതിനും പെൻഷൻ വിഹിതം സർക്കാരിലേക്ക് അടവാക്കുന്നതിനാവശ്യമായ നടപടി ക്കും യുക്തമായ തീരുമാനമെടുക്കുന്നതിന് ശുപാർശ ചെയ്യുന്നു

81. **വിഷയം (ഫയൽ നമ്പർ - 5691934-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ പറവട്ടാനി അർബൻ കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒഴിവുള്ള ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലേക്ക് താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 9 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായത് പ്രകാരം 20.05.2026 തിയതിയിൽ ഹാജരായ 2 ഉദ്യോഗാർത്ഥികളെ നേരിട്ട് ഇന്റർവ്യു നടത്തുകയും മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരു ഉദ്യോഗാർഥിയെ നിയമിക്കുന്ന വിഷയം ബഹു.കൌൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

കുറിപ്പ്

1)ടി തസ്തികയിൽ വിരമിക്കൽ മുഖേന 01.12.2020 മുതൽ ഒഴിവുള്ളതാണ്.

2)ശ്രീമതി.ഷീന ചന്ദ്രൻ, ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, ശ്രീമതി അനു മേരി സാം, മെഡിക്കൽ ഓഫീസർ, ശ്രീ.ശിവൻ.പി, ക്ലീൻ സിറ്റി മാനേജർ എന്നിവർ ഇൻറർവ്യു ബോർഡ് അംഗങ്ങളായിരുന്നു.

3)ശ്രീമതി.ഉമാദേവി.യു.യു(റാങ്ക് 1), ശ്രീമതി.അശ്വതി.കെ.യു(റാങ്ക്2) എന്നിവരാണ് ഇൻറർവ്യുവിന് ഹാജരായിട്ടുള്ളത്.

4)റാങ്ക് ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

നിയമാനുസൃത നടപടിക്കായി ശുപാർശ ചെയ്യുന്നു

ശരിപകർപ്പ്
സെക്രട്ടറി

കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപ്പറേഷൻ

CORPORATION OFFICE ★ THRISSUR ★